malayalam cultural magazine

HINDUVISHWA
2014 APRIL-MAY ISSUE

http://vhp.org

# ഹിന്ദുവിശ്വ

2014 ഏപ്രിൽ-മെയ്

1189 മേടം ₹ 10.00

## വിഷുവിന്റെ നന്മ



# ഹിന്ദുവിശ്വ

malayalam cultural magazine

പുസ്തകം 29,  ലക്കം 12

1189 മേടം

2014 ഏപ്രിൽ - മെയ്



**പ്രസാധകൻ**

പി.എസ്. കാശിവിശ്വനാഥൻ

**പത്രാധിപസമിതി**

ജസ്റ്റിസ് എം. രാമചന്ദ്രൻ (റിട്ട.)

കെ.വി. മദനൻ

കുമ്മനം രാജശേഖരൻ

വി.മോഹനൻ

കെ. സുനീഷ്

(പത്രാധിപർ)

ഫോൺ: 0484 - 4046322

**ഉപദേശകസമിതി**

മാടമ്പ് കുഞ്ഞുകുട്ടൻ

പി. നാരായണക്കുറുപ്പ്

എസ്. രമേശൻനായർ

കെ.പി. ശശികല ടീച്ചർ

കവർ & ലേഔട്ട്

രാജേഷ് ചാലോട്





കവർ മോഡൽ

ആയുഷ് രാജേഷ്


**കാര്യാലയം**

ഹിന്ദുവിശ്വ

ഹിന്ദുസാംസ്കാരികകേന്ദ്രം

കലൂർ, കൊച്ചി-682 017

കേരളം

ഫോൺ : 0484-2539322

ഫാക്സ് : 0484-2539322

hinduvishwa.malayalam@gmail.com









05 വിഷുവിന്റെ നന്മ
രാജ്മോഹൻ കൂവളശ്ശേരി

09 ധർമ്മജാഗരണ
ത്തിന്റെ സമയം
സനാതനസന്ദേശം

14 വിഷുക്കണി കാണേണം
വി. പ്രകാശൻ മാസ്റ്റർ

17 അനുസ്മരണം
സ്വാമി രംഗനാഥാനന്ദജി മഹാരാജ്
സി. വാസുദേവൻ ഐ.എ.എസ് (റിട്ട.)

22 ഒരു വിഷുകൂടി.....
ധന്യാ സന്തോഷ്

24 വേട്ടയ്ക്കൊരുമകൻ
പ്രമോദ്, പുനലൂർ

24 പക
പ്രമോദ് മാങ്കാവ്

25 സ്വാമി ചിന്മയാനന്ദ -
നവോത്ഥാനനായകൻ
സ്വാമി പ്രശാന്താനന്ദ സരസ്വതി

27 ഹിന്ദുസംസ്കാരത്തെ
പ്രചരിപ്പിക്കുക

30 കരയിലേക്ക് ഒരു കടൽദൂരം
വിനോദ് മങ്കര

34 വിദ്യാദാതാവായ ശാസ്താവ്
കരാട്ട് പ്രഭാകരൻ

38 ഹൈന്ദവമുന്നേറ്റത്തിന്റെ
കരുത്തറിയിച്ച്
ധർമ്മരക്ഷാസംഗമം
മുരളി പാറപ്പുറം







41 ചരിത്രത്തിലേക്കുള്ള വഴി
സുനീഷ് കെ.

42 **ജ്യോതിഷം**
നീലമന കൃഷ്ണൻ നമ്പൂതിരി

**എഡിറ്റോറിയൽ**

# ധർമ്മരക്ഷാകാഹളം

ധർമ്മോ രക്ഷതി രക്ഷിത: എന്നാണ് നമ്മുടെ ആപ്തവാക്യം. ധർമ്മത്തെ രക്ഷിക്കുന്നവരെ ധർമ്മവും രക്ഷിക്കുന്നു. ധർമ്മത്തെ രക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യവും അതിലുപരി ആവശ്യവുമാണ്. കാരണം ധർമ്മമാണ് ഈ പ്രകൃതിയെ നിലനിർത്തുന്നത്. ഇതാണ് നമ്മുടെ സങ്കല്പവും ജീവിതരീതിയും. അതിനാൽ ധർമ്മസംരക്ഷണാർത്ഥം നിലകൊള്ളുന്നവയാണ് നമ്മുടെ പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും. ഭാരതത്തെ തകർക്കാൻ ആഗ്രഹിക്കുന്ന വിധ്വംസകശക്തികൾക്ക് എന്നും നമ്മുടെ ധാർമ്മികപ്രസ്ഥാനങ്ങളും സംഘടനകളും മഹാത്മാക്കളും വലിയ വെല്ലുവിളിയായിരുന്നിട്ടുണ്ട്. ചില പ്രത്യേകസമയങ്ങളിലും സന്ദർഭങ്ങളിലും ചില പ്രത്യേക കേന്ദ്രങ്ങളിൽ നിന്നും നമ്മുടെ ധാർമ്മികപ്രസ്ഥാനങ്ങൾക്കു നേരെ വ്യാപകമായി ഉയർന്നുവരുന്ന കുപ്രചാരണങ്ങളുടെയും വിവാദങ്ങളുടെയുമെല്ലാം പിന്നിൽ ഇത്തരം ധാർമ്മിക പ്രസ്ഥാനങ്ങളെ തകർക്കുകയെന്ന സ്ഥാപിതതാല്പര്യങ്ങളുണ്ട്.

അടുത്തിടെയുണ്ടായ ചില കുപ്രചാരണങ്ങളെയും ഈ പശ്ചാത്തലത്തിൽ വേണം കാണാൻ. ഹിന്ദുസന്യാസിമാരും പ്രസ്ഥാനങ്ങളുമെല്ലാം അവിഹിതമായ കാര്യങ്ങളുടെ കൂത്തരങ്ങാണെന്ന് പ്രചരിപ്പിക്കാനുള്ള സംഘടിതശ്രമങ്ങൾ എന്നും ഇവിടെയുണ്ടായിട്ടുണ്ട്. ഒറ്റപ്പെട്ട ചില സംഭവങ്ങളുടെ പേരിൽ ഹിന്ദുസമൂഹത്തിലെ ശ്രേഷ്ഠരായ ആചാര്യന്മാരെയും സന്യാസിമാരെയും പോലും കളങ്കിതരായി ചിത്രീകരിക്കാനും, അവരുടെ സദ്കർമ്മങ്ങളെയും അവർ നടത്തിവരുന്ന സേവാപ്രവർത്തനങ്ങളെയും അട്ടിമറിക്കാനും ഈ 'രാഷ്ട്രീയ' നീക്കങ്ങളെ അർഹിക്കുന്ന പ്രാധാന്യത്തോടെ തിരിച്ചറിയണം. കാഞ്ചി ശങ്കരാചാര്യർ രാഷ്ട്രീയ ഗൂഢാലോചനയുടെ പേരിൽ അറസ്റ്റിലായപ്പോഴും, പല രാഷ്ട്രീയനേതാക്കളുടെയും ബിനാമിയെന്ന് ആരോപിക്കപ്പെട്ടിരുന്ന സന്തോഷ് മാധവനെന്ന തട്ടിപ്പുകാരൻ പോലീസ് പിടിയിലായപ്പോഴും, ആരോപണങ്ങളും അവഹേളനങ്ങളും പീഡനങ്ങളും ഏൽക്കേണ്ടിവന്നത് ഇവിടത്തെ സാധുക്കളായ സന്യാസിമാർക്കും ആചാര്യന്മാർക്കും സംഘടനകൾക്കുമായിരുന്നു. എന്നാൽ, അനവധി കൊലപാതകങ്ങളുടെയും ഹീനമായ പീഡനങ്ങളുടെയും സാധുവായ തെളിവിന്റെ പേരിൽ ഒരു കൃസ്ത്യൻ മതസ്ഥാപനം പ്രതിക്കൂട്ടിലാവുകയും പിന്നീട് സാങ്കേതികത്വത്തിന്റെ പേരിൽ മാത്രം കേസിൽ നിന്നും സൂത്രത്തിൽ ഊരിപ്പോരുകയും ചെയ്ത സ്ഥാപനത്തിനെതിരെ എന്തുകൊണ്ട് ഈ മതേതര പുരോഗമന സംഘക്കാരും മനുഷ്യസ്നേഹികളും രംഗത്തുവന്നില്ല? അഭയാകേസും അതുപോലുള്ള എണ്ണമറ്റ കേസുകളും ചേകന്നൂർ മൗലവികേസുമെല്ലാം തൽക്കാലം ഇവിടെ എടുത്തുപറയുന്നില്ല. പ്രസ്തുത കൃസ്ത്യൻ സ്ഥാപനത്തിന് നല്ല സർട്ടിഫിക്കറ്റ് നൽകാൻ സഖാവ് പിണറായി വിജയൻ തന്നെ നേരിട്ട് വന്നത് എന്തായാലും നമ്മുടെ മതേതരസമൂഹം അത്ര എളുപ്പത്തിൽ മറന്നുകാണാനിടയില്ല. ഇവിടെ എന്തുകൊണ്ട് ഹിന്ദുസമൂഹം മാത്രം എപ്പോഴും ഇരകളാക്കപ്പെടുന്നവെന്നതാണ് ചോദ്യം. സാമുദായികമായ അസംഘടിതത്വമാണ് കാരണമെന്ന് ഉത്തരം. എന്നാൽ കഴിഞ്ഞ മാർച്ച് 23ന് കൊച്ചിയിൽ നടന്ന ധർമ്മരക്ഷാസംഗമം ഇതിന് മറ്റൊരു മറുപടിയായിരുന്നു. സാമുദായികക്കരുത്തിന്റെ മാറ്റൊലിയായിരുന്നു കൊച്ചിയിൽ കണ്ടത്. എല്ലാ വിഭാഗം ജനങ്ങളും പങ്കെടുത്ത ഈ രക്ഷാസംഗമം സന്യാസിമാരും സാമുദായികനേതാക്കളും ഉൾച്ചേർന്ന പുതിയൊരു സംഘടിതമാനം ഹിന്ദുസമൂഹത്തിന് നൽകുമെന്ന് പ്രതീക്ഷിക്കാം.

***

പരിപാവനമായ ഗുരുവായൂർ ക്ഷേത്രസന്നിധിയിൽ വച്ച് ഉത്സവദിവസം ക്ഷേത്രവുമായി ബന്ധപ്പെട്ട രണ്ട് അധികാരികൾ ഏറ്റുമുട്ടിയ സംഭവം ഭക്തജനങ്ങളെ അങ്ങേയറ്റം വേദനിപ്പിക്കുന്നതായിരുന്നു. നമ്മുടെ ക്ഷേത്രങ്ങളെ രാഷ്ട്രീയവല്ക്കരിച്ചതിന്റെ ദൂഷ്യഫലങ്ങളിലൊന്നാണ് നാമിവിടെ കണ്ടത്. ഇതിൽ ഉൾപ്പെട്ട ദേവസ്വം പ്രതിനിധി നിരവധി കേസുകളിൽ ഉൾപ്പെട്ടിട്ടും യാതൊരു നടപടിയും ഇയാൾക്കുനേരെ സർക്കാരോ ദേവസ്വമോ കൈക്കൊണ്ടതായി അറിവില്ല. ഇതേതുടർന്ന് ക്ഷേത്രഭരണം പാരമ്പര്യട്രസ്റ്റികൾക്കുതന്നെ കൈമാറണമെന്ന് ചില കേന്ദ്രങ്ങളിൽ നിന്നും ആവശ്യവും ഉയർന്നുകണ്ടു. ക്ഷേത്രത്തിൽ കാണിക്കയിടുന്ന ഭക്തജനങ്ങൾക്ക് ഉയർന്ന പരിഗണന നൽകുന്ന ഭരണവ്യവസ്ഥയാണ് ആവശ്യം. അപ്പോൾ ഭക്തജനങ്ങളുടെ പ്രതിനിധികളായിരിക്കണ്ടേ യഥാർത്ഥത്തിൽ ക്ഷേത്രഭരണം നടത്തേണ്ടത് എന്ന ചോദ്യത്തിന് വളരെ പ്രസക്തിയുണ്ട്.

രാജ്മോഹൻ കൂവളശ്ശേരി

# വിഷുവിന്റെ നന്മ



**കാർഷികകേരളത്തിന്റെ നാട്ടുത്സവമാണ് വിഷു. മനംമയക്കുന്ന സ്വർണ്ണ നിറവുമായി വിഷു വീണ്ടുമെത്തുന്നു. മേടമാസകന്യകയെ സൂര്യൻ താലികെട്ടുന്ന മംഗല്യപ്പുലരി. പണ്ട് മലയാളത്തിന്റെ ആണ്ടു പിറപ്പായി ആഘോഷി ച്ചിരുന്ന മേടവിഷു വീണ്ടും വന്നണയു മ്പോൾ ഈ ആഘോ ഷത്തെ സംബന്ധിച്ച പുരാണങ്ങളും ഐതി ഹ്യങ്ങളും കേട്ടുതഴ മ്പിച്ച കാതുകളിൽ ഇന്ന് വീഴുന്നത് ഊഷര തയുടെ ശബ്ദകോലാ ഹലങ്ങൾ.**

ഉണ്ണീ.... എഴുന്നേൽക്കൂ... കണികാണാം.

അമ്മയുടെ വിളികേട്ടു. നേരം പുലരാറായി ട്ടേയുള്ളൂ. എങ്കിലും ഉണ്ണി ഉണർന്നു. തലേ ന്നാൾ ഒരുക്കിവെച്ച കണി ഓർമ്മയിലെത്തി.

കണ്ണുതിരുമ്മാൻ തുടങ്ങിയപ്പോൾ അമ്മ അടുത്തെത്തി കൈകൊണ്ട് കണ്ണുപൊത്തി. "വഴിയിലെങ്ങും കണ്ണു തുറക്കരുത്."

അമ്മ നയിച്ച വഴിയേ നടന്നു. "ഒരുവർഷ ത്തേക്കുള്ള കണിയാ. അതു കാണുന്നതുവരെ മറ്റൊന്നും കണ്ണിൽപ്പെടരുത്".

പൂജാമുറിയുടെ മുന്നിലെത്തി അമ്മ ഉണ്ണി യുടെ മുഖത്തുനിന്ന് കൈയെടുത്തു.

'തൊഴുതോളൂ....'

ഉണ്ണിക്കണ്ണന്റെ ചേതോഹരരൂപം. അരികിൽ ഭദ്രരൂപം. ഓട്ടുരുളിയിൽ കണിക്കാഴ്ചകൾ. അരി, നാളികേരം, വെറ്റില, കണിവെള്ളരിക്ക, കൊന്നപ്പൂവ്, മാങ്ങ, ചക്ക.... പിന്നെയുമുണ്ട്...

വാൽക്കണ്ണാടി, കുങ്കുമച്ചെപ്പ്, വെള്ളിരൂപ, അലക്കുപുടവ, സ്വർണ്ണാഭരണം, ഗ്രന്ഥക്കെട്ട്. എല്ലാം കൺനിറയെ കണ്ടുതൊഴുതു. അമം ഗളങ്ങളെല്ലാം അകന്നുപോകാൻ അമ്മയും പ്രാർത്ഥനയോടെ കൈകൂപ്പി. ഉണ്ണിക്കുട്ടൻ മെല്ലെ പൂമുഖത്തേക്കു വന്നു. അപ്പൂപ്പൻ അവ നൊരു വെള്ളിരൂപ കൈയിൽ വെച്ചുകൊടു ത്തു. പിന്നെ അച്ഛനും കൈനീട്ടം നൽകി. അച്ഛനും അമ്മയ്ക്കും ചേച്ചിക്കും ഒക്കെ അപ്പൂപ്പൻ കൈനീട്ടം കൊടുക്കുന്നതു കണ്ടു. ഒരാണ്ടത്തെ കൈനേട്ടമാണിത്. വിഷുപ്പുലരി യിൽ കാരണവന്മാരിൽനിന്നു കിട്ടുന്ന കൈനീട്ടം. കിട്ടിയ പൈസയൊക്കെ എണ്ണി നോക്കി അടുത്ത പെട്ടിക്കടയിലേക്കു മധുരം നുണയാൻ ചേച്ചിക്കും അടുത്തവീട്ടിലെ ചേട്ട നുമൊപ്പം ഓടാൻ ഉണ്ണിക്കുട്ടനു തിടുക്കമായി.

"കണികാണുംനേരം... കമലനേത്രന്റെ നിറ മേറും മഞ്ഞത്തുകിൽ ചാർത്തി..." റേഡിയോ യിൽനിന്ന് ആ ഗാനം ഒഴുകിയെത്തി. ഒപ്പം





ഭൂമിയുടെ ഉർവ്വരതയും വാഴ്ത്തിപ്പാടുന്ന ചടങ്ങുകൾ ഇന്നും ഗ്രാമീണകേരളം ആചരിക്കുന്നുണ്ടാവാം.

വിഷു എന്നാൽ രാവും പകലും തുല്യദൈർഘ്യമെന്നാണ് അർത്ഥമാക്കുന്നത്. സൂര്യൻ ഭൂമദ്ധ്യരേഖ കടക്കുമ്പോൾ ദിനരാത്രങ്ങളുടെ ദൈർഘ്യം തുല്യമാവുന്ന വിഷു സമരാത്രിദിനം (Equinox) ആണ്. അതുകൊണ്ടുതന്നെ വിഷുവിന് തുല്യം എന്നർത്ഥവും വന്നു. സൂര്യൻ മീനംരാശിയിൽനിന്ന് മേടം രാശിയിലേക്ക് പ്രവേശിക്കുന്നത് വിഷുവിന്റെ തലേദിവസമാണ്. വിഷുവിനു തൊട്ടുമുമ്പുള്ള ഈ ദിവസത്തെ വിഷുസംക്രമണദിവസമെന്നോ വിഷുസംക്രാന്തിയെന്നോ പറയുന്നു.

വിഷുവത്സമഃ രാത്രി വാസര എന്നാണ്.

ഉത്തരായനത്തിൽ മേടം ഒന്നും ദക്ഷിണായനത്തിൽ തുലാം ഒന്നുമാണ് വിഷു. മലയാളികൾ മേടം ഒന്നാണ് കൊണ്ടാടുന്നത്. നമ്മുടെ കൊല്ലവർഷം ആരംഭിക്കുന്നത് ചിങ്ങത്തിലാണെങ്കിലും ജ്യോതിശാസ്ത്രമനുസരിച്ച് മേടസംക്രമവേളയെയാണ് ആണ്ടുപിറപ്പായി കണക്കാക്കുന്നത്. അങ്ങനെ മേടം ഒന്ന് ഒരു വർഷാരംഭദിനം കൂടിയാകുന്നു. കേരളത്തിനിത് വിളവെടുപ്പുത്സവമാണ്. അദ്ധ്വാനത്തിന്റെ മഹത്വം അതിന്റെ പരിസമാപ്തിയിലെത്തുന്ന കാലമായിരുന്നു വിഷുക്കാലം.

*കാളയിൽ, കലപ്പയിൽ*
*ജീവിതം സമർപ്പിക്കു-*
*മാളുകൾക്കധിവാസ*
*ദേശങ്ങളിവിടങ്ങൾ*

(പാലാ നാരായണൻനായർ)

എന്നിങ്ങനെയാണ് കേരളത്തിന്റെ കാർഷികമഹത്വം കീർത്തിക്കപ്പെട്ടിരുന്നത്. എന്തെല്ലാം അല്ലലുണ്ടെങ്കിലും ഐശ്വര്യത്തിന്റെ പ്രതീകമായ കണിക്കൊന്നയെക്കണ്ട് അതെല്ലാം മറക്കാൻ

അടുക്കളയിൽനിന്ന് വിഷുക്കഞ്ഞിയുടെ കൊതിപ്പിക്കുന്ന മണവും.

* * * *

കുട്ടിക്കാലം നൽകിയ ഇത്തരം ഹൃദയഹാരിതകങ്ങളിലാണ് ഇന്നും ആഘോഷങ്ങൾ പൊലിക്കുന്നത്.

കാർഷികകേരളത്തിന്റെ നാട്ടുത്സവമാണ് വിഷു. മനംമയക്കുന്ന സ്വർണ്ണനിറവുമായി വിഷു വീണ്ടുമെത്തുന്നു. മേടമാസകന്യകയെ സൂര്യൻ താലികെട്ടുന്ന മംഗല്യപ്പുലരി. പണ്ട് മലയാളത്തിന്റെ ആണ്ടുപിറപ്പായി ആഘോഷിച്ചിരുന്ന മേടവിഷു വീണ്ടും വന്നണയുമ്പോൾ ഈ ആഘോഷത്തെ സംബന്ധിച്ച പുരാണങ്ങളും ഐതിഹ്യങ്ങളും കേട്ടുതഴമ്പിച്ച കാതുകളിൽ ഇന്ന് വീഴുന്നത് ഊഷരതയുടെ ശബ്ദകോലാഹലങ്ങൾ. എങ്കിലും സൂര്യന്റെ പ്രഭാവവും



ശ്രമിക്കുന്ന ഒരു ഗ്രാമീണസമൂഹത്തിന്റെ പക്ഷത്തുനിന്നുകൊണ്ട് വൈലോപ്പിള്ളി ഇങ്ങനെ പാടുന്നു:

*നൂറുപരാതിയെനിക്കുണ്ടാകാം*
*പോരുമതെന്റെ കണിക്കൊന്നേ,വഴി-*
*യോരമിതിങ്കൽ ചാമീകരമണി*
*ഹാരശതങ്ങളണിഞ്ഞു,നിനയ്ക്കാ-*
*തത്ഭുതസംഭവമായ് നീ നില്ക്കേ-*
*യപ്പുകൾ കണ്ടു മറപ്പേനെല്ലാം.*

വയലേലകളും കൊയ്ത്തുപാട്ടും കതിർക്കറ്റകളും നഷ്ടമായതിന്റെ ഗദ്ഗദമുണ്ട് വിഷുപ്പാട്ടിൽ.

*വിത്തും കൈക്കോട്ടും*
*കള്ളൻ ചക്കേട്ടു*
*കണ്ടാൽ മിണ്ടണ്ട....*

വിദൂരത്തിൽ നിന്നും വിഷുക്കാലത്ത് നമ്മുടെ കാതുകളെ പുളകം കൊള്ളിച്ചിരുന്ന ആ സാർത്ഥകഗാനം ഇന്ന് അവ്യക്തമായൊരു സ്വരസ്ഥാനത്തിലെത്തി നില്ക്കുന്നു.

*ദൂരെ വിഷുപ്പക്ഷി മുഴക്കി*
*വേദന വഴിയും ഗാനം*
*വീടില്ലാത്തൊരു കൂടില്ലാത്തൊരു*
*കൂട്ടില്ലാത്തൊരു പക്ഷി.*

(പി. കുഞ്ഞിരാമൻനായർ)

മീനം, മേടം മാസങ്ങളിലെ അത്യുഷ്ണത്തിന് ആശ്വാസമായി മലയാളക്കരയിൽ വേനൽമഴയെത്തുന്നത് വിഷുവിനെത്തുടർന്നാണ്. മേടപ്പത്തിന് നമ്മുടെ കാർഷികമേഖലയിലുള്ള സ്ഥാനം വലുതാണല്ലോ. മകരക്കൊയ്ത്ത് കഴിഞ്ഞ് ഉണങ്ങി വരണ്ടുകിടക്കുന്ന കൃഷിയിടങ്ങളിൽ പുതുതായി കൃഷിയിറക്കാൻ പാകത്തിലാണ് വേനൽമഴയെത്തുന്നത്. ഇടവമാസം പകുതിയാവുമ്പോഴേക്കും പെരുമഴയുടെ തിരുവാതിര ഞാറ്റുവേല ആരംഭിക്കുകയായി. ഇവയെല്ലാം ഒത്തുചേരുന്ന ഉത്സവം വിഷുക്കണിയും, വിഷുക്കൈനീട്ടവും വിഷുക്കളിയുമായി മലയാളികൾ ആഘോഷിച്ചുവന്നത് ആധുനികകാലത്ത് വെറും മാധ്യമചി



ത്രങ്ങളായി മാത്രമേ പുതിയ തലമുറയ്ക്ക് കാണാൻ കഴിയുകയുള്ളൂ. എങ്കിലും മുതിർന്ന തലമുറയ്ക്കു മനസ്സിനുള്ളിൽ നിറവിന്റെ വർണ്ണചിത്രങ്ങൾ തന്നെയാണ്.

*വാടാതെയുണ്ടെന്നുള്ളിൽ*
*പണ്ടുകാലത്തിൻ നീണ്ട*
*ചൂടാണ്ടമാസങ്ങളിൽ*
*പൂവിട്ടൊരുല്ലാസങ്ങൾ*
*കൂട്ടുകാരോടും കൂടി*
*പാഞ്ഞെത്തിപ്പെറുക്കുന്ന*
*നാട്ടുമാമ്പഴങ്ങൾ തൻ*
*ഭിന്നഭിന്നമാം സ്വാദും*
*വയലിൻ കച്ചിപ്പൂകമണവും*
*സ്വർഗത്തിലേ-*
*യ്ക്കുയരും വെൺമുത്തപ്പത്താടിതൻ*
*ചാഞ്ചാട്ടവും*
*കശുവണ്ടിതൻ കൊച്ചു*
*കോമാളിച്ചിരിയും കൺ-*



*മഷിചിന്നിയ കുന്നിമണിതൻ*
*മന്ദാക്ഷവും*
*കടലിൻ മാറത്തുനിന്നുയരും*
*കാറ്റിൽ തെങ്ങിൻ-*
*മടലിൽ പച്ചോലകൾ*
*കല്ലോലമിളകുമ്പോൾ....*
*എന്റെയീമലനാട്ടിലുത്സവക്കൊടിക്കീഴിൽ*
*ചെണ്ടക്കൊട്ടിക്കും നിന്റെ*
*ചാതുര്യമെന്തോതേണ്ടൂ*
*മഴയപ്പൂകഴ്ത്തട്ടേ മണ്ഡൂകം, മാവിൻചുന*
*മണക്കും മേടത്തിന്റെ മടിയിൽ പിറന്ന ഞാൻ*
*സ്വർഗവാതിൽപ്പക്ഷിയോടൊപ്പമേ*
*വാഴ്ത്തിപ്പാടു-*
*മുദ്ഗളം,മലനാടു വേനലിന്നപദാനം!*

ഈ പോയകാല വൈഭവസ്മരണകൾ അയവിറക്കി മഹാകവി വൈലോപ്പിള്ളിയോടൊപ്പം ആനന്ദിയ്ക്കാം നമുക്ക്. പ്രകൃതിനിയമങ്ങൾക്കുപകരം നാം



*പി. കുഞ്ഞിരാമൻ നായർ*

കുത്തകകളുടെ നിയമം അനുസരിക്കാൻ തുടങ്ങുമ്പോൾ അന്തകവിത്തുകൾ വിതയുടെ താളംതെറ്റിക്കുകയാണിന്ന്. കൃഷിയുടെയും കൃഷിക്കാരന്റെയും മരണം മനുഷ്യവർഗത്തിന്റെ തന്നെ മരണമായി ത്തീരുമെന്നറിയുക.

അടിമുടി പൂത്തുലഞ്ഞുനിൽക്കുന്ന കൊന്നമരം കണ്ടിട്ടില്ലേ? സർവാഭരണ വിഭൂഷിതയായ നവോഢയെപ്പോലെ. വിഷുവിന്റെ മലയാളച്ചന്തമാണ് സ്വർണ്ണത്താലി ചാർത്തിയ പൂക്കൊന്നകൾ. എന്നാൽ നാട്ടിൻപുറങ്ങളിൽ നിന്നുപോലും കൊന്നമരങ്ങളെ വേരോടെ ചവിട്ടിമാറ്റുകയാണിപ്പോൾ. എന്തായാലും കർമ്മസാക്ഷിയാം സൂര്യന്റെ കൈകൾ തഴുകി മനോഹരിയാക്കിയ കൊന്നപ്പൂവ് ഇല്ലാതെ എന്തു വിഷു? ഇന്ന് പൂവിനും വിഷുച്ചന്ത തന്നെ ആശ്രയം.

പഴയ തലമുറയോട് ചോദിച്ചോട്ടെ, ഓർമ്മകളിലെങ്കിലും വിഷുവിന് കൊയ്ത്തുകഴിഞ്ഞ പാടത്തിന്റെ ഗന്ധമല്ലേ...? പാടത്തെ ഉദയംപൂജയുടെ ചിത്രമാണ് മനസ്സിൽ. ഭൂമിയിൽ അനുഗ്രഹവർഷം ചൊരിഞ്ഞ് വിളകൾ സമൃദ്ധമാക്കണമെന്ന് സൂര്യനോട് പ്രാർത്ഥിക്കുന്ന ചടങ്ങാണ് ഈ ആദിത്യപൂജ. കർഷകർ ദിവസങ്ങൾ നീണ്ട വ്രതാനുഷ്ഠാനങ്ങളോടെ തേങ്ങയും അരിയും ചേർത്ത അപ്പം തലയിൽ വച്ച് സൂര്യനുനേരെ നീട്ടി പാട്ടുകളോടെ പൂജാർച്ചന നടത്തുന്നു. പ്രകൃതിദേവതകളോട് ഇത്ര ഗാഢമായ ആരാധന വിഷുവിനല്ലാതെ മറ്റൊരാഘോഷത്തിനും ഉള്ളതായി അറിവില്ല. പുതിയ കലം, പുതിയ കുട്ട, പുതിയ പായ്..... അങ്ങനെ പാടത്തുപൂജയുടെ ഒരുക്കങ്ങൾക്കെല്ലാം പുതിയതേ പാടുള്ളൂ. അപ്പത്തിനുള്ള വെളിച്ചെണ്ണ പോലും പാടത്തുതന്നെ ഉണ്ടാക്കുകയാണ്. തേങ്ങാപ്പാലും അരിയും ചേർത്തുണ്ടാക്കുന്ന അപ്പത്തിന്റെ രുചി ഒന്നു



*ഒ.എൻ.വി.*

വേറെ തന്നെയാണ്.

പുരാണങ്ങളിലും ചരിത്രത്തിലുമൊക്കെ വിഷുവിനെക്കുറിച്ചുള്ള പല സൂചനകളും കാണാം. വില്യം ലോഗന്റെ മലബാർമാന്വലിൽ വിഷുവിനെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്.

കുലശേഖരചക്രവർത്തിയായ ഭാസ്കരരവിവർമ്മയുടേതായി തൃക്കൊടിത്താനത്തു നിന്നു ലഭിച്ച അപൂർണ്ണ രേഖകളിൽ ഇങ്ങനെ കാണുന്നു:

*"കോപ്പാർക്കര ഇരവിവർമ്മൻ*
*തിരുവടിക്കുചെല്ലാ നിന്റ മണ്ടെ-*
*ക്കെതിരാമാണ്ടു നാൽപത്തെട്ടും*
*ചെന്റ തുലാത്തിൽ വിയാഴൻ നിന്റ*
*ചിത്തിരവിഴുവിൻ നാൾ"*

ചിത്തിരവിഴു എന്നാൽ ചിത്തിരവിഷു. ഒരംഗീകൃത ആഘോഷമായി വിഷു മാറിയത് ഭാസ്കരരവിവർമ്മയുടെ കാലംമുതൽക്കാണെന്ന് അനുമാനിക്കാം. വിഷ്ണുപുരാണത്തിലെ രണ്ടാം അംശം എട്ടാം അധ്യായത്തിലും വിഷുവിനെക്കുറിച്ചുള്ള സൂചനകളുണ്ട്,

ഓണത്തിനെന്നപോലെ വിഷുവിനെ മുൻനിർത്തിയും ഐതിഹ്യങ്ങളും വിശ്വാസങ്ങളും പലതുണ്ട്.

ഒരുനാൾ ഇഷ്ടപ്പെടാത്ത നേരത്ത് സൂര്യപ്രകാശം തന്റെ കൊട്ടാരത്തിലേയ്ക്ക് കടന്നുചെന്നതിനുള്ള ശിക്ഷയായി രാവണൻ സൂര്യനെ കുറേക്കാലം യഥാസ്ഥാനത്ത് ഉദിയ്ക്കാൻ അനുവദിച്ചില്ലത്രേ. ശ്രീരാമൻ രാവണനെ വധിച്ചതിനു ശേഷമാണ് സൂര്യന് യഥാസ്ഥാനത്ത് ഉദിയ്ക്കാനായത്. ഈ സംഭവത്തിൽ ജനങ്ങൾക്കുള്ള ആഹ്ലാദം പ്രകടിപ്പിക്കാനാണ് വിഷു ആഘോഷിക്കുന്നതെന്ന് ഒരു ഐതിഹ്യമുണ്ട്. നരകാസുരനെ വധിച്ച ശ്രീകൃഷ്ണന്റെ അപദാനങ്ങളെ പ്രകീർത്തിയ്ക്കുന്നതിന്റെ ഓർമ്മപ്പെടുത്തലുമാകുന്നു വിഷു.

വസന്തപുഷ്പാഭരണങ്ങൾ ചാർത്തി പ്രകൃതീദേവി തന്നെ വിഷുവിന്റെ



*പാലാ നാരായണൻ നായർ*

വരവും കാത്തിരിക്കുകയാണെന്ന് തോന്നുന്നു. ഋതുമതിയായ പെൺകുട്ടിയുടെ ലാസ്യലാവണ്യമല്ലേ ചൈത്രമാസത്തിലെ പ്രകൃതിയ്ക്ക്. പഞ്ഞവും പരാധീനതയും മറന്ന് ആഘോഷങ്ങൾ പൊടിപൊടിയ്ക്കാൻ മലയാളി പണ്ടേ ഉത്സുകനാണല്ലോ. അതുകൊണ്ടുതന്നെ കൃഷിയിടങ്ങൾ അന്യംനിന്നിട്ടും കാർഷികസംസ്കൃതിയുടെ മഹോത്സവമായ വിഷു മലനാട്ടിൽ വീണ്ടും വിരുന്നിനെത്തുന്നു.

*"കനകക്കിങ്ങിണി മണികണക്കെഴും*
*കണിക്കൊന്നപ്പൂവേ നിനക്കെന്തുഭംഗി*
*മിഴികൾക്കുത്സവമരുളുവാനെത്ര*
*വഴി നടന്നു നീയിവിടെ വന്നെത്തി?"*

എന്നാണ് വിഷുവിന്റെ സൗന്ദര്യാസാരമായ കണിക്കൊന്നപ്പൂവിനോട് ഒ.എൻ.വി. ചോദിക്കുന്നത്. ഗൃഹാതുരസ്മൃതികളെ താലോലിച്ചുകൊണ്ടും പഴമയുടെ മാധുര്യം ഓർമ്മിപ്പിച്ചുകൊണ്ടും വസന്തഭംഗിയുടെ പീതാംബരത്താൽ സർവസ്വദാത്രിയായ പ്രകൃതി നമ്മെ അനുഗ്രഹിക്കുന്നു വീണ്ടും...

# ധർമ്മജാഗരണത്തിന്റെ സമയം

**സ്വാമി ചിദാനന്ദപുരി**

**നൂറ്റാണ്ടുകൾ അടിമത്തത്തിൽ കഴിഞ്ഞു നമ്മൾ. എറ്റവും ദീർഘകാലീനമായ അടിമത്തം മുസ്ലീം ഭരണകാലത്തായിരുന്നു. ആയിരക്കണെക്കിന് ക്ഷേത്രങ്ങൾ തകർത്തിട്ടും, അതുപോലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടും ഹിന്ദുധർമ്മം തീർത്തും നശിപ്പിക്കാനായില്ല. ഹിന്ദുക്കളെ പൂർണമായും മതം മാറ്റാൻ സാധിച്ചില്ല. ആ സന്ദർഭത്തിലാണ്, തീർത്തും അനൗപചാരികമായ ഭിക്ഷാടനത്തിന്റെ ഭാഗമായി ധർമ്മസന്ദേശത്തെ ഗൃഹങ്ങൾ തോറും പ്രചരിപ്പിച്ചിരുന്ന സന്യാസിമാരെ ഹിംസിക്കാൻ തീരുമാനിച്ചത്. കൂട്ടം കൂട്ടമായി സന്യാസിമാർ ഹിംസിക്കപ്പെട്ടു. ഹിംസിക്കപ്പെടുക മാത്രമല്ല, അതിഹീനമായ രൂപത്തിൽ ശരീരപീഡനങ്ങളേല്പിക്കപ്പെട്ടു.**



**യുദ്ധരംഗത്തെ സനാതനസന്ദേശം**

ഒരു മഹായുദ്ധരംഗത്തെ ഒരു വലിയ ഉപദേശവേദിയാക്കിത്തീർക്കാൻ സാധിച്ച പൈതൃകത്തിന്റെ പിന്മുറക്കാരാണ് നമ്മൾ. പ്രതിസന്ധികൾ ഏതിനെയും നേരിടാനും അത്തരം സന്ദർഭങ്ങളിൽ നിന്നും കരുത്ത് നേടിക്കൊണ്ട് ശക്തമായി മുന്നോട്ടുപോകാനും അനേകം മാർഗങ്ങൾ, അനേകം സന്ദർഭങ്ങളിൽ നമുക്ക് ആചാര്യന്മാർ കാണിച്ചുതന്നിട്ടുണ്ട്.

നൂറ്റാണ്ടുകൾ അടിമത്തത്തിൽ കഴിഞ്ഞു നമ്മൾ. എറ്റവും ദീർഘകാലീനമായ അടിമത്തം മുസ്ലീം ഭരണകാലത്തായിരുന്നു. ആയിരക്കണക്കിന് ക്ഷേത്രങ്ങൾ തകർത്തിട്ടും, അതുപോലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടും ഹിന്ദുധർമ്മം തീർത്തും നശിപ്പിക്കാനായില്ല. ഹിന്ദുക്കളെ പൂർണമായും മതം മാറ്റാൻ സാധിച്ചില്ല. ആ സന്ദർഭത്തിലാണ്, തീർത്തും അനൗപചാരികമായ ഭിക്ഷാടനത്തിന്റെ ഭാഗമായി ധർമ്മസന്ദേശത്തെ ഗൃഹങ്ങൾ തോറും പ്രചരിപ്പിച്ചിരുന്ന സന്യാസിമാരെ ഹിംസിക്കാൻ തീരുമാനിച്ചത്. കൂട്ടം കൂട്ടമായി സന്യാസിമാർ ഹിംസിക്കപ്പെട്ടു. ഹിംസിക്കപ്പെടുക മാത്രമല്ല, അതിഹീനമായ രൂപത്തിൽ ശരീരപീഡനങ്ങളേല്പിക്കപ്പെട്ടു. അത്യന്തം കലുഷിതമായ സാഹചര്യമായിരുന്നു അത്. ഒന്നു തിരിഞ്ഞു നോക്കാം. ചരിത്രം മറക്കാതിരിക്കുക. പക്ഷെ ആ സമയത്താണ് വിദ്വത് വരിഷ്ഠനായ സർവദർശനത്തിലും അഗ്രിമനായിരുന്ന മധുസൂദനസരസ്വതി സ്വാമികൾ അഖാഡകൾ പണിതത്. അഖാഡ എന്ന സങ്കല്പം അവിടെയാണ് ആരംഭിക്കുന്നത്. ഹിന്ദുസമൂഹത്തിലെ യുവജനങ്ങൾ സന്യാസിമാരുടെ സംരക്ഷണത്തിന് ഞങ്ങളുണ്ട്, ഞങ്ങളുണ്ട് എന്ന് പറഞ്ഞ് മുന്നോട്ട് വരികയും ശക്തമായ ആയുധപരിശീലനങ്ങൾ നേടുകയും ചെയ്തു. അങ്ങനെ അഖാഡകളുടെ പ്രവർത്തനം വ്യാപിക്കുകയും ചെയ്തു. അഖാഡകളുടെ പ്രവർത്തനം ശക്തമായതോടെ സന്യാസിമാരെ ഹിംസിക്കുന്ന നടപടി ഇല്ലാ



തായി. ഇതൊരു വലിയ പാഠമാണ്. ഇത് ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. നമുക്കറിയാം, ദിവ്യഭൂതികളായ ഒട്ടനേകം മഹാത്മാക്കളുടെ പ്രവർത്തനഫലമായി എല്ലാ പ്രകാരത്തിലുമുള്ള അടിമത്തത്തെ തൂത്തെറിഞ്ഞ് ഉണരാൻ, നമ്മുടെ സമാജം മുന്നോട്ടു കുതിക്കുകയാണ്. ഈ പറയുന്നതിൽ യാതൊരു അതിശയോക്തിയോ ന്യൂനോക്തിയോ ഇല്ല. നിരീക്ഷിച്ചാൽ നമുക്ക് കാണാൻ കഴിയും. പക്ഷെ ഈ സമയത്ത്, അത്തരം ധർമ്മജാഗരണത്തിന് ആരെല്ലാം ആക്കം പകരുന്നുണ്ടോ, ധർമ്മസംസ്ഥാപനത്തിന് ആരെല്ലാം ശക്തി പകരുന്നുണ്ടോ, അത്തരം വ്യക്തികളെയും പ്രസ്ഥാനങ്ങളെയും ഒക്കെത്തന്നെ വളരെ വ്യക്തമായ ഉദ്ദേശ്യത്തോടുകൂടി സമൂഹമദ്ധ്യത്തിൽ കരിതേച്ചു കാണിക്കാനുള്ള പരിശ്രമങ്ങൾ ആസൂത്രിതമായി ഇന്ന് നടക്കുകയാണ്. ഇത് ഒറ്റപ്പെട്ടു നിരീക്ഷിക്കേണ്ടൊരു സംഗതിയല്ല. മറിച്ച് മൊത്തം സമൂഹശരീരത്തിനേറ്റ രോഗത്തെ നമ്മൾ ഒരുപോലെ നിരീക്ഷിച്ച് അതിന് പരിഹാരം നാം കണ്ടെത്തേണ്ടതാണ്. അതിന് പരിഹാരം നമ്മൾ നേരത്തെ പറഞ്ഞതുപോലെ യുദ്ധഭൂമിയെ എന്നും നിലനില്ക്കുന്ന സനാതനമായ ഉപദേശത്തിന്റെ രംഗമാക്കിത്തീർത്ത ആ ആർഷബുദ്ധിയിൽ നിന്ന്, ആർഷമനസിൽ നിന്ന് പ്രേരണ ഉൾക്കൊണ്ടുകൊണ്ടായിരിക്കണം. അങ്ങനെയാക്കിത്തീർക്കാൻ നമുക്ക് സാധിക്കണം. എങ്കിൽ ഈ പ്രതിസന്ധികളൊന്നും ഒരു പ്രതിസന്ധിയേ അല്ലായെന്നും കൂടുതൽ കരുത്തോടെ, എല്ലാ പ്രകാരത്തിലുംപെട്ട കരുത്തോടെ സാമ്പത്തികമായ, രാഷ്ട്രീയമായ, സാമൂഹികമായ എല്ലാ പ്രകാരത്തിലുമുള്ള കരുത്തോടെ നമുക്ക് മുന്നോട്ടുപോകാൻ ശക്തി സ്വയം ആർജ്ജിക്കാനുള്ള സന്ദർഭങ്ങളാണിതെന്ന് സ്വയം മനസ്സിലാക്കാനും മനസ്സിലാക്കിക്കാനും സാധിക്കും.

**സമീപനത്തിലെ വൈരുദ്ധ്യം**

ഈയൊരു തിരിച്ചറിവിനും അത്തരമൊരു പ്രവർത്തനപദ്ധതിക്കും ഊർജ്ജം നേടുന്നതിന്, ദിശാബോധം നേടുന്നതിനാണ് നാം ഈ ധർമ്മരക്ഷാസംഗമത്തിൽ ഒത്തുചേർന്നിരിക്കുന്നത്. ഇവിടെ സമാജമനസ്സിനെ അഥവാ സമാജത്തെ നയിക്കുന്നുവെന്ന് പറയുന്ന മാധ്യമമനസ്സിനെയോ ബുദ്ധിജീവിമനസ്സിനെയോ ഒന്നു സ്മരിക്കാതെ മുന്നോട്ടുപോകാൻ വയ്യ. എങ്ങനെയാണ് സ്മരിക്കുന്നത്? ഈ ഭാരതാംബയെ ഏറ്റവും വികലമായ നഗ്നരൂപത്തിൽ ചിത്രം വരച്ച ഒരു ചിത്രകാരൻ- എം. എഫ്. ഹുസൈൻ. ത്രിവർണപതാക ചുളിഞ്ഞൊടിഞ്ഞ് തീർത്തും വികലമായി ഭാരതാംബ ചിത്രീകരിക്കപ്പെട്ടു. ലക്ഷ്മിയും സരസ്വതിയും സീതയും ഹനുമാനും നഗ്നരായി വരക്കപ്പെട്ടു. അങ്ങനെ ഹൈന്ദവമായ സങ്കല്പത്തെ മുഴുവൻ അധിക്ഷേപിച്ച അദ്ദേഹത്തിന് രാജാരവിവർമ്മ പുരസ്കാരം കൊടുക്കാൻ സർക്കാർ ഒരുങ്ങിയപ്പോൾ ഒട്ടനേകം പ്രതിഷേധങ്ങളുമായി നമ്മൾ മുന്നോട്ടു വന്നു. പക്ഷെ, ആ സമയത്ത് ബഹുഭൂരിപക്ഷം വരുന്ന ബുദ്ധിജീവികൾ എന്നു പറയുന്നവർ അത് ചിത്രകാരന്റെ ആവിഷ്കാരസ്വാതന്ത്ര്യമാണെന്ന് പറഞ്ഞാണ് മുന്നോട്ടു വന്നത്. ഓർമ്മിക്കുക. അത് ചിത്രകാരന്റെ ആവിഷ്കാരസ്വാതന്ത്ര്യമാണ്. പക്ഷെ അങ്ങേതോ നാട്ടില്, ഏതോ യൂറോപ്യൻരാജ്യത്ത്, മുഹമ്മദ് നബിയുടെ കാർട്ടൂൺ വരച്ചപ്പോഴേക്ക് ഒന്നായി കത്തിയെരിഞ്ഞു. എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടായിയെന്ന് നമുക്കറിയാം. ഇങ്ങ് ഭാരതത്തിലെ ഹൈദരാബാദിലും വിശാഖപട്ടണത്തും ബാംഗ്ലൂരിലുമെല്ലാം ഹിന്ദുക്കളുടെ കടകളാണ് അഗ്നിക്കിരയായത്. മറക്കാതിരിക്കുക. അത് ആവിഷ്കാരസ്വാതന്ത്ര്യമല്ല. പണ്ട് ഏതോ ഒരാൾ തിരുമുറിവിന്റെ നാടകം കൊണ്ടുവന്നപ്പോഴേക്ക് അത് ആവിഷ്കാരസ്വാതന്ത്ര്യമായിരുന്നില്ല. അന്ന് ഈ ബുദ്ധിജീവികൾ ഒന്നടങ്കം ചാടിവീണു. അപ്പോൾ ഈ ആവിഷ്കാരസ്വാതന്ത്ര്യം ഏകപക്ഷീയമായിരുന്നു. നമുക്കറിയാം അവിടെ നിന്ന് ഒരു പടികൂടി മുന്നോട്ട് പോയി. ഞാൻ ഒരു സന്യാസിയല്ല. ഞാനൊരു ക്ഷേത്രപൂജകനാണ്. അത്യാവശ്യം ജ്യോതിഷപ്രവർത്തകനാണ്. ഒരിക്കലും ഞാൻ സന്യാസിയല്ല. സന്യാസിയായിട്ടുമില്ല എന്ന് പത്രങ്ങളുടെയും മാധ്യമങ്ങളുടെയും മുമ്പിൽ വിളിച്ചുപറഞ്ഞ ഒരു സന്തോഷ്മാധവൻ, അറസ്റ്റുചെയ്യപ്പെട്ടപ്പോഴേക്കും മൊത്തം ആശ്രമങ്ങളുടെയും സന്യാസിമാരുടെയും പേര് കളങ്കപ്പെടുത്തും വിധം എന്തെല്ലാം വാർത്തകളായിരുന്നു മാധ്യമങ്ങളിൽ വന്നുകൊണ്ടിരുന്നത്! ഒരുപാട് മാദ്ധ്യമപ്രവർത്തകർ ഇവിടെയുണ്ട്.



സഖ്യം ഉണ്ടാക്കിയവരാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റ് . അവരുടെ പത്രമാണ് ദേശാഭിമാനി. അവരുടെ ചാനലാണ് കൈരളി, പീപ്പിൾ. ഇത്രയും മാധ്യമങ്ങളാണ് ഈ വാർത്തയെ എന്തൊക്കെയോ ആയി ചിത്രീകരിച്ചുകൊണ്ട് പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നത്. മറ്റു മാധ്യമങ്ങളൊന്നും ഇതിനെ പ്രവർത്തിപ്പിച്ചതായി നമ്മൾ മനസ്സിലാക്കിയിട്ടില്ല. നമ്മൾ ടി. വി. കാണാറില്ല. പക്ഷേ കേട്ടറിവ്, മനസ്സിലാക്കിയിടത്തോളം അതാണ് വസ്തുത. ഇത് മനസ്സിലാക്കുന്ന ഏതൊരാൾക്കും അതറിഞ്ഞുകൊണ്ടുതന്നെയാണ് പറയുന്നത്. "ഇതാ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. എന്താ കിട്ട്യേന്ന് നോക്കാം''. എന്നൊക്കെ പറഞ്ഞ് കമന്ററിയൊക്കെ പറയുന്ന രൂപത്തിൽ ഓരോ ആശ്രമത്തിലും റെയ്ഡ് ചെയ്യുന്നതിന്റെ വാർത്തകൾ അവർ കൊടുത്തു. എന്തുണ്ടായി? ഒരാൾക്ക് സന്യാസം കിട്ടണമെങ്കിൽ കുറേ പണിയുണ്ട്. ഗുരുനാഥന്റെ അടുത്തുപോയിട്ട് ദീർഘകാലം സേവ ചെയ്ത്, ബ്രഹ്മചാരിയായി കഴിഞ്ഞ്, നൈഷ്ഠികബ്രഹ്മചാരി ദീക്ഷ സ്വീകരിച്ച് പിന്നെ സേവ ചെയ്ത് ശാസ്ത്രപഠനം പൂർത്തിയാക്കി ഗുരുനാഥന് കൃപ തോന്നിയാൽ എത്രയോ വർഷങ്ങൾക്കുശേഷം സന്യാസം തരും.

കഴിഞ്ഞിട്ടില്ല, പരമാചാര്യനായ കാഞ്ചികാമകോടി മഠാധിപതി അറസ്റ്റിലായപ്പോൾ ഒരു ക്രൈംത്രില്ലറിനെ വെല്ലുന്ന രീതിയിലാണ് മിക്ക പത്രങ്ങളുടെയും ഒന്നാം പേജ് അച്ചടിച്ചിരുന്നത്. പക്ഷെ, സ്വാമിജി കുറ്റവിമുക്തനായി. അദ്ദേഹം ഒരു കുറ്റവും ചെയ്തിട്ടില്ലായെന്ന് കോടതി വിധിച്ചപ്പോൾ ഏതോ 'ചരമക്കോള'ത്തിലോ മറ്റോ വാർത്ത വന്നുവെന്നാണ് അറിഞ്ഞത്. എന്താണിത്? എന്തുകൊണ്ടിത് സംഭവിക്കുന്നു? ഇവിടെയാണ് നാം മനസ്സിലാക്കേണ്ടത് നമ്മുടെ ഭാഗത്താണ് തകരാറ്. നമ്മുടെ സമാജം എല്ലാ പ്രകാരത്തിലും ഏകതയോടുകൂടി നിൽക്കാതെ, നമ്മുടെ സമാജം ഭിന്നമായി നിലകൊള്ളുന്നതാണിതിന് കാരണം. അതുകൊണ്ട് ഏകതയും ശക്തിയും, എല്ലാ പ്രകാരത്തിലുമുള്ള കരുത്ത്, രാഷ്ട്രീയമായ കരുത്ത്, സാമ്പത്തികമായ കരുത്ത്, സാമൂഹികമായ കരുത്ത്, വിദ്യാഭ്യാസപരമായ കരുത്ത്, എല്ലാ കരുത്തുമുള്ള ഒറ്റക്കെട്ടായ സമാജമായിത്തീരാൻ നമുക്ക് കഴിഞ്ഞാൽ ഒരിക്കലും ഇത്തരം പ്രശ്നങ്ങൾ ആവർത്തിക്കില്ല.

**അമൃതാനന്ദമയി മഠത്തിനെതിരെ**

ഇന്നിപ്പോൾ നാം കാണുന്നത് മാതാ അമൃതാനന്ദമയി മഠത്തിനു നേരേയുള്ള പ്രവർത്തനങ്ങളാണ്. ഇതിനു പിന്നിൽ യാതൊരു ഗൂഢപദ്ധതിയുമുണ്ടെന്ന്

**പരമാചാര്യനായ കാഞ്ചികാമകോടി മഠാധിപതി അറസ്റ്റിലായപ്പോൾ ഒരു ക്രൈംത്രില്ലറിനെ വെല്ലുന്ന രീതിയിലാണ് മിക്ക പത്രങ്ങളുടെയും ഒന്നാം പേജ് അച്ചടിച്ചിരുന്നത്. പക്ഷെ, സ്വാമിജി കുറ്റവിമുക്തനായി. അദ്ദേഹം ഒരു കുറ്റവും ചെയ്തിട്ടില്ലായെന്ന് കോടതി വിധിച്ചപ്പോൾ ഏതോ ചരമക്കോളത്തിലോ മറ്റോ വാർത്ത വന്നുവെന്നാണ് അറിഞ്ഞത്. എന്താണിത്? എന്തുകൊണ്ടിത് സംഭവിക്കുന്നു?**



നമുക്ക് തോന്നുന്നില്ല. ഗൂഢമല്ല, സ്പഷ്ടമാണ്. സ്പഷ്ടമായതിനെ ഗൂഢമെന്ന് എന്തിനു പറയണം? സ്പഷ്ടമാണ്. കാരണം ഇത് സമൂഹമദ്ധ്യത്തിൽ പ്രവർത്തിപ്പിക്കുന്നത് ലോകത്തെ മുഴുവൻ ഇസ്ലാമീകരിക്കാൻ പ്രതിജ്ഞാബദ്ധമായ ജമാഅത്തെ ഇസ്ലാമിയുടെ 'മീഡിയാവൺ' ആണ്. നമുക്ക് മറഞ്ഞും പാത്തും പതുങ്ങിയും പറയേണ്ട ആവശ്യമൊന്നുമില്ല. അങ്ങനെ ഒരു സംഘടന മറ്റേ സംഘടന എന്നൊന്നും പറയേണ്ട ആവശ്യമില്ല. വ്യക്തമാണ്. ജമാഅത്തെ ഇസ്ലാമിയുടെ ലക്ഷ്യം എല്ലാ രാജ്യങ്ങളെയും ഇസ്ലാം ആക്കുകയെന്നതാണ്. ആ ജമാഅത്തെ ഇസ്ലാമിയുടെ ഉടമസ്ഥതയിലാണ് മീഡിയാ വൺ പ്രവർത്തിക്കുന്നത്. അവരുടെ പത്രമാണ് 'മാധ്യമം'. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്ലാമിയുമായി രാഷ്ട്രീയ അറിയില്ലേ ഇതിന്റെ പിന്നിലെ ഉദ്ദേശ്യം എന്താണെന്ന്? "മഠത്തിന്റെ വലിയ സാമ്പത്തികവും സാമൂഹ്യവുമായ കെട്ടുറപ്പിനെ കണ്ട് ഭയന്നിട്ടാണ്, അവരുടെ പരസ്യങ്ങൾ കിട്ടില്ലെന്ന് പേടിച്ചിട്ടാണ് മറ്റു മുഖ്യധാരാമാധ്യമങ്ങൾ ഇതൊന്നും പ്രവർത്തിക്കാത്തത്. ഞങ്ങൾ അങ്ങനെയൊന്നുമല്ല. ഞങ്ങൾ സത്യത്തെ വെളിപ്പെടുത്തുന്നവരാണ്". അങ്ങനെയെങ്കിൽ ഒന്നു ചോദിക്കട്ടെ, ഈ അമേരിക്കയിൽനിന്ന് ഒരു പുസ്തകം തപ്പിപ്പിടിച്ച് കൊണ്ടുവരുന്നതിനു മുമ്പായിട്ട് ഇവിടെ വല്ല പുസ്തകോം ഉണ്ടായിട്ടുണ്ടോ എന്ന് നോക്കണ്ടേ? ഈ കേരളത്തിൽ, മലയാളത്തിൽ, ശ്രദ്ധിക്കുക. ക്രിസ്ത്യൻ സഭയില് ഒരാൾക്ക് ഒരു നിമിഷം കൊണ്ടോ, ഒരു ദിവസം കൊണ്ടോ ഒരു കൊല്ലം കൊണ്ടോ കന്യാസ്ത്രീപട്ടം കിട്ടില്ല. അതിന് പഠനവും

സാധനയും ദീർഘകാലത്തെ കോഴ്സ് പൂർത്തിയാക്കലും വേണം. അങ്ങനെ കന്യാസ്ത്രീപട്ടം കിട്ടിയയാൾ മഠത്തിനുള്ളിലെ അതിഹീനങ്ങളായ, നികൃഷ്ടങ്ങളായ അത്യാചാരങ്ങളെ പച്ചമലയാളത്തിൽ രേഖപ്പെടുത്തിക്കൊണ്ട് പുസ്തകമെഴുതിയിട്ട് കൊല്ലമെത്രയായി! 'ആമേൻ' എന്താണ് സത്യത്തെ പുറത്തുകൊണ്ടുവരാൻ ശ്രമിക്കുന്നവർ ഇതിനു പിന്നാലെ പോകാത്തത്? അതെന്താ സാമൂഹികതിന്മയല്ലേ? അത്തരം തിന്മകളെ എന്തുകൊണ്ട് തുറന്നുകാണിക്കുന്നില്ല? അങ്ങനെയെങ്കിൽ നിങ്ങൾ എന്തുകൊണ്ട് ഈ തിന്മ കാണുന്നില്ല? ഒന്നിനെ മാത്രം കാണുന്ന ഈ കണ്ണ് എങ്ങനെ വന്നു? ഇതുകൊണ്ടാണ് നമ്മൾ പറയുന്നത്, ഇതൊരു മഠത്തിനെതിരായ വിഷയമല്ല. ഇതൊരു സന്യാസപരമ്പരയ്ക്കെതിരായ വിഷയമല്ല. ഇതൊരു അമൃതാനന്ദമയിദേവിക്കെതിരായ വിഷയമല്ല. ഇത് ഏകപക്ഷീയമായി തീർന്ന നമ്മുടെ സമൂഹമനസ്സിന്റെ വികൃതമായ ഒരു സ്പന്ദനമാണ്. ഈ വികൃതസ്പന്ദനത്തെ ഇല്ലാതാക്കാൻ നമുക്ക് സാധിക്കണം.

അതുപോലെതന്നെ അമേരിക്കയിൽ എഴുതപ്പെട്ട അല്ലെങ്കിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു പുസ്തകത്തെ ചൊല്ലി വലിയ കോലാഹലമുണ്ടാക്കുന്നവരോട് നമുക്ക് ഒന്നേ ചോദിക്കാനുള്ളൂ. ഈ പുസ്തകമെഴുതിയ അമ്മ അവരും ഒരു അമ്മ തന്നെയാണ്. നമ്മൾ ഒരു ഭേദവും കാണുന്നില്ല. ആ അമ്മ ദീർഘകാലമായി അമൃതാനന്ദമയി മഠത്തിൽ താമസിച്ചുവത്രേ. എന്നല്ല അമൃതാനന്ദമയി ദേവിയുടെ വളരെ അടുത്ത സഹവാസം പുലർത്തിയത്രെ. അതുകഴിഞ്ഞ്, അവർ മഠത്തിൽ കണ്ട അത്യാചാരങ്ങൾ സംഭവങ്ങൾ കണ്ടുകഴിഞ്ഞാൽ, പ്രത്യേകിച്ച് ശാരീരികമായി സ്വയം ഉപദ്രവിക്കപ്പെട്ടാൽ എന്താ ചെയ്യേണ്ടത്? സ്വാഭാവികമായി പോലീസിൽ കേസ് കൊടുക്കണം . പോലീസ് കേസ് എടുക്കുന്നില്ലെങ്കിൽ കോടതിയിൽ കേസ് കൊണ്ടുവരണം. ഇത് ചെയ്യേണ്ടത് നമ്മുടെ നിയമമനുസരിച്ചാണ് .എന്തുകൊണ്ട് ചെയ്തില്ല? അവിടെയും പറഞ്ഞേക്കാം മഠത്തിന്റെ സ്വാധീനം. അങ്ങനെയെങ്കിൽ ഒറ്റചോദ്യമേ ചോദിക്കാനുള്ളൂ. സ്വയം രക്ഷപ്പെടണ്ടേ? അത്യാചാരം നടക്കുന്ന സ്ഥലത്ത് പ്രത്യേകിച്ച് താൻ തന്നെ ശാരീരികമായി ഉപദ്രവിക്കപ്പെടുന്ന സാഹചര്യത്തിൽ ഒരു വ്യക്തി ജീവിക്കാൻപാടുണ്ടോ? അവിടെ നിന്ന് മാറിപ്പോകണ്ടേ? പിന്നെയും എങ്ങനെയാണ് ഒമ്പതുകൊല്ലത്തോളം അവിടെ താമസിച്ചത്? എന്തുകൊണ്ട്? ശരി. അവിടെ നിന്ന് പോയി. പോയതിനുശേഷം പിന്നെയും വർഷങ്ങൾക്കു ശേഷം പുസ്തകം എഴുതി. ആ പുസ്തകം തേടിപ്പിടിച്ചുകൊണ്ട് വന്ന് ഇവിടെയിപ്പോൾ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതോ പിന്നെയും വർഷങ്ങൾ കഴിഞ്ഞ്. ഈ ലോക്സഭാ തെരഞ്ഞെടുപ്പ് അടുക്കുന്ന സമയത്ത്. ഇതൊക്കെ സാമാന്യബുദ്ധിയുള്ളവർക്ക് ചിന്തിച്ചാൽ മനസ്സിലാവില്ലേ? ഇതിന്റെയെല്ലാം പിന്നിൽ എന്താണെന്ന്? അതുകൊണ്ട് ഒരു ഗൂഢാലോചനയും ഇതിന്റെ പിന്നിലില്ല. സ്പഷ്ടമായ ആലോചനയാണ്. സ്പഷ്ടമായ ഇത്തരം ആലോചനകളെ യഥാവിധി മനസ്സിലാക്കാൻ ഹിന്ദുക്കൾക്ക് ഇനിയെങ്കിലും കഴിയണം. ശക്തമായി അതിനെ നേരിടാൻ നമുക്ക് കഴിയണം.

### ശക്തിക്ഷയം മുഖ്യകാരണം

ശക്തി എവിടെ ക്ഷയിക്കുന്നുണ്ടോ അവിടെ ക്ഷേമരാഷ്ട്രം ഉണ്ടാക്കാൻ സാധിക്കില്ല. നമുക്ക് ഭാരതത്തെ ഒരു ക്ഷേമരാഷ്ട്രമാക്കാൻ സാധിക്കണമെങ്കിൽ അറിവും കരുത്തും ചേർന്ന ഒരു സമൂഹമുണ്ടാവണം. യത്ര യോഗേശ്വര കൃഷ്ണോ യത്ര പാർത്ഥോ ധനുർദ്ധര: തത്ര ശ്രീവിജയോ: ഭൂതി എന്ന് ഭഗവത്ഗീത മുഴുവൻ ശ്രവിച്ച സഞ്ജയൻ പറഞ്ഞില്ലേ? അത് നമ്മൾ മറക്കാമോ? ഒരു ക്ഷേമരാഷ്ട്രത്തിനു വേണ്ട നാല് ഘടകങ്ങൾ ഇതാണ്. ശ്രീ, ഐശ്വര്യം വേണം. വിജയ: എല്ലാ മേഖലയിലും ശാസ്ത്ര-സാങ്കേതിക- മേഖലകളിലെല്ലാം വിജയം വേണം. ഭൂതി, മാഹാത്മ്യം വേണം. സർവോപരി ധ്രുവാ നീതി: നിത്യമായ നീതിനിർവഹണം വേണം. നിത്യമായ നീതി നിർവഹണമുണ്ടെങ്കിലേ ഒരു ക്ഷേമരാഷ്ട്രം നില നിൽക്കൂ. ഇവിടെ നീതിനിർവഹണം ഉണ്ടോ? ഇവിടെ നമ്മൾ ഒന്നാണ്. ഒരു പൗരനിയമമെന്നൊക്കെ നമ്മൾ പറയും. ഇവിടെ നീതിനിർവഹണമുണ്ടോ? ഇവിടെ ഹിന്ദുവിന് ഒരു നിയമം, ക്രിസ്ത്യാനിക്ക് ഒരു നിയമം, മുസൽമാന് വേറെ ഒരു നിയമം എന്നല്ലേ?



### ഇ.എം.എസും ഏകീകൃത സിവിൽകോഡും

ഓർമ്മിക്കുകയാണ്. നമ്മുടെ നാട്ടിൽ ഏകസിവിൽകോഡിന് വേണ്ടി വാദിച്ച ഒരു മഹാവ്യക്തിത്വത്തെ. സഖാവ് ഇ.എം.എസ് നമ്പൂതിരിപ്പാട്. അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് ഏകസിവിൽകോഡിനുവേണ്ടി എഴുതി. ഇവിടെയൊരു ഏകസിവിൽകോഡ് ഉണ്ടായേ തീരൂ. ഇന്ന് അദ്ദേഹത്തിന്റെ ഫോട്ടോ വച്ച്, അദ്ദേഹത്തിന്റെ മന്ദിരങ്ങൾ പണിയാൻ കോടിക്കണക്കിന് രൂപ പിരിക്കുന്നവർ ഏകസിവിൽകോഡിനെക്കുറിച്ച് പറയുമോ? പറയാൻ ധൈര്യമുണ്ടോ? ചിന്തിക്കുക. സമൂഹത്തെ ന്യൂനപക്ഷമെന്നും ഭൂരിപക്ഷമെന്നും വിഭജിച്ച് ഭാരതപൗരനെ ഇല്ലാതാക്കി. എന്നിട്ട് വാരിക്കോരി കൊടുക്കുന്നു. ന്യൂനപക്ഷമെന്ന പേരിൽ ഇങ്ങനെ വാരിക്കോരിക്കൊടുക്കുമ്പോൾ കിട്ടുന്നതിന്റെ പേരിൽ കൂടുതൽ കൂടുതൽ കൈ നീട്ടുന്നു. വോട്ടുബാങ്ക് രാഷ്ട്രീയം രൂപപ്പെടുന്നു. എവിടെയാണോ രാഷ്ട്രീയ ശക്തി, സാമ്പത്തികശക്തി അവിടേക്ക് മാധ്യമങ്ങൾ പോകുന്നു. ഇതിനൊരു പരിവർത്തനം വരുത്തിയാൽ ഇന്ന് വിപരീതമായി പോകുന്ന മാധ്യമങ്ങൾ തിരിച്ചുവരും സംശയമില്ല.

### രാമായണമാസാചരണത്തിലെ വർഗീയത

എറണാകുളത്ത് നടന്ന ഒരു സംഭവം ഓർമ്മിക്കുന്നു. ഏകദേശം മുപ്പതുവർഷങ്ങളായി കാണും. വിശാലഹിന്ദുസമ്മേളനം നടന്ന സമയം. ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് ആദ്ധ്യാത്മിക പ്രഭാഷണങ്ങൾക്ക് പ്രാധാന്യം വർദ്ധിപ്പിക്കണമെന്ന ഒരു തീരുമാനവും കർക്കടകമാസത്തെ രാമായണമാസമായി സമാചരിക്കണമെന്ന ഒരു തീരുമാനവും വന്നപ്പോൾ കേരളത്തിലെ പ്രമുഖ മാധ്യമങ്ങളെല്ലാം വെണ്ടക്കയിലെഴുതി, ഇത് കേരളത്തെ വർഗീയമാക്കാനുള്ള നീക്കമാണെന്ന്. പക്ഷേ, ഇന്ന് അതേ പത്രങ്ങളിൽ കർക്കടകമാവുമ്പോൾ രാമായണമാസം, ഒരു മുത്തശ്ശി രാമായണം വായിക്കുന്നു, ഒരു കുട്ടി നോക്കി നിൽക്കുന്നു ഇങ്ങനത്തെ ചിത്രങ്ങളൊക്കെ കാണാം. എന്താ ഈ മാറ്റത്തിനു കാരണം? അതിന്ന് കേരളത്തെ വർഗീയമാക്കാനുള്ള പരിശ്രമമാണെന്നു പറഞ്ഞവർ ഇന്നതിനെ അനുമോദിക്കുന്നു. സമാജം അതിന്റെ പിന്നാലെ വന്നു. അതൊരു ചാലകശക്തിയായി മാറി. അതിനെ എതിർക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കി അതിന്റെ പുറകെ വരികയാണ്. ഇതുപോലെ നമുക്ക് സാധിക്കണം. സാധിച്ചേ പറ്റൂ.



മാധ്യമങ്ങളും രാഷ്ട്രീയക്കാരും ഒറ്റക്കെട്ടായിട്ട് ഈ സനാതന ധർമ്മത്തിന്റെ പിന്നാലെ വരും. യാതൊരു സംശയവും ആ വിഷയത്തിലില്ല. ആ കാലഘട്ടത്തിന് ഏറെ താമസവുമില്ല. അന്ന് കേവലം അരമനകളിൽ മാത്രമല്ല അവർ പോവുക. അന്ന് മാധ്യമങ്ങൾ നമ്മളെന്താ പറയുന്നതെന്ന് നോക്കി നിൽക്കും. ഈ വ്യക്തി മാറും ആ വ്യക്തി മാറും. പക്ഷെ ഹൈന്ദവസമാജം അതിശക്തമായി മുന്നോട്ടുപോവുമ്പോൾ ഒന്നാണ് നാമെന്ന് ഭാവനയിൽ, മുന്നോട്ട് നീങ്ങുമ്പോൾ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും ആയ കരുത്തോടുകൂടി നമ്മൾ മുന്നോട്ടുപോവുമ്പോൾ (ഇതൊക്കെ കേട്ട് ഇവിടെ നിന്ന് പിരിഞ്ഞു പോവും. വോട്ടു കുത്തുന്ന നേരത്ത് ഇതൊന്നും ഓർമ്മയുണ്ടാവുകയുമില്ല) അത് പറ്റില്ല ഏത് രാഷ്ട്രീയ പാർട്ടിയിൽ പെട്ടവരുമായിക്കോട്ടെ, അവര് ബി.ജെ.പി. യെന്നോ കോൺഗ്രസ്സെന്നോ മാർക്സിസ്റ്റെന്നോ, നമ്മൾ വ്യത്യാസം കൊടുക്കുന്നില്ല. ഹൈന്ദവതാല്പര്യത്തെ മുൻനിർത്തുന്നവർ, അവർക്കേ നമ്മുടെ വോട്ടുള്ളൂവെന്ന് പറയാൻ നമുക്ക് സാധിക്കണം. ഇത് പറയുമ്പോൾ നിങ്ങൾക്ക് വിരോധം തോന്നിയാലും കുഴപ്പമില്ല. തുറന്നുപറയാലോ, ഇത് പറയുമ്പോൾ ഓർമ്മ വരുന്നത് ശ്രീ ആര്യാടൻ മുഹമ്മദിനെയാണ്. നമ്മുടെ മന്ത്രിയാണ്. കോൺഗ്രസ്സ് പാർട്ടി മെമ്പറാണ്. പക്ഷെ അദ്ദേഹം വ്യക്തമായി പ്രസംഗത്തിൽ പറയുന്നു നമ്മുടെ പൂർവികർ ഹിന്ദുക്കളായിരുന്നുവെന്നത് മറക്കരുത എന്ന്. അതുപോലുള്ള വ്യക്തികൾ, ഹിന്ദു താല്പര്യത്തെ മുൻനിർത്തുന്നവർ. അവർക്കുവേണം വോട്ടുചെയ്യാൻ. സ്വാമി ആര്യാടന് വോട്ടുപിടിക്കാൻ വന്നുവെന്ന് നിങ്ങൾ വിചാരിക്കരുത്. അങ്ങനെ വിചാരിച്ചാലൊട്ട് പ്രശ്നമില്ലാ

**ഇവിടെ ന്യൂനപക്ഷം- ഭൂരിപക്ഷം എന്ന വിഭജനം ഇല്ലാതാവണം. ഇവിടെ ഭാരതത്തിൽ ഒരു നിയമമായിരിക്കണം. ഭാരതീയർ ഒന്നായിരിക്കണം. ആരാണോ സാമ്പത്തികമായി താഴെ തട്ടിലുള്ളത് അവരെ പിടിച്ചുയർത്താനുള്ള സംവരണനിയമങ്ങൾ വേണം. അല്ലാത്ത എല്ലാം ഇല്ലാതാവണം. അതിനനുസരിച്ച് ഭരണഘടന മാറ്റിയെഴുതപ്പെടണം. അല്ലാത്ത കാലത്തോളം ഈ പറഞ്ഞ മാധ്യമങ്ങളും ബുദ്ധിജീവികളുമൊക്കെ ഏകപക്ഷീയമായ അവസരവാദവുമായി പിന്നാലെ പോയ്ക്കൊണ്ടിരിക്കും**

താനും. പക്ഷെ പറഞ്ഞതിന്റെ താത്പര്യം ഇവിടെ ന്യൂനപക്ഷം- ഭൂരിപക്ഷം എന്ന വിഭജനം ഇല്ലാതാവണം. ഇവിടെ ഭാരതത്തിൽ ഒരു നിയമമായിരിക്കണം. ഭാരതീയർ ഒന്നായിരിക്കണം. ആരാണോ സാമ്പത്തികമായി താഴെ തട്ടിലുള്ളത് അവരെ പിടിച്ചുയർത്താനുള്ള സംവരണനിയമങ്ങൾ വേണം. അല്ലാത്ത എല്ലാം ഇല്ലാതാവണം. അതിനനുസരിച്ച് ഭരണഘടന മാറ്റിയെഴുതപ്പെടണം. അല്ലാത്ത കാലത്തോളം ഈ പറഞ്ഞ മാധ്യമങ്ങളും ബുദ്ധിജീവികളുമൊക്കെ ഏകപക്ഷീയമായ അവസരവാദവുമായി പിന്നാലെ പോയ്ക്കൊണ്ടിരിക്കും. അതില്ലാതാക്കാൻ ശാശ്വതമായ മാർഗം ഇതൊന്നുമാത്രമേയുള്ളുവെന്ന്, ആ ഒരു ശക്തിസ്വരൂപണത്തിനുള്ള സന്ദർഭമായി ഈയൊരു സമ്മേളനത്തെ തീർക്കണമേ എന്ന് പറഞ്ഞുകൊണ്ട് കേവലം ഒരു ആശ്രമത്തിനോ, മഠാധിപതിക്കോ എതിരെയുള്ള നീക്കമല്ല സനാതനധർമ്മത്തിന്റെ സമൂദ്ധരണത്തിന് യത്നിക്കുന്ന സർവരുടെയും നേർക്കുള്ള നീക്കമാണെന്നും ഇതിൽ ഗൂഢമായി ഒന്നുമില്ലെന്നും സുസ്പഷ്ടമാണെന്നുമുള്ള യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട്, ഇതിനു പിന്നിൽ ഇന്നയിന്ന ആൾക്കാരാണെന്ന് പറയാനുള്ള ധൈര്യം വേണം. മരണം ഒരിക്കലേയുണ്ടാവൂ. അനേകം പ്രാവശ്യം ഉണ്ടാവില്ല. അതുകൊണ്ട് നമുക്ക് യാതൊരു ഭയവുമില്ല. അതുകൊണ്ട് ഉള്ളത് ഉള്ളതുപോലെ പറയുകയാണ്. ജമാഅത്തെ ഇസ്ലാമിയും മാർക്സിസ്റ്റു പാർട്ടിയും കൂടിയാണ് ഇത് പ്രവർത്തിക്കുന്നത് എന്നതിൽ സംശയമില്ല. അതിനാൽ ഈ തിരിച്ചറിവോടുകൂടി ശക്തമായി മുന്നോട്ടുപോവണം. ഇതൊന്നും കേട്ട് വ്യാകുലപ്പെടരുത്. അതാണ് ആദ്യം പറഞ്ഞത്. മഹായുദ്ധഭൂമിയെ ചിരന്തനമായി നിലനിൽക്കുന്ന ഉപദേശമാക്കിത്തീർക്കാൻ കഴിഞ്ഞ മഹത്വപൂർണമായ ആർഷഭൂമിയുടെ പിന്മുറക്കാരാണ് നാമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട്, ആ ശക്തിയും ആർജ്ജവവും സംഭരിച്ചുകൊണ്ട് ഇവിടെ നിന്നും പിരിഞ്ഞുപോവാൻ കഴിയട്ടെ.

*(* സന്യാസിമാർക്കും ആത്മീയസ്ഥാപനങ്ങൾക്കുമെതിരെ നടക്കുന്ന കുപ്രചരണങ്ങൾക്കെതിരെ 2014 മാർച്ച് 23 ന് എറണാകുളം മറൈൻഡ്രൈവിൽ നടന്ന ധർമ്മരക്ഷാസംഗമത്തിൽ സ്വാമിജി നടത്തിയ അനുഗ്രഹപ്രഭാഷണത്തിൽ നിന്നും.)*

വി. പ്രകാശൻ മാസ്റ്റർ

# വിഷുക്കണി കാണേണം

**വസന്തോത്സവവും സൂര്യോത്സവവും**

സൂര്യൻ ഉത്തരായനത്തിലേക്ക് സഞ്ചരിക്കുമ്പോൾ ഭൂമദ്ധ്യരേഖയിൽ വരുന്ന മേടസംക്രമമാണ് വിഷുവായി കേരളീയർ ആചരിക്കുന്നത്. മകരസംക്രമം മുതൽ മാഘം, ഫാൽഗുനം, ചൈത്രം, വൈശാഖം, ജ്യേഷ്ഠം, ആഷാഢം വരെയുള്ള ആറുമാസമാണ് ഉത്തരായനം. ദേവന്മാർക്ക് ആറുമാസം പകലും ആറുമാസം രാത്രിയുമാണെന്നാണ് സങ്കല്പം. മകരസംക്രമമാണ് ദേവലോകത്ത് സൂര്യോദയം. സൂര്യൻ ദക്ഷിണായനത്തിൽ ചരിക്കുന്നത് കർക്കടകസംക്രമം മുതൽ ശ്രാവണം, പ്രോഷ്ഠപദം, ആശ്വിനം, കാർത്തികം, മാർഗ്ഗശീർഷം, പൗഷം മുതലായ ആറുമാസക്കാലമാണ്. ഈ കാലഘട്ടമാണ് പിതൃപൂജക്ക് ഉത്തമമായി കണക്കാക്കിയിട്ടുള്ളത്. കർക്കടകത്തിലെ കറുത്ത വാവ് പിതൃക്കളുടെ പ്രഭാതപൂജയും തുലാമാസ വാവ് (ദീപാവലി) മദ്ധ്യാഹ്നപൂജയും കുംഭമാസത്തിലെ വാവ് (ശിവരാത്രി) അത്താഴപൂജയുമാണ്.

തുലാമാസത്തിലെ സംക്രമത്തിനും മേടസംക്രമത്തിനുമാണ് സൂര്യൻ ഭൂമിയുടെ നേർരേഖയിൽ വരുന്നത്. അതിനാൽ രണ്ടു വിഷു സംഭവിക്കുന്നു. വിഷു മുതൽ മേടപ്പത്ത് വരെയും തുലാവിഷു മുതൽ തുലാപ്പത്ത് വരെയും ക്ഷേത്രങ്ങളിലും ഗൃഹങ്ങളിലും ഉത്സവകാലമാണ്. രണ്ടുമാസ



ങ്ങൾ ചേർന്ന ആറ് ഋതുക്കൾ ഉണ്ടാകുന്നു. മീനമാസത്തിൽ ചൈത്രവും മേടത്തിൽ വൈശാഖവും തുടങ്ങും. ഈ രണ്ടുമാസങ്ങൾ ചേർന്നതിനെ വസന്തഋതുവെന്നു വിളിക്കുന്നു. വസന്തം പുഷ്പങ്ങളുടെയും കൊയ്ത്തിന്റെയും പഴവർഗ്ഗങ്ങളുടെയും സുഭിക്ഷമായ കാലമാണ്. വസന്തസേനകൾ എഴുന്നള്ളുന്ന വസന്തോത്സവമാണ് വിഷു. കണ്ണൂർ, കാസർകോട് ജില്ലകളിൽ മീനമാസത്തിലെ പൂരം കാമദേവനെ പൂജിക്കുന്ന കാലമാണ്. മീനപൂരത്തിന് കാമദഹനം നടക്കും. ഈ കാലം ദേവീക്ഷേത്രങ്ങളിൽ ഉത്സവകാലമാണ്.

*ഉദ്വയന്ത മസസ്പരി സ്വഃ*
*പശ്യന്ത ഉത്തരം*
*ദേവം ദേവത്രാ സൂര്യമഗന്മ*
*ജ്യോനിരുത്തമം*
(യജുർവേദം 35–14)

(ശ്രേഷ്ഠപ്രകൃതിക്കുപരി ഉൽകൃഷ്ടമായ ആനന്ദസ്വരൂപം ദർശിച്ച് ഞങ്ങൾ ദേവദേവനും ഉത്തമനും ജ്യോതിസ്വരൂപനുമായ സൂര്യനിൽക്കൂടി പ്രകടമാകുന്ന ഈശ്വരീയവിഭൂതിയെ പ്രാപിക്കട്ടെ.)

സൂര്യാരാധനയുമായി ബന്ധപ്പെട്ടാണ് സംക്രമോത്സവങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ളത്. വിഷുവും പൊങ്കലും കാർഷികോത്സവങ്ങൾതന്നെ. വിഷുവൽ, വിഷുവം ഈ പദങ്ങൾ മേട–തുലാമാസങ്ങളെ പറയുന്നതിനു കാരണം വിഷ്ണഃ ശബ്ദത്തിന് 'നാനാരൂപ ഗുണമുള്ളത്' സമരാത്രിന്ദിവേകാലേ (രാത്രിയും പകലും സമമായത്) എന്ന് അർത്ഥമുള്ളതിനാലാണ്.

**കാർഷികോത്സവം**

ഭാരതം ഒരു കാർഷിക രാജ്യമാണ്. ഭാരതസംസ്കാരത്തിന്റെ അന്തർധാര കൃഷിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. കൃഷി ചെയ്യാൻ തുടങ്ങിയതു മൂലമാണ് മാനവരാശി വികാസംപ്രാപിച്ചത്. ഏറ്റവും വലിയ ഭാരതപുത്രനായ ശ്രീകൃഷ്ണന്റെ പേരുതന്നെ ശ്രദ്ധിക്കുക! 'കർഷയതി ഇതി കൃഷ്ണഃ' എന്നു നിരുക്തം. ഇളക്കിമറിക്കുന്നത്, മനുഷ്യമനസ്സുകളെ മാത്രമല്ല ഭൂമിയെയും ഇളക്കിമറിച്ച് കൃഷിയിറക്കുന്നവനാണ് കൃഷ്ണൻ. .ധർമ്മമാകുന്ന കലപ്പകൊണ്ട് ഭൂമിയെ കർഷണം ചെയ്ത കൃഷ്ണൻ ഭൂമിയുടെ പതിയാണ്. മഹാവിഷ്ണുധ്യാനത്തിൽ ഇങ്ങനെ കാണാം: 'ശ്രീധരാശ്ലിഷ്ടപാർശ്വം'. ഭൂമിദേവിയും ശ്രീദേവിയും ഇരുപാർശ്വങ്ങളിൽനിന്നു സേവിക്കുന്ന ഭഗവാൻ. 'രാധ' എന്ന പദം തിരിച്ചിട്ടാൽ 'ധരാ' എന്നായി. കർഷകരുടെ ദേവനാണ് ശ്രീകൃഷ്ണൻ. രാവണവധം കഴിഞ്ഞ് സൂര്യൻ നേർരേഖയിൽ വന്ന ദിനം വിഷുവായിരുന്നു. ഭൂമിയിൽ ജീവരാശിയെ സൃഷ്ടിക്കുന്നതും സംഹരിക്കുന്നതും സൂര്യനാണല്ലോ. സൂര്യരശ്മിയെ ഭൂമി സ്വീകരിച്ചതിന്റെ ഫലമായി സംജാതമായ സൃഷ്ടികളെ സൂര്യൻ നേർരേഖയിൽ വരുന്ന സംക്രമപ്പുലരിയിൽ ഭഗവാന് കണിയായി സമർപ്പിക്കുന്ന കർഷകന്റെ ഹൃദയവിശുദ്ധിയും ഗൃഹസ്ഥധർമ്മവും ഇതിൽ സമ്മിശ്രമായി ദർശിക്കാം.


*തൃച്ചംബരം ശ്രീകൃഷ്ണസ്വാമിക്ഷേത്രം*

**ചിലയിടങ്ങളിൽ തലേന്നാൾ പടുക്കയിടുക എന്ന ആചാരം കാണാം. തേങ്ങ, അരി, പഴം, മാമ്പഴം തുടങ്ങിയവ വിളക്കിനു മുന്നിൽവെയ്ക്കും. പിറ്റേന്ന് കണികണ്ടശേഷം കരുപ്പട്ടിയും തേങ്ങയും പടുക്ക മുറിച്ചശേഷം കൊടുക്കും. കണികണ്ടവർക്ക് എടുക്കാവുന്ന അപ്പമോ മധുരപദാർത്ഥങ്ങളോ ഉണ്ടായിരിക്കും. കൂടാതെ കൈനീട്ടം കൊടുക്കുക പ്രധാന ആചാരമാണ്. കണികണ്ടാൽ മുതിർന്നവർ മറ്റുള്ളവർക്ക് കൈനീട്ടം കൊടുക്കണം.**

സംക്രമദിവസം വിഷു സംഭവിച്ചാൽ ഒന്നാം തീയതി പ്രഭാതത്തിൽ കണികാണാം. അരിയും മഞ്ഞളും ചേർത്തരച്ച് കോലമിടും. വീടിന്റെ കതകിലും വാതിലിലും ഐശ്വര്യചിഹ്നങ്ങൾ അണിയും. കണിച്ചക്ക, കണിമാങ്ങ, തേങ്ങ, പഴം, പച്ചക്കറി, കണിവെള്ളരി, നവധാന്യങ്ങൾ, വാൽക്കണ്ണാടി, പുതുവസ്ത്രം (അലക്കിയത്), ഗ്രന്ഥം, സ്വർണ്ണം, പണം, സിന്ധൂരച്ചെപ്പ്, കൺമഷി, നിലവിളക്ക്, നിറനാഴി, കിണ്ടിയിൽ വെള്ളം, അപ്പം, കണിക്കൊന്ന എന്നിവ ഉരുളിയിലോ പുത്തൻ പാത്രങ്ങളിലോ ഒരുക്കിവെച്ച് കിടന്നുറങ്ങും. പ്രഭാതത്തിൽ വീട്ടമ്മ ആദ്യം കണികണ്ട് മറ്റുള്ളവരെ കണികാണിക്കും. പശുത്തൊഴുത്തിൽ പശുവിനെ കണികാണിക്കും. എല്ലാ ക്ഷേത്രങ്ങളിലും ദേവതകളെ കണികാണിക്കും. ബാലഗോകുലം കുട്ടികളുടെ വകയായി ശ്രീകൃഷ്ണവേഷമിട്ടും ശംഖനാദം മുഴക്കിയും 'കണിയേ കണി....' എന്നു വിളിച്ച് എല്ലാ വീടുകളിലും കണികാണിക്കും.

ചിലയിടങ്ങളിൽ തലേന്നാൾ പടുക്കയിടുക എന്ന ആചാരം കാണാം. തേങ്ങ, അരി, പഴം, മാമ്പഴം തുടങ്ങിയവ വിളക്കിനു മുന്നിൽവെയ്ക്കും. പിറ്റേന്ന് കണികണ്ടശേഷം കരുപ്പട്ടിയും തേങ്ങയും പടുക്ക മുറിച്ചശേഷം കൊടുക്കും. കണികണ്ടവർക്ക് എടുക്കാവുന്ന അപ്പമോ മധുരപദാർത്ഥങ്ങളോ ഉണ്ടായിരിക്കും. കൂടാതെ കൈനീട്ടം കൊടുക്കുക പ്രധാന ആചാരമാണ്. കണികണ്ടാൽ മുതിർന്നവർ മറ്റുള്ളവർക്ക് കൈനീട്ടം കൊടുക്കണം. ദാനധർമ്മങ്ങൾ ധനരൂപത്തിലും നൽകാനുള്ള ഒരു സംസ്കാരം. കണികണ്ടാൽ ഉടനെ കർഷകർ കലപ്പയും കൈക്കോട്ടും വിത്തും വളവുമായി പാടത്തു പോകും. വിഷുച്ചാലെടുക്കുക എന്ന ഒരു ആചാരമുണ്ട്. സർവ്വദേവതകളെയും സ്മരിച്ച് ആദ്യമായി വയലിൽ കലപ്പ അല്ലെങ്കിൽ കൈക്കോട്ടുകൊണ്ട് ഭൂമി ഇളക്കിമറിച്ച് വളവും വിത്തുമിട്ട് മൂടും. അതുകഴിഞ്ഞ് വന്ന് വിഷുക്കളി. ഇതിനിടയിൽ കുട്ടികളുടെ പടക്കംപൊട്ടിക്കൽ അരങ്ങുതകർക്കുന്നുണ്ടാകും. വിഷുക്കഞ്ഞി കുടിച്ച് വിഷുപ്പുടവയുടുത്ത് ക്ഷേത്രദർശനം കഴിഞ്ഞ്



വന്നാണ് സദ്യയൊരുക്കുക. ‘വിഷുഫലം’ ഗണിച്ച് കണിയാർസമുദായക്കാർ വീടുവീടാന്തരം കയറി വിതരണം ചെയ്യും. എല്ലാവരും നിധി കിട്ടിയ സന്തോഷത്തോടെയാണ് കണിഫലം നോക്കുക. ഒരുവർഷത്തെ മഴ എത്ര, വർഷാധിപൻ ആര് തുടങ്ങിയ വിഷയങ്ങൾ കർഷകർക്ക് പ്രോത്സാഹനം നൽകും.

നാട്ടുരാജാക്കന്മാരും ഭൂവുടമകളും നിലവിലിരുന്ന കാലം വിഷുവെടുക്കൽ, വിഷുവല്ലി തുടങ്ങിയ ആചാരങ്ങൾ നിലനിന്നിരുന്നു. ഈ ദിവസം വയലിൽ ഒരുവർഷത്തേക്കുള്ള പണിക്കായി ആളെ നിശ്ചയിച്ച് വസ്ത്രവും അരിയും കോപ്പും കൊടുക്കുക എന്ന ആചാരമുണ്ടായിരുന്നു. കൃഷിക്കാരും അന്നേദിവസം അവരുടെ വരുമാനമായ കൃഷി ഉല്പന്നങ്ങൾ ഭൂവുടമയ്ക്ക് സമർപ്പിക്കും.

**ക്ഷേത്രങ്ങളിൽ**

പാലക്കാട്ടുകാർ പൊറാട്ട് (കണിയാർകളി) എന്ന ഒരു കളി രാത്രി പുലരുന്നതുവരെ നടത്തും. അതിൽ വെളിച്ചപ്പാടും കോലംതുള്ളലും മേളവും ഒക്കെ ഉണ്ടാകും. നായർസമുദായക്കാരാണ് കൂടുതലായി ഇത് ആചരിക്കുന്നത്. കണ്ണൂരിലെ കാപ്പാട്ടുദൈവത്താർക്ക് വെടിവഴിപാട് പതിവുണ്ട്. കണികണ്ട ഉടനെ കതിന വെടിമുഴങ്ങും. കണികണ്ട് കോലക്കാരൻ മുഖത്തെഴുതാൻ പോകും. അപ്പോഴേക്കും ആളുകൾ കുളിച്ചൊരുങ്ങി അമ്പലത്തിലെത്തും. തെയ്യത്തെക്കണ്ട് മടങ്ങി വീട്ടിൽ സദ്യവട്ടങ്ങൾ തുടങ്ങും. തുടർന്ന് പത്താമുദയം വരെ ഉത്സവം. തിരുവങ്ങാട്, ശ്രീരാമക്ഷേത്രത്തിൽ കൊടിയേറ്റം വിഷുവിനാണ്. മാവിലായി ദൈവത്താർക്ക് അടിയാണ് പ്രധാനം. രണ്ടു കുട്ടികൾ അവിൽക്കിഴിക്കു വേണ്ടി അടിച്ചു മരിച്ചുവത്രേ. അതിനു സാക്ഷ്യംവഹിച്ചത് ദൈവത്താറാണ്. അതു ഭഗവാന് മറക്കാനാവുന്നില്ല. അതിനാൽ തന്റെ ഉത്സവത്തോടൊപ്പം ആ കുട്ടികളുടെ സ്മരണാർത്ഥം അടി നടത്തും. വ്രതധാരികളായ ‘കൈക്കോൻമാർ’ രണ്ടു ചേരികളിലായി നിന്ന് ചുമലിൽക്കയറി പരസ്പരം തല്ലും. കീഴിൽ കുടുംബാവകാശികളും നാട്ടുകാരും താങ്ങിനിർത്തും. അടിച്ചിറങ്ങി അവസാനം ബാക്കിയാകുന്നവരെ വിജയികളായി പ്രഖ്യാപിക്കും. ഭഗവാൻ സാക്ഷിയായി തെയ്യമുണ്ടാകും. അതിനു മുമ്പുള്ള ദിവസങ്ങളിൽ പല ഭാഗത്തായി അടിയും പിടിയും ഉന്ത്, തള്ള്, തിക്ക്, തിരക്ക് എന്നീ പരിപാടികൾ നടക്കും. നല്ല കൊച്ചുതേങ്ങ ചകിരി കളഞ്ഞ് മിനുക്കിയെടുത്ത് എണ്ണപ്പാത്രത്തിൽ ഇട്ടുവെയ്ക്കും. പിടിയുടെ ദിവസം അതെടുത്ത് വ്രതധാരികളുടെ നടുവിലേക്കെറിയും. അതു നിലത്തു വീഴാതെ പിടിക്കണം. വഴുതിനീങ്ങുന്ന തേങ്ങ പിടിക്കാൻ സാധിക്കാതെ അവിടെ ഒരു ബഹളം നടക്കും. അണ്ടല്ലൂർകാവിൽ ഒരു തറയുണ്ട്. ആ തറയ്ക്കു മുകളിൽ വ്രതധാരികൾ കയറിനിന്ന് തമ്മിൽ തമ്മിൽ തള്ളി പുറത്താക്കാൻ ശ്രമിക്കും. ഇങ്ങനെ ഒരമ്മയുടെ മക്കളെപ്പോലെ കെട്ടിമറിഞ്ഞു കൂത്താടുന്ന കാർഷികവിശുദ്ധിയുടെ നിറവിലുള്ള ഉത്സവങ്ങൾ ധാരാളം മലബാറിൽ കാണാം.

തൃച്ചംബരത്ത് ശ്രീകൃഷ്ണനും ബലരാമനും കൂടി പിരിയുന്ന ഒരു ആചാരമുണ്ട്. ബലരാമവിഗ്രഹം എഴുന്നള്ളിച്ചു കൊണ്ടുവന്നാൽ മാത്രമേ തൃച്ചംബരം ശ്രീകൃഷ്ണക്ഷേത്രത്തിൽ ഉത്സവം ആരംഭിക്കുകയുള്ളൂ. ഉത്സവദിവസങ്ങളിൽ രണ്ടുപേരും മേളത്തിനൊപ്പിച്ച് നൃത്തംചവിട്ടും. ഉത്സവസമാപനമായാൽ ഒരാൾ തലയിൽ പാൽക്കുടം കൊണ്ടുവരും. പാൽക്കുടം കാണുമ്പോൾ കൃഷ്ണൻ, രാമനെ മറന്ന് പാലിന്റെ പിന്നാലെ പോകും. ബലരാമൻ ദുഃഖത്തോടെ പിരിഞ്ഞുപോകും. വികാരഭരിതമായ മുഹൂർത്തം കാണാൻ ജനലക്ഷങ്ങൾ ക്ഷേത്രപരിസരത്ത് ഒത്തുകൂടും.

രാമായണവുമായും ശ്രീരാമ-രാവണയുദ്ധവും വാനരപ്പടയുമായി ബന്ധപ്പെട്ട പല കഥകളും ഇതിനു പിന്നിലുണ്ട്. അണ്ടല്ലൂർ, എടക്കാട് എന്നിവിടങ്ങളിലും ദൈവത്താർ ക്ഷേത്രങ്ങളുണ്ട്. എങ്കിലും അടിയില്ല. അഴീക്കോട് പാലോട്ടുകാവിൽ രാവിലെ മുതൽ തെയ്യക്കോലങ്ങൾ കാണാൻ ജനപ്രവാഹമായിരിക്കും. തളിപ്പറമ്പിലും തൃച്ചംബരത്തും പയ്യന്നൂരും ഗുരുവായൂരും ശബരിമലയിലും പത്മനാഭസ്വാമി ക്ഷേത്രത്തിലും കണികാണാൻ വൻ ജനത്തിരക്കാണ്. ക്ഷേത്രങ്ങളിൽനിന്നും മേൽശാന്തി എല്ലാവർക്കും കൈനീട്ടം കൊടുക്കും. വിഷുവേല ഉത്സവവും പത്താമുദയം ഉത്സവവും ധാരാളം ക്ഷേത്രങ്ങളിലുണ്ട്.

വിഷുപ്പക്ഷി പാടി:

“തച്ചക്ഷുർ ദേവഹിതം
പുരസ്സാശ്ചക്രമുച്ചരൻ
പശ്യേമശരകശനം ജീവേമശരദശതം”

ലോകത്ത് കണ്ണിന്റെ സ്ഥാനം വഹിക്കുന്ന സൂര്യമണ്ഡലം ഉദിച്ചുയരുന്നതോടെ എല്ലാ വസ്തുക്കളും പ്രകാശമാനമാകുന്നു. സൂര്യന്റെ ഗതി അനുസരിച്ച് ദേവന്മാർക്ക് ഹവിസ്സ് ലഭിക്കുന്നു. സൂര്യനെ നൂറുവർഷം കാണാറാകട്ടെ. അത്രയുംകാലം രോഗാദിബാധകൾ കൂടാതെ ജീവിച്ചിരിക്കുവാൻ സാധിക്കട്ടെ. എല്ലാവർക്കും സുഖം ലഭിക്കട്ടെ.

*(വിശ്വഹിന്ദുപരിഷത്ത് അർച്ചക് പുരോഹിതവിഭാഗം ആചാര്യനാണ് ലേഖകൻ.)*

**അനുസ്മരണം**

**ഏപ്രിൽ 25 സ്വാമിജിയുടെ സമാധിദിനം**

**സി. വാസുദേവൻ ഐ.എ.എസ് (റിട്ട.)**

# സ്വാമി രംഗനാഥാനന്ദജി മഹാരാജ്

**ഇന്ത്യയുടെ നട്ടെല്ല് മതവും ആത്മീയതയുമാണെന്ന് സ്വാമി വിവേകാനന്ദൻ പ്രഖ്യാപിച്ചു. സനാതനധർമ്മം പിന്തുടർന്നുകൊണ്ട് ഋഷിമാർ മുതലുള്ളവർ ഇത് ഉയർത്തിപ്പിടിച്ചാണ് പോരുന്നത്. ഇത് ഏതെങ്കിലും വിഭാഗത്തിന്റെയോ മതത്തിന്റെയോ വ്യക്തിയുടെയോ അല്ല. സനാതനം എന്ന വാക്ക് സൂചിപ്പിക്കുന്നത് നാശമില്ലാത്തത് എന്നാണ്. മാനവിക ആത്മീയചിന്തയുടെ വിപ്ലവമാണത്. അത് തലമുറകളിലൂടെ പൊയ്ക്കൊണ്ടിരിക്കുന്നു.**



"ധർമ്മാത് ധർമ്മമിത്യാഹു"
"ധർമ്മോ ധാരയതി പ്രജാ"
"ധർമ്മോ രക്ഷതി രക്ഷിതാ"

ആത്മീയസിംഹം ചെറിയൊരു നിദ്രയിലാണ്. പക്ഷെ അതിന്റെ ആത്മീയ ഗർജ്ജനം ലോകം മുഴുവൻ അലയടിക്കുന്നു. 'മാനവനിർമ്മാണ'ത്തിൽ തുടങ്ങി 'ഈശ്വരനിൽ വിശ്വസിക്കുന്നതിനു മുമ്പ് അവനവനിൽ വിശ്വാസമുണ്ടായിരിക്കുക' എന്നുവരെയുള്ള സ്വാമി വിവേകാനന്ദന്റെ ഉദ്ബോധനങ്ങളാണ് ആ ഗർജ്ജനം നമ്മെ ഓർമ്മിപ്പിക്കുന്നത്. സ്വാമി രംഗനാഥാനന്ദജി ഇതേ അർത്ഥത്തിൽ പറയാറുണ്ടായിരുന്ന ഒരു വാചകം ഒരു ഭക്തനിൽ നിന്നും ഞാൻ കേൾക്കാനിടയായി, "എത്ര നാളാണ് നിങ്ങൾ പാഹിമാം പാഹിമാം (എന്നെ രക്ഷിക്കൂ എന്നെ രക്ഷിക്കൂ) എന്ന് ആവർത്തിച്ചുകൊണ്ടിരിക്കുക, സ്വയം രക്ഷപ്പെടുന്നതിനുള്ള ശ്രമം നടത്താതെ" സ്വാമിജിയുടെ അവനവനെ തന്നെ ആശ്രയിക്കുവാനുള്ള ആഹ്വാനമാണ് എല്ലാവർക്കുമായി നൽകുവാനുണ്ടായിരുന്ന ഔഷധം.

ഇന്ത്യയുടെ നട്ടെല്ല് മതവും ആത്മീയതയുമാണെന്ന് സ്വാമി വിവേകാനന്ദൻ പ്രഖ്യാപിച്ചു. സനാതനധർമ്മം പിന്തുടർന്നുകൊണ്ട് ഋഷിമാർ മുതലിങ്ങോട്ടു



*സ്വാമി രംഗനാഥാനന്ദജി എൽ.കെ. അദ്വാനിയോടൊപ്പം...*

ള്ളവർ ഇത് ഉയർത്തിപ്പിടിച്ചാണ് പോരുന്നത്. ഇത് ഏതെങ്കിലും വിഭാഗത്തിന്റെയോ മതത്തിന്റെയോ വ്യക്തിയുടെയോ അല്ല. സനാതനം എന്ന വാക്ക് സൂചിപ്പിക്കുന്നത് നാശമില്ലാത്തത് എന്നാണ്. മാനവിക ആത്മീയചിന്തയുടെ വിപ്ലവമാണത്. അത് തലമുറകളിലൂടെ പൊയ്ക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് ശ്രീരാമകൃഷ്ണപരമഹംസൻ ഇങ്ങനെ പറഞ്ഞത്: " ഋഷിമാർ വിളംബരം ചെയ്ത സനാതനധർമ്മം മാത്രമേ നാശമില്ലാതെ നിലനില്ക്കുകയുള്ളൂ. എല്ലാം പ്രത്യക്ഷമാകുന്നതും അപ്രത്യക്ഷമാകുന്നതും ഈശ്വരേച്ഛക്കനുസരിച്ചാണ്." അദ്ദേഹം തുടർന്നു പറഞ്ഞു, "സനാതനധർമ്മത്തിൽ എല്ലാതരം ആരാധനയും നിലനില്ക്കുന്നു. ഈശ്വരനെ സാകാരത്തിലും നിരാകാരത്തിലും ആരാധിക്കൽ. അത് എല്ലാ വഴിയും അടങ്ങിയതാണ്, ജ്ഞാനമാർഗം, ഭക്തിമാർഗം ഇങ്ങനെ. മറ്റു മതങ്ങൾ, ആധുനികസമ്പ്രദായങ്ങൾ കുറച്ചു ദിവസം മാത്രം നിന്ന് അപ്രത്യക്ഷമാകും."

അനുയോജ്യമായ കാലങ്ങളിൽ അവതരിച്ച് തങ്ങളുടെ ദൗത്യം പൂർത്തിയാക്കി, സ്വധർമത്തിലേക്ക് മടങ്ങിയ നിരവധി അവതാരങ്ങളെ കുറിച്ചുള്ള ഗ്രന്ഥങ്ങളിൽ നിന്നുമാണ് നാം അറിവുനേടുന്നത്. ശ്രീരാമകൃഷ്ണപരമഹംസർ, ശാരദാദേവി, സ്വാമി വിവേകാനന്ദൻ തുടങ്ങി തങ്ങളുടെ ദൗത്യം പൂർത്തിയാക്കിയ മഹാത്മാക്കളുടെ ഒരു പരമ്പരതന്നെയുണ്ട്. ഇവരുടെ ജന്മദൗത്യത്തിനനുപാതികമായി അവരുടെ ജീവിതം മുഴുവൻ കർമ്മങ്ങളായിരുന്നു. ശ്രീരാമകൃഷ്ണന്റെ

**മതേതരത്വമെന്നാൽ മതപരമായ കാര്യങ്ങളിൽ നിന്നും ആത്മീയ പരിസരങ്ങളിൽ നിന്നും അകന്നുനിൽക്കലാണെന്ന ഒരു പൊതുധാരണയുണ്ട്. എന്നാൽ സ്വാമിജി തന്റെ പ്രഭാഷണങ്ങളിൽ, വളച്ചൊടിക്കാതെ രണ്ടിന്റെയും പ്രാധാന്യം ഉദ്ബോധിപ്പിക്കാറുണ്ട്. ഇത് മതവിശ്വാസികളിലും അല്ലാത്തവരിലും അദ്ദേഹത്തിന്റെ വീക്ഷണങ്ങൾക്ക് സ്വീകാര്യതയും അംഗീകാരവും നൽകാൻ പര്യാപ്തമായി.**

അന്തരംഗശിഷ്യന്മാർ ഗുരുവിന്റെ ദൗത്യപൂർത്തീകരണത്തിനായി അണുവിടപോലും വ്യതിചലിക്കാതെ അദ്ദേഹത്തിന്റെ കാല്പാടുകൾ പിന്തുടർന്നു പോന്നു. ഗുരുവിന്റേതുപോലെതന്നെയായിരുന്നു അവരുടെയും ജീവിതവും വാക്കുകളും. ശ്രീരാമകൃഷ്ണന്റെ അന്തരംഗശിഷ്യന്മാരുടെ ശിഷ്യന്മാരാവുകയെന്നത് ശരിക്കുമൊരു ജീവിതനേട്ടം തന്നെയായിരുന്നുവെന്നു മാത്രമല്ല അവരും ആ ധർമ്മാചാര്യ പരമ്പരയിൽ ഉൾപ്പെട്ടിരുന്നു. രാമകൃഷ്ണമഠത്തിന്റേയും രാമകൃഷ്ണമിഷന്റേയും പതിമൂന്നാമത് പ്രസിഡന്റായിരുന്ന ശ്രീമദ് സ്വാമി രംഗനാഥാനന്ദജി മഹാരാജ് ഇത്തരമൊരു മഹാത്മാവായിരുന്നു. ശ്രീരാമകൃഷ്ണന്റെ അന്തരംഗശിഷ്യരിലൊരാളും, രാമകൃഷ്ണമഠത്തിന്റെയും രാമകൃഷ്ണമിഷന്റെയും മുൻ പ്രസിഡന്റുമായിരുന്ന ശ്രീമദ് സ്വാമി ശിവാനന്ദജി മഹാരാജിന്റെ ശിഷ്യനായിരുന്നു. അദ്ദേഹം.

സന്യാസിമാർ ആത്മീയകർമ്മങ്ങളിൽ മാത്രം മുഴുകി വൈരാഗ്യജീവിതം നയിക്കുന്നവരാണെന്നത് സാമാന്യമായ ഒരു യാഥാർത്ഥ്യമാണ്. എന്തെങ്കിലും താൽക്കാലികമായി നിർബന്ധപൂർവ്വം ചെയ്യേണ്ടിവരികയാണെങ്കിൽ തന്നെ അവരത് വൈരാഗ്യപൂർവ്വം ചെയ്യുകയാണ് പതിവ്. ആധുനികകാലത്ത് പ്രത്യക്ഷത്തിലുള്ള 'പൊതുകാര്യങ്ങളിൽ നിന്നുള്ള അകന്നുനില്പ്' ചില ഭക്തരുടെ മനസ്സിനെ വല്ലാതെ ബാധിച്ചിട്ടുണ്ട്. ഒരു സന്യാസിയായിരിക്കുകയും ക്ഷണികമായ കർമ്മങ്ങളിൽ മുഴുകുകയെന്നതും പരസ്പരം വ്യത്യസ്തമായ



കാര്യങ്ങളാണ്. എന്നാൽ ഈ അതിവേഗലോകത്തിൽ ഒന്ന് മറ്റൊന്നുമായി ബന്ധപ്പെടാതെ അവ ഏത് വിഭാഗത്തിൽ പെടുന്നതായാലും, നിലനില്ക്കുകയെന്നത് സാദ്ധ്യമല്ല. വൈകിയാണെങ്കിലും സന്യാസസമ്പ്രദായങ്ങളിൽപ്പെടുന്നവർ ദൈനംദിനകർമ്മങ്ങളിൽ ഇടപെടുന്നത് വർദ്ധിച്ചുവരുന്നുണ്ട്. പ്രത്യേകിച്ച് സ്വാമി വിവേകാനന്ദന്റെ സങ്കല്പത്തിലുള്ള സാമൂഹ്യസേവനത്തിന്റെ ഭാഗമായുള്ള കർമ്മങ്ങളിൽ ഭാഗഭാക്കാവുമ്പോൾ. ശ്രീരാമകൃഷ്ണപരമ്പരയിലെ സന്യാസിമാർ ഇത് സ്തുത്യർഹമായും കാര്യബോധത്തോടെയും നിർവഹിക്കുന്നുവെന്ന് പറയേണ്ടിയിരിക്കുന്നു. അങ്ങിനെയായാലും ഒരാൾക്കു തോന്നുന്നത് വർദ്ധിച്ചുകൊണ്ടിരിക്കുന്ന നാനാവിധമായ കർമ്മങ്ങൾകൊണ്ട് പ്രക്ഷുബ്ധമായ ലോകത്തിൽ സന്യാസപരമ്പരയും പൊതുജനങ്ങളും തമ്മിലുള്ള ഐക്യം കുടുതൽ ഊർജ്ജിതമാക്കേണ്ടതുണ്ടെന്നാണ്. ആധുനിക ശാസ്ത്രീയ വെളിപ്പെടുത്തലുകളുടെ വെളിച്ചത്തിൽ ശരിയായ ദിശാബോധത്തോടെയുള്ള ആത്മജ്ഞാനത്തിന്റെ പ്രചാരം വളരെ വേഗത്തിലാക്കേണ്ടതുണ്ട്. ഒരളവുവരെ രാമകൃഷ്ണ പരമ്പരയിലെ സന്യാസിമാർ ഇത് പൂർത്തീകരിക്കുന്നുണ്ട്. സ്വാമി വിവേകാനന്ദനുശേഷം അത്രയും വിജയകരമായി, പ്രത്യേകിച്ച് അന്താരാഷ്ട്രതലത്തിൽ ഇത് നേടിയെടുത്ത ഒരേയൊരാൾ സ്വാമി രംഗനാഥാനന്ദജി മഹാരാജായിരുന്നു. അന്താരാഷ്ട്രതലത്തിലുള്ള സ്വാമിജിയുടെ ബന്ധങ്ങളിൽ ജൂലിയൻ ഹക്സിലിയെപോലുള്ള ശാസ്ത്രജ്ഞന്മാരും. ആൻഡസ് ഹക്സിലിയെപോലുള്ള തത്വചിന്തകരും, പഴയ സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയനിൽ നിന്നുള്ളവരും, അമേരിക്കൻ ആസ്ട്രേലിയൻ യൂണിവേഴ്സിറ്റികളിൽ നിന്നുള്ളവരും യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ളവരുമുണ്ടായിരുന്നു.

സ്വാമിജിയുടെ ലാളിത്യത്തോടെയും ശാസ്ത്രീയമായും ബുദ്ധിപരമായുമുള്ള ആത്മീയഗ്രന്ഥങ്ങളുടെ അപഗ്രഥനം പൊതുവെ വിരസമായ പ്രഭാഷണങ്ങൾ കേട്ടുപോന്നവർക്ക് പുതിയൊരു വീഥി തുറന്നുകൊടുക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും മികച്ച കൃതിയായ 'ഉപനിഷത്തുകളുടെ സന്ദേശം', അദ്ദേഹവും പ്രശസ്ത ശാസ്ത്രജ്ഞനായ ജൂലിയൻ ഹക്സലിയുമായുള്ള വിനിമയമായിരുന്നു. 'മാറുന്ന സമൂഹത്തിലെ അനശ്വരമൂല്യങ്ങൾ', 'ലോകത്തെ നോക്കിക്കൊണ്ടുള്ള ഒരു തീർത്ഥാടകൻ' എന്നിവ തുല്യപ്രസക്തമായ മറ്റു രണ്ട് ഗ്രന്ഥങ്ങളാണ്. ഈ മൂന്ന് പുസ്തകങ്ങളെ ചേർത്ത് ആധുനിക പ്രസ്ഥാനത്രയമെന്ന് പറയുന്നത് അതിശയോക്തിയാകില്ല. ഇതിനുപുറമെ ഭഗവത്ഗീതയുടെയും ബൃഹദാരണ്യകോപനിഷത്തിന്റെയും വ്യാഖ്യാനങ്ങളുമുണ്ട്. ആദ്ധ്യാത്മിക വിഷയങ്ങളോട് വിരോധമുള്ളവർക്കും ഇവ ഉൾക്കൊള്ളാനാവും.

മറ്റു സന്യാസിമാരിൽനിന്നും വ്യത്യസ്തമായി, സ്വാമിജി ലോകസംഭവങ്ങളുടെ നടുവിലായിരുന്നു, എന്നാൽ താമരയിലെ വെള്ളത്തുള്ളി പോലെ അതിലുണ്ടെങ്കിൽ തന്നെയും ഇല്ലാതെ. 'പരിമിതമായ വിദ്യാഭ്യാസം' മാത്രം നേടിയ സ്വാമിജിയുടെ വിഷയഗ്രഹണശക്തി ബൃഹത്തായിരുന്നു, പണ്ഡിതന്മാരുമായി താരതമ്യം ചെയ്യുമ്പോൾ. ഏതു വിഷയവും അദ്ദേഹം കൈകാര്യം ചെയ്തിരുന്നു. ശാസ്ത്രമോ, സാഹിത്യമോ, തത്ത്വശാസ്ത്രമോ, തർക്കശാസ്ത്രമോ, ഭരണപരമോ, ജനാധിപത്യമോ, സ്വാതന്ത്ര്യമോ, യു.എൻ അഥവാ അന്താരാഷ്ട്ര നയതന്ത്രകാര്യങ്ങളോ സാമൂഹ്യശാസ്ത്രമോ, നീതിശാസ്ത്രമോ, ഊർജ്ജം അഥവാ ആണവം, ബിസിനസ്സ് അഥവാ കച്ചവടം, മാനവപുരോഗതി അഥവാ ഗ്രാമീണവികസനം, രാഷ്ട്രസ്നേഹം, അഥവാ പൗരത്വം, നിയമം അഥവാ അടിയന്തരാവസ്ഥ എന്നിങ്ങനെ ഈ പട്ടിക സുദീർഘമാണ്. അദ്ദേഹം എവിടെ വെച്ചും ഏതു സമയത്തും ഏതു വിഷയത്തെക്കുറിച്ചും ക്ലാസ് എടുക്കാറുണ്ട്. സംവാദങ്ങളും പ്രഭാഷണങ്ങളും നടത്താറുണ്ട്. തന്റെ ജ്ഞാനമണ്ഡലം കൊണ്ട് ദാർശനികമായ പാണ്ഡിത്യത്തിനപ്പുറം ഒരു ഭരണാധികാരി, സാമൂഹികശാസ്ത്രജ്ഞൻ, ചരിത്രകാരൻ, ശാസ്ത്രാന്വേഷി, വിദ്യാഭ്യാസവിചക്ഷണൻ, പ്രാസംഗികൻ എന്നിവയൊക്കെയായിത്തീർന്നു അദ്ദേഹം. ആത്മീയമായി ബഹുവിധ നൈപുണ്യം കൈവരിക്കുകയെന്നത്, അപൂർവമായ നേട്ടമാണ്. എന്നാൽ സ്വാമിജി ഇത് അനായാസം നേടിയെന്നത് അദ്ദേഹത്തിലെ ഈശ്വരീയമായ ഗുണങ്ങളെയാണ് വിശദമാക്കുന്നത്.

മതേതരത്വമെന്നാൽ മതപരമായ കാര്യങ്ങളിൽ നിന്നും ആത്മീയ പരിസരങ്ങളിൽ നിന്നും അകന്നുനിൽക്കലാ



*ബേലൂർ മഠം*

ണെന്ന ഒരു പൊതുധാരണയുണ്ട്. എന്നാൽ സ്വാമിജി തന്റെ പ്രഭാഷണങ്ങളിൽ, വളച്ചൊടിക്കാതെ രണ്ടിന്റെയും പ്രാധാന്യം ഉദ്ബോധിപ്പിക്കാറുണ്ട്. ഇത് മതവിശ്വാസികളിലും അല്ലാത്തവരിലും അദ്ദേഹത്തിന്റെ വീക്ഷണങ്ങൾക്ക് സ്വീകാര്യതയും അംഗീകാരവും നൽകാൻ പര്യാപ്തമായി. ഇത് സ്വാമിജിയെപോലെ സന്യാസപരമ്പരയിലുള്ള ഒരാളെ പഴയ സോവിയറ്റ് യൂണിയനിലുള്ള നാസ്തികരുടെ പോലും അംഗീകാരത്തിനും സ്വീകാര്യത്തിനും അർഹനാക്കി. സോവിയറ്റ് യൂണിയനുണ്ടായിരുന്നപ്പോൾ സ്വാമിജി മോസ്കോ സർവകലാശാലയിൽ അഭിസംബോധന ചെയ്തു സംസാരിക്കുകയും അദ്ദേഹത്തിന്റെ ആ പ്രഭാഷണങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു.

വ്യക്തിപരമായി പറയട്ടെ, സ്വാമിജി ഹൈദരാബാദിലെ രാമകൃഷ്ണമഠത്തിന്റെ പ്രസിഡന്റായിരിക്കുന്ന സമയത്ത് അദ്ദേഹത്തോടൊപ്പം മഠത്തിൽ ഒന്നോ രണ്ടോ ദിവസം താമസിക്കാൻ ഭാഗ്യം ലഭിക്കുകയുണ്ടായി. 1982 ൽ ഞാൻ സർവീസിലായിരുന്നപ്പോൾ

**സ്വാമി വിവേകാനന്ദന്റെ ആശയങ്ങളും ആദർശങ്ങളും അന്നത്തെ സാമൂഹ്യാന്തരീക്ഷത്തിൽ വ്യാപിക്കുകയും സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ പ്രചരിയ്ക്കുകയും അത് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ അസംഖ്യം ദേശസ്നേഹികളെ സൃഷ്ടിക്കുകയും ചെയ്തു. ഇന്ന് ഇന്ത്യ സ്വതന്ത്രയാണ്. ജനക്ഷേമകരങ്ങളായ പദ്ധതികൾ തുടർന്നുപോകുകയെന്നത് ഭരണാധികാരികളുടെ കർത്തവ്യമാണ്. ഈ സാഹചര്യത്തിൽ സ്വാമി രംഗനാഥാനന്ദ ജിയുടെ ചിന്തകൾ യുവഭരണാധികാരികൾക്കു മാത്രമല്ല, ബിസിനസുകാർ തങ്ങളുടെ കർമ്മമേഖലക്ക് ഒരു ആത്മീയസ്പർശം നൽകാൻ സാധിക്കും.**





എനിക്ക് ഹൈദരാബാദ് നഗരത്തിൽ നിന്നും 20 കി.മീ. ദൂരെയുള്ള രാജേന്ദ്രനഗറിലേക്ക് ഒരു സെമിനാറിൽ പങ്കെടുക്കാനായി പോകേണ്ടിവന്നപ്പോൾ സ്വാമിജിയെ കണ്ട് അനുഗ്രഹം വാങ്ങുന്നത് നന്നായിരിക്കുമെന്ന് തോന്നി. ഞാൻ ഈ അവസരം പൂർണമായും വിനിയോഗിച്ചു. അന്നവിടെ അതിഥിയുണ്ടായിരുന്ന അന്നത്തെ കേന്ദ്രവിദ്യാഭ്യാസമന്ത്രി ഡോ. വി.കെ.ആർ.വി. റാവുവിനെ പരിചയപ്പെടാനുള്ള അവസരം ലഭിക്കുകയും ചെയ്തു.

സന്യാസിമാർ സാംസ്കാരിക പ്രവർത്തനങ്ങളോടുപോലും വിമുഖരാണെന്ന ഒരു തെറ്റിദ്ധാരണയുണ്ട്. ഇത് പൂർണമായും ശരിയല്ല, ചിലപ്പോൾ അങ്ങനെ തോന്നിയേക്കാമെങ്കിലും. അവർ തങ്ങളുടെ മേഖലക്കപ്പുറത്തേക്കുപോകാതെ കർശനമായ നിയന്ത്രണങ്ങൾക്കിടയിൽ ഒതുങ്ങിക്കൂടുമായിരുന്നു.എന്നാൽ രംഗനാഥാനന്ദസ്വാമി ഇങ്ങനെയായിരുന്നില്ല.

സ്വാമിജി തൃശ്ശൂരിലെ പുറനാട്ടുകര ശ്രീരാമകൃഷ്ണമഠത്തിൽ വച്ച് എല്ലാ വർഷവും ഡിസംബർമാസത്തിൽ നടത്തിവരാറുള്ള അഞ്ചുദിവസത്തെ അന്തര്യോഗം ഉത്ഘാടനം ചെയ്യാൻ എത്തുമായിരുന്നു. ഒരിക്കൽ പ്രഭാഷണത്തിന് മുമ്പുള്ള ഭജന നടക്കുകയായിരുന്നു. . കൃത്യസമയത്തു തന്നെ സ്വാമിജി എത്തിച്ചേർന്നപ്പോൾ പരിപാടികളുടെ ചാർജ്ജ് ഉണ്ടായിരുന്ന സ്വാമിജി പരിപാടികൾ ആരംഭിക്കാറായതിനാൽ ഭജന നിർത്തുവാൻ ആവശ്യപ്പെട്ടു. എന്നാൽ സ്വാമിജി അവരോട് ഭജന അവസാനിക്കുന്നതുവരെ തുടരുവാൻ ആവശ്യപ്പെടുകയായിരുന്നു. ഭജനാലാപനത്തിൽ ആകർഷിതനായിരുന്ന സ്വാമിജി അതിന്റെ ഒഴുക്ക് തടസ്സപ്പെടുത്താൻ ആഗ്രഹിച്ചിരുന്നില്ല.

സ്വാമിജിയുടെ പ്രഭാഷണങ്ങൾ ശ്രോതാക്കളെ ആകർഷിക്കുകയും വീണ്ടും കേൾക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നതായിരുന്നു. അദ്ദേഹത്തിന്റെ ആശയങ്ങളോ, വിഷയങ്ങളോ, ശ്രോതാക്കളിൽ തറച്ചുകയറണമെന്ന് ലക്ഷ്യമിട്ടുള്ളവ ആത്മീയവെടിയുണ്ടകൾ പോലെ വേദനിപ്പിക്കാതെ മനസ്സിന്റെ വേരുകളിൽ തറച്ചുകയറുമായിരുന്നു. സമഗ്രവും വിപുലവുമായ ജ്ഞാനം, അദ്ദേഹം ശ്രോതാക്കളിലേക്കു പകർന്നുകൊടുക്കാൻ ആഗ്രഹിച്ചിരുന്നു. സത്യത്തെ ശരിയായ രീതിയിൽ അവതരിപ്പിക്കാൻ സ്വാമിജി ഉപയോഗിച്ചിരുന്നു ശാസ്ത്രീയ പരിപാകത എടുത്തുപറയേണ്ടതാണ്. സന്യാസി പ്രസ്ഥാനങ്ങളുടെ ചരിത്രത്തിൽ, ആ പരമ്പരയിൽ ഏതെങ്കിലുമൊരാൾ, ബഹുവിധതത്വദർശനങ്ങളെ ശാസ്ത്രീയമായി അവതരിപ്പിച്ച് ഏവർക്കും പ്രാപ്യമാക്കാൻ ശ്രമിച്ചവരായി ആരുമുണ്ടായിരുന്നില്ല.

ഭക്തിയെയും ജ്ഞാനത്തെയും കുറിച്ച് ചർച്ചകളും സംവാദങ്ങളും നടക്കുമ്പോൾ വിവാദങ്ങളും ധാരാളമായി ഉണ്ടാകാറുണ്ട്. ഏതെങ്കിലും മതസ്ഥാപനത്തിലെ ഉന്നതതലത്തുള്ളവർ മുതൽ സാധാരണക്കാർ വരെ അതിൽ ബന്ധപ്പെട്ടിരിക്കുന്നു. ഓരോരുത്തരും തങ്ങളുടെ ആത്മീയപാതയാണ് മറ്റേതിനേക്കാൾ മികച്ചതെന്ന് അവകാശപ്പെടും. എന്നാൽ സ്വാമിജിയുടെ ഇതേക്കുറിച്ചുള്ള വ്യാഖ്യാനം ധർമോപദേശപരമായിരുന്നു. അദ്ദേഹം പറയുന്നു. “ഒരുവൻ ഭക്തി വരുന്നതായി കാണുമ്പോൾ ജ്ഞാനവും അതിന്റെ പുറകേ വരുന്നുണ്ടെന്ന് അറിയേണ്ടതുണ്ട്. ഒരുവൻ ജ്ഞാനം വരുന്നത് കാണുമ്പോൾ ഭക്തി പുരോഗതി പ്രാപിച്ചുവെന്ന് അറിയണം. ഭക്തി വർദ്ധിച്ച് അത് ജ്ഞാനമായിത്തീരുന്നു. വെള്ളവും ഐസും പോലെ പരസ്പരബന്ധിതമാണ്. ജ്ഞാനം തെളിഞ്ഞ ഭക്തിയുടെ പരമകോടിയാണ്”.

ഹിന്ദുമതപ്രസ്ഥാനങ്ങളുടെ ഒരു നിർഭാഗ്യകരമായ വശം പരമോന്നതമായ



ഹ്യാന്തരീക്ഷത്തിൽ വ്യാപിക്കുകയും സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ പ്രചരിയ്ക്കുകയും അത് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ അസംഖ്യം ദേശസ്നേഹികളെ സൃഷ്ടിക്കുകയും ചെയ്തു. ഇന്ന് ഇന്ത്യ സ്വതന്ത്രയാണ്. ജനക്ഷേമകരങ്ങളായ പദ്ധതികൾ തുടർന്നുപോകുകയെന്നത് ഭരണാധികാരികളുടെ കർത്തവ്യമാണ്. ഈ സാഹചര്യത്തിൽ സ്വാമി രംഗനാഥാനന്ദജിയുടെ ചിന്തകൾ യുവഭരണാധികാരികൾക്കു മാത്രമല്ല, ബിസിനസുകാർ തുടങ്ങിയവർക്കും തങ്ങളുടെ കർമ്മമേഖലക്ക് ഒരു ആത്മീയസ്പർശം നൽകാൻ സാധിക്കും. ഇത്തരം വ്യക്തികളെയും പ്രസ്ഥാനങ്ങളെയും അഭിസംബോധന ചെയ്തിരുന്ന അദ്ദേഹത്തിന് വളരെ ആദരപൂർവമുള്ള സ്വീകരണമാണ് ലഭിച്ചിരുന്നത്. യഥാർത്ഥ ജ്ഞാനത്തെ അതിന്റെ താത്വികമായ തലത്തിൽ അവതരിപ്പിച്ചുകൊണ്ട്, ജ്ഞാനാന്വേഷികൾക്ക് പകർന്നു നൽകുകയായിരുന്നു സ്വാമി രംഗനാഥാനന്ദജി. മൂല്യ



ജൂലിയൻ ഹക്സിലി

മാനുഷികധർമ്മത്തിന്റെ പതാക മുകളിലേക്കുയർത്തുമ്പോൾ, സമകാലിക സംഭവങ്ങളുടെ പ്രയാണത്തിനനുപാതമായി ചരിക്കുന്നതിൽ അത് ഒരു നിമിഷം പരാജയപ്പെടുന്നുവെന്നതാണ്. ശ്രീരാമകൃഷ്ണന്റെ കാലത്തും അതിനെത്തുടർന്ന് ശിഷ്യരുടെ കാലത്തുമാണ് അതിന് ഒരു ആവേശവും ഉണർവും ലഭിക്കുന്നത്. പ്രതിസന്ധിഘട്ടത്തെ ധീരതയോടെ നേരിട്ട് കടൽ കടന്നുപോയി യാഥാസ്ഥിതിക പുരോഹിതവർഗത്തിന്റെ കോപത്തിനു പോലും പാത്രമായി പാശ്ചാത്യലോകത്തിനു മുമ്പിൽ സനാതനധർമ്മത്തിന്റെ പ്രകാശമാനമായ ഒരു ചിത്രം പ്രതിഷ്ഠിച്ചത് വിവേകാനന്ദനായിരുന്നു. അദ്ദേഹത്തിന്റെ സമാധിക്കുശേഷം സ്വാമി രംഗനാഥാനന്ദജി മഹാരാജ് ആണ് കാലാനുസൃതമായി വിദേശരാഷ്ട്രങ്ങളിൽ സഞ്ചരിച്ച് തന്റെ പവിത്രമായ പ്രവർത്തനങ്ങൾ നടത്തിയത്. അതിനാൽ അദ്ദേഹത്തെ രണ്ടാം വിവേകാനന്ദനെന്ന് വിളിക്കുന്നതിൽ തെറ്റില്ല.

പൗരാണികകാലത്ത്, നമ്മുടെ ഭരണാധികാരികൾക്ക് ആത്മീയബന്ധം കാരണം നല്ല രീതിയിൽ രാജ്യഭരണം നടത്താൻ സാധിച്ചിരുന്നു, കാരണം അവരുടെ പൂർവർഷികളുടെ ഉപദേശത്തെ അവർ കൃതമായി അനുസരിച്ചിരുന്നു. ഭരണാധികാരികളുടെ ഈ വിജയത്തെ അവരുടെ ചെറുപ്പം മുതലേയുള്ള വളർത്തിക്കൊണ്ടുവന്ന രീതിയുമായി ബന്ധിപ്പിക്കാവുന്നതാണ്. സ്വഭാവരീതികൾ വികസിക്കുന്നതായ (ഇത് എല്ലാവർക്കും ബാധകമാണ്) കാലമാണ് കുട്ടിക്കാലം. സ്വാമിജിയും ഇക്കാര്യത്തിന് ഊന്നൽ നൽകാറുണ്ട്. കുട്ടികളാണ് രാഷ്ട്രത്തിന്റെ യഥാർത്ഥ സമ്പത്തെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ആവശ്യമായ സമയങ്ങളിലെല്ലാം ഉപദേശവും മാർഗനിർദേശവും അനുശാസനവും നൽകിയിരുന്ന കുട്ടിക്കാലത്തെ അമ്മയെക്കുറിച്ചുള്ള സ്മരണകൾ രേഖപ്പെടുത്താൻ അദ്ദേഹം മറക്കാറില്ല. യുവശക്തിയുടെ കാര്യക്ഷമതയെ, ഭരണാധികാരികളും പൊതുസേവകരുമൊക്കെ യഥാർത്ഥ ശക്തിയാക്കി മാറ്റി രാഷ്ട്രത്തിന്റെ ക്ഷേമത്തിനായി ഉപയോഗിക്കണം. ഭരണാധികാരികൾ ഈ ഉദ്ബോധനത്തെ പ്രായോഗികമാക്കേണ്ടതായ സമയമാണിത്.

സ്വാമി വിവേകാനന്ദന്റെ ആശയങ്ങളും ആദർശങ്ങളും അന്നത്തെ സാമൂങ്ങളുടെ പശ്ചാത്തലത്തിൽ സാധാരണക്കാർക്കുകൂടി ആസ്വാദ്യകരമാം വിധം നമ്മുടെ പരമ്പരാഗതജ്ഞാനസിദ്ധാന്തങ്ങളുടെ അടിസ്ഥാനചട്ടക്കൂട് തിരിച്ചുപിടിച്ചുവെന്നതാണ് സ്വാമിജി മാനവികതക്ക് നൽകിയ ഏറ്റവും വലിയ സംഭാവന. അദ്ദേഹത്തിന്റെ ഈ സംഭാവന എന്നെന്നും നിലനിൽക്കുന്നതും, അനർഗളം പ്രവഹിക്കുന്നതും, ശോഭായമാനവും, സനാതനവുമാണ്. സ്വാമിജിയുടെ മഹാസമാധിക്കുശേഷം അവ അനാഥമായിക്കൂടാ. സ്വാമിജിയുടെ ഉദ്ബോധനങ്ങളെ അതിന്റെ പൂർണതയിൽ നമ്മുടെ ജീവിതത്തിലൂടെ പിന്തുടർന്നുകൊണ്ട് അതിന്റെ സത്തയെ ഉൾക്കൊള്ളാൻ ശ്രമിക്കാം.

ധന്യാ സന്തോഷ്

# ഒരു വിഷുകൂടി.....



വിഷുസംക്രമം. മീനച്ചൂടിൽ വലഞ്ഞ് അവശയായ ഭൂമി ഒരാഘോഷത്തിനൊരുങ്ങുകയാണ്. കണിയും കൈനീട്ടവുമായി വിഷു എത്തുന്നു. എല്ലാ ആഘോഷങ്ങളും കൂട്ടായ്മയുടേയും പങ്കുവെയ്ക്കലിന്റേയും ഈടുവെപ്പുകളാണ്. കുട്ടിക്കാലത്ത് പുലർച്ചക്ക് വിളിച്ചുണർത്തി അമ്മ കാണിച്ച കണിയുടേയും കത്തിച്ച കമ്പിത്തിരി മത്താപ്പൂക്കളുടേയും വെളിച്ചമാണ് ഇന്നും വിഷു എന്നു പറയുമ്പോൾ മനസ്സിൽ നിറയുന്നത്.



കണി എന്നാൽ ആദ്യത്തെ കാഴ്ച. വിഷുക്കണി എന്നാൽ വിഷുദിനത്തിലെ ആദ്യത്തെ കാഴ്ച എന്നർത്ഥം. വിഷുത്തലേന്ന് രാത്രിതന്നെ വീട്ടിലെ മുതിർന്നവർ വിഷുക്കണി ഒരുക്കും. അഷ്ടമംഗല്യം, ഗ്രന്ഥം, വാൽക്കണ്ണാടി, പുതിയ കസവുമുണ്ട്, ഉണക്കലരി, പഴുക്കടയ്ക്ക, വെറ്റില, കണിവെള്ളരി, ചക്ക, മാമ്പഴം, നാണയങ്ങൾ, സ്വർണ്ണം എന്നിവ ഐശ്വര്യത്തിന്റെ പ്രതീകമായി ഓട്ടുരുളിയിൽ വെയ്ക്കും. ചുറ്റും കൊന്നപ്പൂ കൊണ്ട് അലങ്കരിയ്ക്കും. കൃഷ്ണഭക്തർ ഓടക്കുഴൽ വിളിച്ചുനിൽക്കുന്ന ശ്രീകൃഷ്ണവിഗ്രഹവും വെക്കാറുണ്ട്. മുതിർന്നവർ ബ്രാഹ്മമുഹൂർത്തത്തിലുണർന്ന് നിലവിളക്ക് കത്തിച്ച് വീട്ടിലെ മറ്റുള്ളവരെ വിളിച്ചുണർത്തി കണി കാണിക്കുന്നു. കത്തിച്ചുവെച്ച നിലവിളക്കുകളിൽനിന്നും ചിരാതുകളിൽ നിന്നുമുള്ള ദീപക്കാഴ്ചയും ചന്ദനത്തിരിയുടെ സുഗന്ധവും എല്ലാംകൂടി ഒരുക്കുന്ന ഈ വർണ്ണക്കാഴ്ച ഐശ്വര്യത്തിന്റേയും നിറവിന്റേയും സ്വർണ്ണപ്രഭ ഒരാണ്ട് മുഴുവൻ നമ്മുടെ ജീവിതത്തിലേക്കും സംക്രമിപ്പിക്കണമെന്ന സങ്കൽപമാണ് വിഷുക്കണി ഒരുക്കുന്നതിന്റെ പിന്നിൽ.

സാക്ഷാൽ ഉണ്ണിക്കണ്ണനും വിഷുവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചൊരു നാടോടിക്കഥയുണ്ട്. ഒരിയ്ക്കൽ ഒരു വിഷുദിവസം യശോദ ഉണ്ണിക്കണ്ണനെ എണ്ണ തേപ്പിച്ചു കുളിപ്പിക്കുമ്പോൾ കണ്ണന്റെ അരയിലെ കിങ്ങിണി

കാണാനില്ല. ചോദിച്ചപ്പോൾ കണ്ണൻ പറഞ്ഞു, "അമ്മേ, ഒരില്ലത്തെ ഒരുണ്ണി അതേ പ്രായത്തിൽ അതേ ഇല്ലത്തു തന്നെയുള്ള മറ്റൊരുണ്ണിയുടെ കിങ്ങിണി കണ്ടുമോഹിച്ച് കിട്ടാൻ വഴിയില്ലാതെ കരഞ്ഞുകൊണ്ട് എന്നോടു വന്നു പറഞ്ഞപ്പോൾ പാവം തോന്നി, ഞാൻ എന്റെ കിങ്ങിണി കൊടുത്തതാണ്. ഉള്ളവർ വേണം ഇല്ലാത്തവർക്ക് കൊടുക്കാനെന്ന് അമ്മ തന്നെ പറഞ്ഞിട്ടുണ്ടില്ലേ? ഞാൻ അതേ ചെയ്തുള്ളൂ". കണ്ണന്റെ നിഷ്കളങ്കമായ ഈ മറുപടി അമ്മയുടെ ഉത്തരം മുട്ടിച്ചു. പക്ഷേ, വിലപിടിച്ച കിങ്ങിണി പോയതിൽ അമ്മയുടെ വിഷമം മനസ്സിലാക്കിയ ഉണ്ണിക്കണ്ണൻ പറഞ്ഞു. ' അമ്മേ മുറ്റത്തൊരു കൊന്നമരം നിറയെ പൂത്തു നിൽക്കുന്നല്ലോ. അതിൽ നിന്നൊരു പൂങ്കുല അറുത്ത് മാലയുണ്ടാക്കി എന്റെ അരയിൽ കെട്ടിത്തരൂ' എന്ന്. കണ്ണൻ നിർബന്ധം കൂട്ടിയപ്പോൾ അമ്മ അതനുസരിച്ചു. കൊന്നപ്പൂ കിങ്ങിണി കണ്ണന്റെ അരയിൽ കെട്ടിയപ്പോൾ അത് കനകക്കിങ്ങിണി ആയെന്നാണ് കഥ. നിറയെ പൂത്തുനിൽക്കുന്ന കൊന്നമരം കണ്ണുകൾക്കൊരുത്സവം തന്നെയാണ്.

നീലം മുക്കിയ ശുഭ്രവസ്ത്രം പോലെ തെളിഞ്ഞുനിൽക്കുന്ന മാനം. ഉച്ചവെയിലിൽ പാതിമയങ്ങുന്ന വിഷുപക്ഷികൾ, വിഷുഫലം പറയാനായ് എത്തുന്ന ജ്യോതിഷി. മലയാളക്കരയാകെ ആഘോഷങ്ങളുടെ ആഭരണങ്ങളണിഞ്ഞുനിൽക്കുന്ന നവവധുവിനെപ്പോലെ.

'വിഷു' എന്ന സംസ്കൃതപദത്തിനർത്ഥം 'തുല്യമായത്' എന്നാണ്. അതായത് രാത്രിയും പകലും തുല്യമായി വരുന്ന ദിനം. സമരാത്രിദിനം എന്നാണതിനെ പറയുന്നത്. ഉത്തരായനത്തിലേക്കുള്ള സൂര്യന്റെ സംക്രമമാണിത്. കേരളത്തിൽ മാത്രമല്ല ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും വിഷു പല പേരുകളിൽ ആഘോഷിക്കപ്പെടുന്നുണ്ട്. ഈ സംക്രമം കാർഷികകലണ്ടർ പ്രകാരം പുതുവർഷപ്പിറവിയായും കണക്കാക്കുന്നു. സൂര്യനെ കേന്ദ്രീകരിച്ചാണ് വിഷു. മേടം ഒന്നു മുതൽ പത്ത് വരെയാണ് സൂര്യന്റെ ഉച്ചാവസ്ഥ ഏറ്റവും കൂടുതൽ പ്രകടമാവുന്നത്. ഇത് പ്രകൃതിയെ വല്ലാതെ സ്വാധീനിക്കുന്നുണ്ട്. സൂര്യനാണ് എല്ലാം നിയന്ത്രിക്കുന്നത്. അതുകൊണ്ടുതന്നെ മേടരാശിയിലേക്കുള്ള സൂര്യന്റെ പ്രവേശനം പുതുവർഷമായി കണക്കാക്കുന്നു.

വിഷുദിനത്തിന്റെ മറ്റൊരു പ്രത്യേകതയാണ് കൈനീട്ടം. വീട്ടിലെ മുതിർന്നവർ താഴെയുള്ളവർക്ക് കൈനീട്ടം നൽകുന്നു. കുടുംബബന്ധത്തിന്റെ കീഴ്വഴക്കമാണ് കൈനീട്ടം കാണിക്കുന്നത്. ഈടുറ്റതും ഇഴയടുപ്പമുള്ളതുമായ ബന്ധങ്ങളുടെ സാമൂഹികമായ ഒരു വശം കൂടി കൈനീട്ടം നമ്മെ ഓർമ്മിപ്പിക്കുന്നു. പഴയ ജന്മിത്തത്തിന്റെ നാളുകളിൽ 'വിഷുവെടുക്കൽ' എന്ന പേരിൽ പുരാതനമായ ഒരാചാരം നിലനിന്നിരുന്നു. വിഷുദിവസം തമ്പുരാൻ തന്റെ കൃഷിയിടത്തിലെ പണിക്കാർക്ക് നെല്ല്, അരി, എണ്ണ, തേങ്ങ എന്നിവ സമ്മാനിക്കുന്നു. അവ വാങ്ങിയാൽ അദ്ദേഹത്തിന്റെ കീഴിൽ ആ കാർഷികവർഷം മുഴുവൻ പണി ചെയ്യാൻ അവർ ബാധ്യസ്ഥരാണ്. ഇതിനെ വിഷുവെടുക്കുക എന്നാണ് പറഞ്ഞിരുന്നത്. വിഷുവെടുക്കൽ കുടിയാനെ ഉപയോഗിക്കാനുള്ള ജന്മിത്തത്തിന്റെ തന്ത്രമായി കാണാമെന്ന് വിമർശനദൃഷ്ട്യാ വീക്ഷിക്കാമെങ്കിലും ജന്മിയേയും കുടിയാനെയും ഒന്നാക്കിത്തീർക്കുന്ന ആഘോഷമായും വിഷു മാറുന്നു.

വിഷുക്കഞ്ഞിയും വിഷുക്കട്ടയും വിഷുദിനത്തിൽ ഒഴിവാക്കാനാകാത്ത രണ്ടു പ്രാദേശിക വിഭവങ്ങളാണ്. ആഘോഷങ്ങളെ യഥാർത്ഥ ആഘോഷങ്ങളാക്കി മാറ്റുന്നത് എന്നും കുട്ടികളാണ്. അവർക്ക് വിഷുവെന്നാൽ പടക്കം പൊട്ടിക്കാനുള്ള ആഘോഷമാണ്. വിഷുദിനത്തിന്റെ വരവറിയിച്ചുകൊണ്ട് നാലഞ്ചുദിനങ്ങൾ മുൻപേ തന്നെ കേൾക്കുന്ന ഒറ്റയ്ക്കും തെറ്റയ്ക്കുമുള്ള ഈ പടക്കശബ്ദം വിഷുവിനെ പ്രകാശത്തിന്റെ മാത്രമല്ല ശബ്ദത്തിന്റെയും ഉത്സവമാക്കി മാറ്റുന്നു. ആർത്തുല്ലസിക്കുന്ന നിഷ്കളങ്കബാല്യത്തിന്റെ തുടിപ്പുകളിൽ പ്രകൃതിയും അവർക്കൊപ്പം കൂടുന്നു.



വിഷുക്കാലത്ത് വീടിന്റെ ഉത്തരത്തിനു മുകളിൽ ഓല കൊണ്ടോ വാഴനാരുകൊണ്ടോ കെട്ടിത്തൂക്കിയിട്ടിരിക്കുന്ന വെള്ളരി, കുമ്പളം, മത്തൻ എന്നിവ മറ്റൊരു കാഴ്ചയാണ്. കൊയ്ത്തുകഴിഞ്ഞ പാടങ്ങളിൽ ഇടവിളയായി പച്ചക്കറികൾ നടുന്നത് ഇക്കാലത്താണ്. ഓണക്കാലത്തെ അപേക്ഷിച്ച് വിഷുവിന് പച്ചക്കറികൾക്ക് വില കുറവാണെന്ന് ആളുകൾ പറയാറുണ്ട്. ഒഴിഞ്ഞ പാടങ്ങളിലും പറമ്പുകളിലും പച്ചക്കറികൾ കൃഷിചെയ്തുണ്ടാക്കുന്നു എന്നതു കൊണ്ടുതന്നെ. മനുഷ്യന്റെ സാമൂഹികമായ കൂട്ടായ്മയുടെ ഉല്പാദന പ്രക്രിയയാണ് കൃഷി. ഇതിലൂടെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കപ്പെടുന്നു. കൃഷി എന്ന വാക്കുപോലും അന്യമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് കാർഷിക സംസ്കാരത്തിൽ നിന്ന് മാത്രമല്ല പ്രകൃതിയിൽ നിന്നു കൂടി മനുഷ്യർ അന്യവത്കരിക്കപ്പെട്ടു കഴിഞ്ഞു. ബാക്കിയുള്ളത് കൃഷിയുമായി ബന്ധപ്പെട്ട ആഘോഷങ്ങൾ മാത്രം. ഉപയോഗം കൂടുകയും ഉല്പാദനം കുറയുകയും ചെയ്യുന്ന ഇക്കാലത്ത് നമ്മൾ നേരിടാൻ പോകുന്ന ഏറ്റവും വലിയ ദുരന്തം ഭക്ഷ്യപ്രതിസന്ധിയാണ്. വിഷുപോലുള്ള കാർഷികോത്സവങ്ങൾ വെറും ഓർമ്മ മാത്രമായി മാറാതെ കാർഷിക വൃത്തിയിലേക്കുള്ള തിരിച്ചുവരവിനു കൂടി ഇത്തരം ആഘോഷങ്ങൾ വഴിയൊരുക്കണം.

കാലം തെറ്റിപ്പൂക്കുന്ന കൊന്നകൾ ഇന്ന് നിരന്തര കാഴ്ചയാണ്. ഭൂമിയ്ക്ക് ചൂടു കൂടുമ്പോഴാണത്രേ കൊന്നകൾ പൂക്കുന്നത്. വിഷുവിന് മുൻപ് പതിവായി കിട്ടാറുള്ള ഒരു മഴയുണ്ട്. ഈ മഴ കഴിഞ്ഞാൽ കൃഷിക്കാർ നിലം ഉഴുന്നത് പതിവാണെന്ന് കേട്ടിട്ടുണ്ട്. പക്ഷേ, ഇന്ന് മഴ സമയത്തുണ്ടാകുന്നില്ല. പ്രകൃതിയുടെ സന്തുലിതാവസ്ഥ കാണെക്കാണെ തെറ്റിവരുന്നു. പ്രകൃതി ആഘോഷങ്ങളിൽ നിന്നു പിൻവാങ്ങുന്നു. ആഗോളതാപനവും അന്തരീക്ഷമലിനീകരണവും പ്രകൃതിയുടെ ക്രമീകരണത്തിന് മാറ്റം വരുത്തിക്കൊണ്ടിരിക്കുമ്പോൾ ആഘോഷങ്ങൾ മാത്രം കാലം തെറ്റാതെ വന്നുകൊണ്ടിരിക്കുന്നു.

കുടുംബബന്ധങ്ങളും സാമൂഹിക ബന്ധങ്ങളും നിലവാരത്തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ആഘോഷങ്ങൾക്ക് ആ പഴയ ചുറ്റുപാടുകളെ കുറച്ചെങ്കിലും തിരിച്ചുകൊണ്ടുവരാൻ സാധിക്കട്ടെ.

കവിത

# വേട്ടയ്ക്കൊരുമകൻ

പ്രമോദ്, പുനലൂർ

തപിക്കപ്പെട്ട നഗരങ്ങളിൽ
നിഴലായി നടന്ന നായയെക്കുറിച്ച്:
"ഹസ്തിനപുരത്തിലെ നായേ'-
മത്സ്യഗന്ധിക്കും പിന്നിലേക്ക് കല്ലെറി
ഞ്ഞിട്ടും
ആദിമദ്രാവിഡനു പ്രാണൻ പറിച്ചുനല്കിയ
നോവ്; നോവാതെ.

പഞ്ചനദത്തിൽ വാവ് കുളിച്ചിട്ടും
അശ്വത്ഥാമാവിന്റെ ആനച്ചൂര് സഹിക്കാതെ
ധർമ്മപുത്രർക്കൊപ്പം
സ്വർഗ്ഗവാതിലിൽ.
ഗിരിശങ്കരന് ഓംകാരവടിവാർന്നിട്ടും
അയ്യങ്കാളിയായി പിറക്കാൻ മടിച്ച
കിരാതനെ ഭയന്ന്
മൂന്നുവേദങ്ങൾക്കും പിന്നിലൊളിച്ച്.
ആകാശത്തിനും ഭൂമിക്കും തിരശ്ശീല മുറിച്ച
ഉച്ചനേരത്ത്
അഞ്ചമ്പുകൊണ്ടവന്റെ വിലാപ്പുറത്ത്
അലിഞ്ഞ്.
കിരതനോട്:-
ഞാനല്ലേ

അച്ഛാ വേട്ടയ്ക്കൊരു മകൻ
വേട്ടയാടാനായി മകൻ
നിന്റെ എഴുത്താണി മുറിക്കാൻ പിറന്ന മകൻ.



# പക

പ്രമോദ് മാങ്കാവ്

ദുഷിപ്പുകളുടെ
ശിഖരങ്ങളാണറുക്കേണ്ടത്.
പലദിശകളിൽനിന്ന്
പന്തലിയ്ക്കെ
കടും തിന്മ
കൊമ്പുചില്ലകളാണരിയേണ്ടത്.
നന്മരശ്മികൾ,
കൂട്ടംകൂടി മറയ്ക്കും.
ഇരുട്ട്
വിലകൊടുത്തെത്തിച്ച്
വെളിച്ചം
കുത്തിക്കെടുത്തും, അവ....

വടവൃക്ഷങ്ങളാൽ പലതും
മറച്ചുപിടിച്ച്
നഗരമുള്ളംകയ്യിലൊതുക്കുന്നവർക്ക്
പക
വളർന്നു പടരും
മരങ്ങളോട്!

സ്വാമി പ്രശാന്താനന്ദ സരസ്വതി

# സ്വാമി ചിന്മയാനന്ദ – നവോത്ഥാന നായകൻ

**മെയ് 8 – ചിന്മയാനന്ദജയന്തി**
**2015–'16 ചിന്മയാനന്ദജന്മശതാബ്ദിവർഷം**

ശ്രീമദ് ഭഗവദ്ഗീതയോ, അതിലെ ആശയങ്ങളോ പുതിയതല്ല. അതിന് മഹാഭാരതം എന്ന ഇതിഹാസത്തോളം പഴക്കമുണ്ട്. കാലാകാലങ്ങളിൽ ഭഗവാൻ ശങ്കരാചാര്യരടക്കമുള്ള ഉജ്ജ്വലപ്രതിഭകൾ ഗീതയ്ക്ക് വ്യാഖ്യാനങ്ങൾ വിരചിച്ചിട്ടുമുണ്ട് എന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. എന്നാൽ അടുത്തകാലം മുതലാണ് ഭഗവദ്ഗീതയെ പവിത്ര ഗ്രന്ഥമായി കാണുകയും പൂജാമുറിയിൽ ഭക്തിയോടെ പ്രതിഷ്ഠിച്ചു തുടങ്ങിയതും.

ഭഗവദ്ഗീതയ്ക്ക് അതിലുമുപരി പ്രാധാന്യമുണ്ട്. ജീവിതവിജയമന്ത്രമാണ് ഭഗവദ്ഗീത എന്ന് സമൂഹത്തിന് മനസ്സിലായത് ചിന്മയാനന്ദ സ്വാമിജിയുടെ ഗീതായജ്ഞത്തിലൂടെയാണ്. പഠിക്കാനും പ്രാവർത്തികമാക്കുവാനുമുള്ളതാണ് ഭഗവദ്ഗീത. അത് ആബാലവൃദ്ധം ജനങ്ങൾക്കും കാര്യക്ഷമമായി, ഊർജ്ജസ്വലമായി, സ്വകർമ്മമണ്ഡലത്തിൽ പ്രവർത്തിക്കുവാനുള്ള പ്രചോ





ദനമാണ് നൽകുന്നതെന്ന് സ്വാമിജിയുടെ ജ്ഞാനയജ്ഞങ്ങൾ ഉദ്ബോധിപ്പിച്ചു.

ഭഗവദ്ഗീതയുടെ ആശയങ്ങളെ ആധുനികസമൂഹത്തിന് മനസ്സിലാകുന്ന രീതിയിൽ, ഓരോരുത്തരുടേയും ദൈനംദിനജീവിതത്തിൽ എങ്ങനെ ഉപയോഗപ്പെടുത്താം എന്ന് സ്വാമിജി തന്റെ സ്വതസിദ്ധമായ ശൈലിയിൽ അവതരിപ്പിച്ചപ്പോൾ അതിന് പ്രസക്തി വർദ്ധിച്ചു. ഗീത പഠിക്കുവാൻ എല്ലാ തുറകളിലുമുള്ളവർക്ക് സ്വാമിജിയുടെ ജ്ഞാനയജ്ഞങ്ങൾ പ്രചോദനമായി.

അവനവനോടും കുടുംബത്തോടും രാഷ്ട്രത്തോടും കടമയും കടപ്പാടും അറിഞ്ഞ് പ്രവർത്തിക്കുന്ന വ്യക്തികളെ വാർത്തെടുക്കുകയായിരുന്നു സ്വാമിജിയുടെ ലക്ഷ്യം. ധാർമ്മികതയിലൂന്നിയ ജീവിതം നയിക്കുന്ന, ഉത്തരവാദിത്വബോധമുള്ള, ഊർജ്ജസ്വലരായ യുവാക്കളെ വാർത്തെടുക്കുവാൻ സ്വാമിജി പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

വളരുന്ന തലമുറയാണ് ഭാരതത്തിന്റെ ഭാവിവിധാതാക്കൾ എന്നതിനാൽ, നിഷ്ക്കളങ്കമായ മനസ്സിൽ, ആർഷഭാരതത്തിന്റെ മഹിമയും പൈതൃകവും ബീജാവാപം ചെയ്യുന്നതിനുവേണ്ടിയാണ് ലോകമെമ്പാടും ചിന്മയ ബാലവിഹാറുകൾ ആരംഭിച്ചത്. ഏതു പ്രായക്കാരുമായും ഇടപഴകുമ്പോൾ സ്വാമിജി അവരിലൊരാളായി മാറുമായിരുന്നു എന്നത് സ്വാമിജിയുടെ സവിശേഷതയായിരുന്നു. ഗാംഭീര്യം ജ്വലിക്കുന്ന ആകാരമുള്ളപ്പോഴും അണമുറിയാതൊഴുകുന്ന സ്നേഹക്കനിയായിരുന്നു സ്വാമിജിയെന്നു പറയാതെവയ്യ.

ശിക്ഷാഗുരുവായ ഉത്തരകാശിയിലെ ഹിമവദ്വിഭൂതി സംപൂജ്യ തപോവന സ്വാമിജിയുടെ അനുഗ്രഹാശിസ്സുകളോടെ 1951-ൽ ആരംഭിച്ച സ്വാമിജിയുടെ സനാതനധർമ്മ നവോത്ഥാനം കേവലം ഗീതാജ്ഞാനയജ്ഞങ്ങളിൽ മാത്രം ഒതുങ്ങിനിന്നില്ല. അനേകം വിദ്യാലയങ്ങളും ആശുപത്രികളും ഗ്രാമപുനരുദ്ധാരണകേന്ദ്രങ്ങളും ആരംഭിച്ചു. സാന്ദീപനി സാധനാലയങ്ങളിലൂടെ അനേകം ബ്രഹ്മചാരിമാരെ വാർത്തെടുത്ത് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ശാസ്ത്രപ്രചരണത്തിന് നിയോഗിച്ചു.

ഹിന്ദുമതപ്രചരണത്തിനും, നവോത്ഥാനത്തിനും, നവീകരണത്തിനും നിരന്തരം പ്രവർത്തിച്ച സ്വാമിജിതന്നെയാണ് വിശ്വഹിന്ദുപരിഷത്തെന്ന സംഘടനയ്ക്ക് രൂപം നൽകുന്നതിലും നിർണ്ണായക പങ്കുവഹിച്ചത്. ഹിന്ദു ഐക്യത്തിലൂടെയല്ലാതെ, രാഷ്ട്രപുരോഗതി സാദ്ധ്യമല്ലെന്ന് പറഞ്ഞ സ്വാമിജിയുടെ സ്വന്തം വാക്കാണ് 'ഹിന്ദു വോട്ടുബാങ്ക്' എന്നത്. ആ ആശയം ഇന്നും, എന്നും പ്രസക്തമാണ്. രാമജന്മഭൂമിക്കാര്യത്തിലടക്കം യുക്തിയുക്തമായി, ഹിന്ദുക്കളുടെ ന്യായമായ സ്വാതന്ത്ര്യത്തെ, അവകാശത്തെ സധൈര്യം വെട്ടിത്തുറന്ന് എവിടെയും സ്വാമിജി പറയുമായിരുന്നു. എന്നാൽ എല്ലാ മതസ്ഥരുമായും, പുരോഹിതന്മാരുമായും സ്വാമിജി രമ്യതയിലാണ് വർത്തിച്ചിരുന്നത്. പോപ്പ് കേരളത്തിൽ വന്ന പ്പോൾ സ്വീകരണസംഘം ഓഫീസ് പോലും സ്വാമിജിയാണ് തൃശൂരിൽ ഉദ്ഘാടനം ചെയ്തതെന്നറിയുമ്പോൾ, മറ്റു മതസ്ഥർ എത്രമാത്രം ബഹുമാനത്തോടെയാണ് സ്വാമിജിയെ കണ്ടിരുന്നത് എന്നറിയാമല്ലോ.

എല്ലാ മതങ്ങളും മഹത്തരമാണ്. എന്നാൽ ഹിന്ദുത്വത്തെയോ, ഹിന്ദുക്കളെയോ അവഹേളിക്കുകയോ അപമാനിക്കുകയോ ചെയ്താൽ നാം തക്കതായ മറുപടി നൽകുമെന്ന് സ്വാമിജി പ്രസംഗത്തിലൂടെയും പ്രവൃത്തിയിലൂടെയും വെളിവാക്കിയിട്ടുണ്ട്. പരമമായ ധർമ്മം അഹിംസയാണെങ്കിലും നമ്മുടെ ദേവീദേവന്മാരുടെ കൈയിലുള്ള അനേകം ആയുധങ്ങൾ കേവലം അലങ്കാരത്തിനു മാത്രമല്ല, ആവശ്യം വരുമ്പോൾ ഉപയോഗിക്കുവാനും കൂടിയുള്ളതാണെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ പ്രഖ്യാപിക്കുവാൻ സ്വാമിജിയെപ്പോലെ സ്വാഭിമാനമുള്ള ഒരാൾക്കല്ലാതെ മറ്റാർക്കാണ് കഴിയുക!

ഹിന്ദുസമൂഹത്തിന്റെ കാര്യത്തിൽ, എന്നും ഭാരതീയർ ഉറ്റുനോക്കിയിരുന്ന ശബ്ദം ചിന്മയാനന്ദസ്വാമിജിയുടേതാണ്. അത് എല്ലാവരുടെയും, എല്ലാവർക്കും സ്വീകാര്യമായതുമായിരുന്നു. സ്വാമി വിവേകാനന്ദനുശേഷം ഭാരതത്തിന്, ഇവിടുത്തെ യുവാക്കൾക്ക് ഉയിർത്തെഴുന്നേൽക്കുവാനുള്ള പാഞ്ചജന്യം മുഴക്കിയത് ചിന്മയാനന്ദസ്വാമിജിയാണ്.

ആ അമരവാണി 1993 ഓഗസ്റ്റിൽ നിശ്ശബ്ദമായെങ്കിലും അദ്ദേഹം തുടങ്ങിവെച്ച പ്രവർത്തനങ്ങൾ ഇന്നും സൂക്ഷ്മരൂപത്തിൽ മാർഗ്ഗദീപമായും, പ്രേരകശക്തിയായും നിലകൊള്ളുന്നു. വരുംതലമുറകൾക്കും ചിന്മയഗുരുദേവന്റെ സന്ദേശങ്ങൾ പ്രയോജനവും പ്രചോദനവും നൽകും എന്നതിൽ സംശയമില്ല.





**സംഭാഷണം**

# ഹിന്ദുസംസ്കാരത്തെ പ്രചരിപ്പിക്കുക

**വിഖ്യാത ഹിന്ദുപണ്ഡിതനും വിദേശിയുമായ ഡേവിഡ് ഫ്രോളിഎന്ന വാമദേവശാസ്ത്രി സംസാരിക്കുന്നു.**

**ജ**നിച്ചത് ഹിന്ദുവായിട്ടല്ലെങ്കിലും, ഡേവിഡ് ഫ്രോളി എന്ന വാമദേവശാസ്ത്രി നമ്മുടെ ഇന്നത്തെ മുൻനിര ഹിന്ദുപണ്ഡിതന്മാരിൽ ഒരാളാണ്. നിരവധി ഹൈന്ദവജ്ഞാന മണ്ഡലങ്ങളിലെ മുൻനിരക്കാരനായിരിക്കുന്നതോടൊപ്പം, അദ്ദേഹം ഇന്ത്യയിലെ ഒരു വിഭാഗം ആത്മീയസമ്പ്രദായത്തിന്റെ 'വേദാചാര്യ'നും കൂടിയാണ്. മാത്രമല്ല ഹിന്ദുസംസ്കാരത്തിന്റെ വിവിധ വശങ്ങളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ കൃതികൾ നിരവധിയാളുകളെ സ്വാധീനിച്ചിട്ടുമുണ്ട്. ഹൈന്ദവസാമൂഹ്യരാഷ്ട്രീയവിഷയങ്ങളും ഈ പുസ്തകങ്ങളിൽ കാണാം. അദ്ദേഹം ഇപ്പോൾ അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വേദിക് സർവ്വീസിന്റെ ഡയറക്ടറാണ്.

*താങ്കളുടെ ജീവിതത്തെ സ്വാധീനിച്ചതാരാണ്?*

ഞാൻ നിരവധി ഹിന്ദുഗുരുക്കന്മാരുടെ ഉദ്ബോധനങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് രമണമഹർഷിയുടെയും അദ്ദേഹത്തിന്റെ മുഖ്യശിഷ്യനായ ഗണപതിമുനിയുടെയും വേദാന്തപരമായ ഉപദേശങ്ങൾ കൂടാതെ ശ്രീ അരവിന്ദൻ, സ്വാമി ദയാനന്ദൻ, സ്വാമി വിവേകാനന്ദൻ, ആനന്ദമയി മാ, രാംസ്വരൂപ് തുടങ്ങിയവരുടെയും

*'ഒരാൾക്ക് ജന്മം കൊണ്ടു മാത്രമേ ഹിന്ദുവാകാൻ സാധിക്കുകയുള്ളൂ' എന്ന ആക്ഷേപം നേരിടേണ്ടി വന്നിട്ടുണ്ടോ? ഇത്തരം ആശയക്കാരോടുള്ള പ്രതികരണം എന്താണ്?*

ശരിയാണ് എനിക്കീ ആക്ഷേപം നേരിടേണ്ടിവന്നിട്ടുണ്ട്. കുറച്ച് ഹിന്ദുക്കൾ ഇത്തരം വിശ്വാസം വച്ചുപുലർത്തുന്നുണ്ട്. എനിക്ക് തെറ്റുപറ്റി



യിട്ടില്ലെങ്കിൽ, ഗാന്ധിജിപോലും ഇങ്ങനെ വിശ്വസിച്ചിരുന്നു.

മൊത്തമായി പറഞ്ഞാൽ, ഈ വീക്ഷണം അയുക്തികമാണ്. അതിന് യാതൊരുവിധ വൈദികപ്രമാണവുമില്ല. ദീർഘകാലമായി ഹിന്ദുസംസ്കാരം നിലനില്ക്കുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡവും അതിനപ്പുറത്തും, ബാലി തുടങ്ങിയ സ്ഥലങ്ങളിലും. പഴയ കാലത്ത്, ഹിന്ദുമതത്തിന്റെ പ്രചാരണം വളരെ വലിയ രീതിയിലിരുന്നുപോലും. ജന്മംകൊണ്ടു മാത്രമേ ഒരാൾക്കു ഹിന്ദുവാകാൻ കഴിയുകയുള്ളൂവെന്നു വന്നാൽ ഇതൊരിക്കലും സംഭവിക്കുമായിരുന്നില്ല. ഇതിലെല്ലാമുപരി ഹിന്ദുമതം യഥാർത്ഥ സനാതനധർമ്മം, ശാശ്വത സത്യം ആണെങ്കിൽ അതിന്റെ ഉദ്ബോധനങ്ങൾ എല്ലാവർക്കും തുല്യമായി ബാധകമായിരിക്കണം, അതിൽ ജനിക്കുവാനിടയായവർക്കു മാത്രമായിരിക്കില്ല.

*വൈദിക ജ്ഞാനത്തിന്റെ വിവിധശാഖകളെ പ്രോത്സാഹിപ്പിക്കുന്നതായ സ്ഥാപനങ്ങൾ താങ്കൾ നടത്തുന്നുണ്ട്. ഈ സമ്പ്രദായങ്ങളിൽ താങ്കൾക്ക് വലിയ താൽപര്യമുണ്ടോ?*

ഒരു ശാരീരികമായ അച്ചടക്കം എന്ന നിലയിൽ യോഗയോട് വളരെ താൽപര്യമുണ്ട്. ഹിന്ദുസംസ്കാരത്തിലെ വൈദികസമ്പ്രദായങ്ങളോട്, ധ്യാനത്തോടൊപ്പം തന്നെ താൽപര്യമുണ്ട്. ഇതോടൊപ്പം ഇവിടെയും അവിടെയുമുള്ള നിരവധിയാളുകൾക്ക് ഇതിൽ ഗാഢമായ താൽപര്യമുണ്ട്. എന്നാൽ ഈ പഠനങ്ങളുടെയെല്ലാം അടിത്തട്ടിലുള്ള ഭാഗം അവർക്ക് എപ്പോഴും പ്രാപ്യമല്ല. ഇത് എല്ലാ ശാസ്ത്രങ്ങളുടെയും കാര്യത്തിൽ ഇങ്ങനെതന്നെയാണ്. ഉദാഹരണത്തിന് ആണവഭൗതികശാസ്ത്രത്തിൽ ആഴത്തിലുള്ള ജ്ഞാനം ആ വിഷയത്തിൽ യാദൃച്ഛികമായ താത്പര്യം മാത്രമുള്ള ഒരാൾക്ക് കരഗതമാകുന്നതല്ല.

മൊത്തത്തിൽ ഹിന്ദുജ്ഞാനം വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന് ഇന്നത്തെ കാലത്ത് ധ്യാനം തികച്ചും സാധാരണയായ കാര്യമാണ്. എന്നാൽ 1960കളുടെ ആരംഭത്തിൽ പാശ്ചാത്യരുടെ മുമ്പിൽ മഹർഷി മഹേഷ് യോഗി ഇത് അവതരിപ്പിക്കുമ്പോൾ ആർക്കും ഇതേക്കുറിച്ച് അറിവുണ്ടായിരുന്നില്ല. ഇന്ന് ലോകത്തിലെ ഏത് പ്രധാന നഗരത്തിലും ഹിന്ദുവിന്റെ ആത്മീയപരിശീലനങ്ങൾ പ്രചരിപ്പിക്കുന്ന ചില സംഘങ്ങളുണ്ട്. പരമഹംസയോഗാനന്ദന്റെ സെൽഫ് റിയലൈസേഷൻ ഫെല്ലോഷിപ്പ് പോലുള്ള നിരവധി സംഘങ്ങൾ നല്ല രീതിയിൽ വളർച്ചയുള്ളവയാണ്. ഹിന്ദുമതം അതിന്റെ വളർച്ചയിൽ, രാഷ്ട്രീയത്തേക്കാളും അസ്തിത്വത്തേക്കാളും ആത്മീയതയാണ് ആധാരമാക്കിയിരിക്കുന്നത്, അതിനാൽ അതിന്റെ പ്രചാരം വളരെ കുറച്ചേ ശ്രദ്ധിക്കപ്പെടുന്നുള്ളൂ. എന്നാൽ തീർച്ചയായും മാറ്റം ഉണ്ട്. ഹിന്ദുസംസ്കാരവുമായി ബന്ധപ്പെട്ട നിരവധി വാക്കുകൾ ഇന്ന് പാശ്ചാത്യഭാഷാനിഘണ്ടുവിൽ ധാരാളമായി കാണുന്നുവെന്നതിൽ നിന്നും ഇക്കാര്യം മനസ്സിലാക്കാനാവും.

*ആത്മീയ പരിശീലനങ്ങളിൽ തീവ്രമായി മുഴുകിയിരിക്കുന്ന ഒരാൾക്ക് അപ്പോഴും, പുതിയ സിനിമകൾപോലുള്ള പാശ്ചാത്യസംസ്കാരത്തിൽ മുഴുകാൻ സാധിക്കുമോ?*

ആത്മീയപാത പിന്തുടരുന്നതിന് ജീവിതത്തിന്റെ സമസ്തനിലകളിലും സമർപ്പണം ആവശ്യമാണ്. വെറുതെ ധ്യാനിക്കുകയും അതിനുശേഷം മറ്റെല്ലാവരേയും പോലെ ജീവിക്കുകയെന്നതും നിങ്ങൾ പ്രതീക്ഷിക്കരുത്. ഇത് ജീവിതത്തിന്റെ ഏതു മേഖലയിലെ വിഷയത്തിനും ആവശ്യമാണ്. ഉദാഹരണത്തിന് ഒരു പ്രൊഫഷണലിന് ഒരു സാധാരണക്കാരന്റെ അതേ ജീവിതരീതി പിന്തുടരാനാവില്ല.

ജനപ്രിയ സംസ്കാരത്തിന്റെ നിരർത്ഥകവും അസഭ്യവുമായ നിരവധി വശങ്ങൾ ഇവിടെ നിലനില്ക്കുന്നുണ്ട്. നിരവധി പാശ്ചാത്യർ ഇത് അംഗീകരിക്കുന്നുണ്ടുപോലും മാത്രമല്ല ഇത് യഥാർത്ഥ ആത്മീയതക്ക് അനുയോജ്യവുമല്ല നിങ്ങളൊരു മതഭ്രാന്തനാവണമെന്ന് പറയുകയല്ല ഞാൻ. എന്നാൽ നിങ്ങൾ ചെയ്യുന്ന കർമ്മങ്ങൾക്കെല്ലാം ഫലമുണ്ടാവുമെന്ന് തിരിച്ചറിയേണ്ടതുണ്ട്. നമ്മൾ കഴിക്കുന്ന ഭക്ഷണം നമ്മെ ബാധിക്കുന്നതുപോലെ ഇന്ദ്രിയോദ്ദീപകങ്ങളായവ നമ്മുടെ മാനസികനിലയെ ബാധിക്കും.

*ആത്മീയകർമ്മങ്ങൾക്കപ്പുറത്ത് താങ്കൾ എങ്ങനെയാണ് സമയം ചെലവഴിക്കുന്നത്?*

പ്രകൃതിയോടൊപ്പം ചെലവഴിക്കുവാൻ ഞാനിഷ്ടപ്പെടുന്നു. അതോടൊപ്പം ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ബോധവാനാകുന്നതിനും ശ്രമിക്കാറുണ്ട്.

എന്നിരിക്കിലും ജീവിതത്തെ ആദ്ധ്യാത്മികം, അനദ്ധ്യാത്മികം എന്നിങ്ങനെ കള്ളിതിരിക്കാൻ ഞാനിഷ്ടപ്പെടുന്നില്ല. ഇതൊരു ഹിന്ദുത്വാശയമല്ല. പാശ്ചാത്യ ചിന്താരീതിയുടെ പ്രതിഫലനമാണ്. ഉദാഹരണത്തിന് നമുക്ക് ഹിന്ദുക്ലാസിക്കൽ സംഗീതം, നാടകം, നൃത്തം, കല എന്നിവയുണ്ട്. ഇവ ആത്മീയവും ഇതോടൊപ്പം വിനോദകരവുമാണ്. ഈശ്വരഭക്തി പ്രകടിപ്പിക്കുകയെന്നതു പോലുള്ള ബാഹ്യമായ കാര്യങ്ങളെക്കുറിച്ചുള്ളതല്ല ആത്മീയത.



*ജീവതഭീഷണങ്ങളായ വലിയ രോഗങ്ങൾക്ക് ആയുർവേദമരുന്നുകൾ ഉപകാരപ്രദമാണോ?*

ആണ്. ജീവതഭീഷണങ്ങളായ അവസ്ഥകൾക്ക്, ആയുർവേദചികിത്സ ചെയ്യുന്നുണ്ട്. പ്രത്യേകിച്ച് സങ്കീർണ്ണമായ വ്യാധികൾക്ക്. ആദ്യകാലങ്ങളിൽ ആയുർവേദത്തിൽ ശസ്ത്രക്രിയയുണ്ടായിരുന്നു, ഇന്നത് വളരെ അപൂർവമാണെങ്കിലും. എന്നാൽ ആയുർവേദത്തിൽ ശസ്ത്രക്രിയയുടെ സാദ്ധ്യതകൾ നിലനില്ക്കുന്നുണ്ട്. മനസ്സിലാക്കേണ്ട ഒരു കാര്യം ഇന്ത്യയിൽ, ആയുർവേദം നിയമപരമായി അംഗീകരിക്കപ്പെട്ട ഒരു ചികിത്സാരീതിയാണ്, എന്നാൽ വിദേശത്ത് അങ്ങനെയല്ല. ഇന്ത്യയിൽ എല്ലാ അവസ്ഥയിലും ചികിത്സിക്കാവുന്നതായി ആയുർവേദം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അമേരിക്കയിൽ നിയമതടസ്സങ്ങളുണ്ട്.

*താങ്കളുടെ പുസ്തകങ്ങളിൽ ഏതാണ് താങ്കൾക്ക് ഏറ്റവും പ്രധാനപ്പെട്ടത്?*

ഇത് വിഷമംപിടിച്ച ചോദ്യമാണ്. നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. (ഒരു നിമിഷത്തെ മൗനത്തിനുശേഷം) യോഗ ആന്റ് ദ സേക്രഡ് ഫയർ' ഞാൻ പ്രത്യേകമായി ഇഷ്ടപ്പെടുന്നു. കാരണം അത് ഹിന്ദുധർമ്മത്തിന്റെ സാർവത്രികമായ അടിത്തറയെകുറിച്ചുള്ളതാണ്. എങ്ങനെ അത് പ്രകൃതിയുമായി ബന്ധപ്പെട്ടു കിടക്കുന്നുവെന്നതടക്കം. ഹിന്ദുകർമ്മരംഗത്തിന്റെയോ, സാമൂഹ്യരംഗത്തിന്റെയോ, രാഷ്ട്രീയവിവരണമായ, 'എറൈസ് അർജുന' വളരെ പ്രധാനപ്പെട്ട ഒരു പുസ്തകമാണ്.

*ആധുനിക ഹൈന്ദവത നേരിടുന്ന വലിയ വെല്ലുവിളി എന്താണ്?*

എന്താണ് ഹൈന്ദവതയെന്ന് ലോകത്തിന് പറഞ്ഞുകൊടുക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഹിന്ദുക്കൾ പൊതുവെ വിജയിച്ചു കാണുന്നില്ല. അബ്രാഹമിക മതങ്ങളെപ്പോലെ



ഹൈന്ദവത വളരെ എളുപ്പത്തിൽ നിർവചിക്കാവുന്ന ഒന്നല്ല. ഹൈന്ദവത ആഴത്തിലുള്ളതും ബഹുസ്വരസമീപനമുള്ളതും കൂടുതൽ ആത്മീയവും പ്രകൃതിയോട് ഇണങ്ങി നിൽക്കുന്നതുമാണ്. എന്നാൽ എളുപ്പത്തിൽ നിർവചിക്കാനോ സംവദിക്കാനോ സാധിക്കുന്നതല്ല.

ഹൈന്ദവത പലപ്പോഴും ലോകത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. നെഗറ്റീവായ വാർപ്പുമാതൃകകളിലൂടെയാണ്. അവയിൽ പലതും കോളനി ഭരണകാലത്തുനിന്നുമുള്ള ഭയജനകമായവയായിരുന്നു. പലപ്പോഴും ഹിന്ദുക്കൾ പോലും തങ്ങളുടെ മതത്തെ നെഗറ്റീവ് രൂപകങ്ങളിലൂടെയാണ് കണ്ടിരുന്നത്. ഇത് പലപ്പോഴും ഹൈന്ദവതയിലെ യഥാർത്ഥ തത്വങ്ങളെ സ്വാംശീകരിക്കാൻ താല്പര്യമുള്ള ആളുകളെ തടഞ്ഞുനിർത്തിയിരുന്നു. കാരണം, ജാതിയും അന്ധവിശ്വാസവും. ഹിന്ദുക്കൾ ഈ വാർപ്പുമാതൃകയെ വെല്ലുവിളിക്കാൻ കഴിവുള്ളവരായിത്തീരേണ്ടതുണ്ട്. അല്ലാത്ത പക്ഷം ഹൈന്ദവതത്വങ്ങൾ പകർന്നു നൽകാൻ കഴിയുകയില്ല, കാരണം ആളുകൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ അവ മാറ്റിവെക്കും, അല്ലെങ്കിൽ അതുമായി താദാത്മ്യപ്പെടുന്നവനെ മാറ്റിനിർത്തും.

*വേദങ്ങളെ ശരിയായി മനസ്സിലാക്കുവാനാഗ്രഹിക്കുന്നവർക്ക് എന്താണ് ഉപദേശം നൽകാനുള്ളത്?*

ഹിന്ദുതത്വങ്ങൾ മൊത്തത്തിൽ ഗീതയിൽ വിശദീകരിച്ചിട്ടുള്ളതാണ്. വേദാന്തചിന്തകളിൽ അത് പ്രയോഗികമായി സംഗ്രഹിച്ചിരിക്കുന്നു. എന്തായാലും വളരെ പ്രധാനപ്പെട്ടൊരു കാര്യം ഗീത പഠിക്കുന്ന ഒരു വ്യക്തി ഒരു പ്രത്യേക വ്യാഖാതാവിന്റെ വ്യാഖ്യാനത്തിൽ കൂടുതൽ മനസ്സിരുത്തരുത്. ഗീത സ്വതന്ത്രമായി വായിക്കുകയാണ് വേണ്ടത്.

പരിശീലനം നേടിയിട്ടില്ലാത്ത ഒരു വായനക്കാരന് വേദങ്ങൾ നേരിട്ട് മനസ്സിലാക്കുകയെന്നത് വിഷമകരമാണ്. അവ ലുപ്തമായ ഭാഷയിലാണ് എഴുതപ്പെട്ടിട്ടുള്ളത്. അവ അതിന്റെ യഥാർത്ഥ അർത്ഥം നേരിട്ട് വെളിപ്പെടുത്തുന്നില്ല. 'വിസ്ഡം ഓഫ് എൻഷ്യന്റ് സീർസ്' എന്ന പുസ്തകത്തിൽ ഇംഗ്ലീഷ് ഭാഷയിൽ ഞാൻ ചില വേദപരിഭാഷകൾ നടത്തിയിട്ടുണ്ട്. ശ്രീ അരവിന്ദനും ചില തർജ്ജമകൾ നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യൻ കപാലി ശാസ്ത്രിയും. ആര്യസമാജം ആംഗലേയത്തിലുള്ള വേദതർജ്ജമ മിക്കവാറും പൂർണമായ രീതിയിൽ തയ്യാറാക്കിയിട്ടുണ്ട്. 19-ാം നൂറ്റാണ്ടിലെ കോളനിക്കാലത്തെ യൂറോപ്യൻ പണ്ഡിതന്മാരുടെ തർജ്ജമ തീരെ അപര്യാപ്തമായിരുന്നു. മാത്രമല്ല അവ വികൃതമായ സന്ദേശമാണ് നൽകുന്നത്.

*ഹിന്ദുകഥകളിലെ അക്രമത്തെയും അഹിംസാസിദ്ധാന്തത്തെയും എങ്ങനെയാണ് താങ്കൾ ബന്ധപ്പെടുത്തുന്നത്?*

അത് യോജിപ്പിക്കാനാവാത്ത ഒരു കാര്യമാണ്. അഹിംസയെന്നാൽ മറ്റുള്ളവർക്ക് ഉപദ്രവം ചെയ്യാതിരിക്കൽ, ഹിംസചെയ്യുന്നത് കുറക്കുന്നതിനുള്ള അന്വേഷണം. ഒരിക്കലും അക്രമിയാവാതിരിക്കുകയെന്നത് വളരെ ലളിതമായ കാര്യമാണ്. എന്നാൽ ചിലപ്പോൾ അക്രമം തടയുന്നതിന് ശക്തമായ നടപടി തന്നെ വേണ്ടിവരും. ഉദാഹരണത്തിന് ഒരു കുട്ടി വേദനിപ്പിക്കപ്പെടുന്നുവെന്നുകരുതുക. ആ കുട്ടി വേദനിപ്പിക്കപ്പെടുന്നതിൽ നിന്നും തടയുന്നതിന് ഒരു വ്യക്തി എന്തെങ്കിലും ചെയ്യേണ്ടതുണ്ടെന്ന് സാഹചര്യം ആവശ്യപ്പെടുന്നു. ഒന്നും ചെയ്യാതിരുന്നിട്ട് അതാണ് അഹിംസയെന്ന് പറയൽ ശരിയായ കാര്യമല്ല. അത് അഹിംസയെക്കുറിച്ചുള്ള തെറ്റായ ധാരണയാണ്.

ഒരു ക്ഷത്രിയന്റെ (യോദ്ധാവ്) ധർമ്മം നിയമരാഹിത്യത്തിൽ നിന്നും നിഷ്ഠൂരന്മാരുടെ കൈയിൽ നിന്നും സമൂഹത്തെ രക്ഷിക്കുന്ന അധികാരിയാവുകയും അതിനുള്ള കരുത്ത് പ്രയോഗിക്കുകയുമെന്നതാണ്. മഹാഭാരതത്തിലും ഗീതയിൽ പോലും, യുദ്ധമദ്ധ്യത്തിലാണ് അഹിംസയെക്കുറിച്ച് സംസാരിക്കുന്നത്. കരുത്ത് പ്രയോഗിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു പറയുന്നുണ്ട്. ഇത് വൈരുദ്ധ്യമല്ല.

അക്രമം എന്നത് അവസാനത്തെ ആശ്രയമാണെന്ന് ഓർക്കേണ്ടതുണ്ട്. ഹിന്ദുസംസ്കാരത്തിൽ പ്രകോപനകരമായ വിശുദ്ധയുദ്ധങ്ങളില്ല. മഹാഭാരതത്തിൽ കൃഷ്ണനും പാണ്ഡവരും ഒരു യുദ്ധം ഇല്ലാതാക്കാൻ സാദ്ധ്യമായവ. എല്ലാം ചെയ്യുന്നതായി നമുക്ക് കാണാം. സമാധാനം അഭികാമ്യമാണ്. എന്നാൽ അന്തിമമായി എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടതിനുശേഷം അവസാന ആശ്രയമായി മാത്രം കരുത്തിനെ ആശ്രയിക്കുക.

*താങ്കൾ എപ്പോഴെങ്കിലും ആത്മീയപാതയിൽനിന്നും വിമുക്തനാവുകയോ വിശ്വാസം നഷ്ടപ്പെടുകയോ ചെയ്തിട്ടുണ്ടോ? പൊതുവെ മതപരമായി?*

ഒരു വ്യക്തി സംഘടിതമതത്തിൽ നിന്നും വിമുക്തനാക്കപ്പെടാം. എന്നാൽ എനിക്കു തോന്നുന്നത് യഥാർത്ഥ ആത്മീയത ഇതിൽ നിന്നും വളരെ വ്യത്യസ്തമാണെന്നാണ്. അത് മറ്റുള്ളവ പോലെയല്ല. ഒരു പ്രത്യേക വിശ്വാസത്തെ മറ്റുള്ളവരുടെ മുമ്പിൽ തീർച്ചപ്പെടുത്തുന്നതുപോലെ. ഇത് നിങ്ങളുടെ അവസ്ഥയിൽ ലയിക്കലാണ്. ശ്വസിക്കൽ, പ്രകൃതിയുമായി തന്മയം പ്രാപിക്കൽ, ലളിതമായി ജീവിക്കൽ എന്നിവയെല്ലാം അതിൽ ഉൾപ്പെടുന്നു.

*സംസ്കാരങ്ങളുടെ സംഘർഷം എന്ന ആശയത്തിൽ താങ്കൾ വിശ്വസിക്കുന്നുണ്ടോ?*

സംസ്കാരങ്ങൾ തമ്മിൽ ഭാവിയിൽ സംഘർഷമുണ്ടാകും, എന്നാൽ മറുവശത്ത് സംലയനവും അവ തമ്മിൽ ബന്ധിപ്പിക്കുന്നതായ പൊതുഘടകവും കണ്ടെത്തപ്പെടാം. വിവിധ സംസ്കാരങ്ങൾ അവരുടെ ആശയങ്ങളും മൂല്യങ്ങളും മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കപ്പെടാൻ ശ്രമിക്കുന്നതിലൂടെ സംഘർഷം നിലനിൽക്കുന്നുണ്ട്.

അപ്പോഴും സംഘർഷം പലപ്പോഴും പ്രത്യക്ഷമായി ഉണ്ടാകാറുണ്ട്. യുദ്ധങ്ങൾ ഉണ്ടാകുന്നു. നിശ്ചിത ആശയങ്ങൾ ഇസ്ലാമികവിശ്വാസം പോലുള്ളവ മാനവരെ വിശ്വാസികളെന്നും അവിശ്വാസികളെന്നും വിഭജിക്കുന്നത് സ്വാഭാവികമായും സംഘർഷത്തിൽ കലാശിക്കുന്നു.

## നോവൽ



വിനോദ് മങ്കര

നോവൽ

# കരയിലേക്ക് ഒരു കടൽ ദൂരം

ചിത്രീകരണം
**ഗോപിദാസ്**



### ഇരുപത്തിയേഴ്

സീഷേഡ് അപ്പാർട്ടുമെന്റ് നിൽക്കുന്നത് ചിറാപുഞ്ചിയിലാണെന്ന് പരിഹസിച്ചു പറയുന്നവർക്ക് അതിനൊരു കാരണമുണ്ട്. കാലവർഷത്തിന്റെ വെളുത്ത മഴയെ ഗർഭത്തിലാവാഹിച്ച ഇടവപ്പാതിപ്പാതിരയുടെ നിറമാണ് ആ ഫ്ളാറ്റിന്. കടൽക്കാറ്റിനെ ചെറുക്കുന്ന ആര്യവെപ്പിന്റെ ഇരുണ്ട പച്ചയും ഇടവപ്പാതിയോട് ചങ്ങാത്തം കൂടി. മഴയുടെ മണം സദാ ആ സമുച്ചയത്തെ ചൂഴ്ന്നു നിൽപ്പുണ്ടായിരുന്നു. ഉപ്പുകാറ്റിനൊപ്പം റവയിൽ മൊരിച്ചെടുത്ത ട്യൂണമത്സ്യത്തിന്റെ മണവും ഇടയ്ക്കിടയ്ക്ക് ആ വഴി വന്നു. എന്നാൽ അഞ്ചാംനിലയിലെ ഫൈവ്-ഡി എന്ന ഫ്ളാറ്റിനുള്ളിൽ മറ്റൊരു ഞാറ്റുവേലയുടെ മിതശീതോഷ്ണമായിരുന്നു. നിലക്കണ്ണാടിക്കു മുന്നിലിരുന്ന് മേയ്ക്കപ്പ് അഴിക്കുകയാണ് ഗാഥ. അവൾ പ്രിയതരമായൊരു സ്വപ്നത്തിലെന്നതുപോലെ ആ നിലക്കണ്ണാടിക്കു മുന്നിൽ തരളിതയായി. അനൂപ് കട്ടിലിലിരുന്ന് ഷൂ അഴിക്കുന്നതിനിടയിൽ അവളെ പലതവണ നോക്കിയത് അവൾ അറിഞ്ഞതേയില്ല. ഹിഡിംബിക്കും ഗാഥയ്ക്കുമിടയ്ക്കുള്ള ശബ്ദസ്ഥായിയിൽ അവൾ പറഞ്ഞത് അനൂപ് കേട്ടിരിക്കാനിടയില്ല എന്ന ഉറപ്പിലാണ് അവൾ അവനോട് വീണ്ടുമത് ചോദിച്ചത്.

'അനൂ, നമ്മളെന്നാണ് നാട്ടിലേക്ക് പോകുന്നത്?'

'സമയമാകട്ടെ പോകാം' എന്ന അവന്റെ ഒഴുക്കൻ മറുപടിയിൽ ഒട്ടും തൃപ്തികിട്ടാത്തതുകൊണ്ടാണ് ഗാഥ അനൂപിന്റെ നേർക്ക് വീണ്ടുമൊന്നുകൂടി നോക്കിയത്. അതിനവന്റെ പ്രതിവചനം ഒരു പുഞ്ചിരി മാത്രമായിരുന്നു.

'പോണം അനൂ, പോണം... ഒരുകണക്കിന് എന്റേയും കൂടെ നാടല്ലേ അത്! എന്റെ അച്ഛനും അമ്മയും ജനിച്ച നാട്. ആ നാടിനെ എനിക്കറിയണം. ആ നാടിന്റെ വെയിലും മഴയും കൊള്ളണം. അനൂ, എനിക്കു നിന്റെ പിഷാരസ്യാരുകുട്ടിയുടെ വഴിയിലൂടെ നടക്കണം. നിന്റെ അദൃശ്യ സരസ്വതീടെ...'

അവൾ മേയ്ക്കപ്പ് മായ്ച്ചുകളയാതെ മറ്റെവിടേക്കോ യാത്രയായിയെന്ന് അനൂപ് ഊഹിച്ചത് തെറ്റല്ല. അയാൾ ഷൂ അഴിച്ച് ജനലരികിൽ കൊണ്ടുവെയ്ക്കാൻ അവളുടെ അരികിലൂടെ പോയത് അവൾ അറിഞ്ഞതേയില്ല. അനൂപ് വസ്ത്രം മാറ്റി മുഖം കഴുകി കട്ടിലിൽ വന്നിരിക്കുമ്പോഴും ഗാഥ കണ്ണാടിയിലെ പ്രതിബിംബം കടന്ന് യാത്രയാണെന്നു മാത്രമല്ല ആത്മഗതം പോലെ അത് ഉച്ചരിക്കുന്നുമുണ്ടായിരുന്നു.

'അദൃശ്യ സരസ്വതി! എന്തു നല്ല കൺസപ്റ്റ്'

'ഗാഥേ, എന്റെ ഓർമ്മകളിലും ചിന്ത



കളിലുമൊക്കെ അവളുണ്ട്. എന്നാൽ ഈയിടെയായി അത്ര വേദനിപ്പിക്കുന്ന ഒന്നല്ല. ഒരുപക്ഷേ നീയായിരിക്കാം അതിനു കാരണം.'

ഇപ്പോൾ അവളെഴുന്നേറ്റ് വസ്ത്രം മാറ്റാൻ തുടങ്ങി. പക്ഷേ അനൂപിനവിടെ നിർത്താനായില്ല.

"ഭാമ എന്നും ഞാൻ മനസ്സിലാക്കിയതിനപ്പുറം സഞ്ചരിക്കുന്നവളായിരുന്നു. അടുക്കുന്തോറും അകന്നുപോകുന്ന..." ഒരു ഗദ്ഗദം തൊണ്ടയിൽ തടഞ്ഞതുകൊണ്ടായിരിക്കാം അയാളത് മുഴുമിക്കുന്നതിനുപകരം ജനലോരത്തിരുന്ന് പുറംകാഴ്ചകളിലെ മിന്നാമിനുങ്ങുകളെ കൗതുകത്തോടെ കണ്ടു.

"....എനിക്കറിഞ്ഞുകൂടാ.... ഞാൻ മനസ്സിലാക്കിയതുപോലെയായിരുന്നില്ല അവളൊരിക്കലും..'

അനൂപിന്റെ പിൻകഴുത്തിലൂടെ പെട്ടെന്ന് ഗാഥയുടെ കൈകൾ പിണഞ്ഞിറങ്ങിയത് പെട്ടെന്നായിരുന്നു. സങ്കടത്തിന്റേയും സന്തോഷത്തിന്റേയും ഒരു സമ്മിശ്രവികാരം അവളെ പൊതിയുന്നുണ്ടായിരുന്നു. അതിന്റെ ഇത്തിരി തീ അവൾ അനൂപിനും നൽകി.

'ഈ സാഹിത്യകാരന് മനസ്സിലാക്കാൻ കഴിയാതെപോയ ഒരു പെണ്ണോ? സത്യമാണോ ഈ പറയുന്നത്?'

'സത്യം, നിനക്കെന്നോടുള്ള പ്രണയം സത്യമാണെങ്കിൽ ഇതും സത്യം.'

'എന്നെ അനൂപിനറിയില്ലേ?'

'നിന്റെ വികാരവും ചിന്തയും ചലനവുമൊക്കെ എനിക്കറിയാം.' അയാൾ പെട്ടെന്നാണ് ഗാഥയ്ക്കു നേരെ തിരിഞ്ഞത്. അയാളുടെ കണ്ണുകളിലെ സൂര്യൻ, ചുണ്ടുകളിലെ അഗ്നിപർവ്വതം ഇതൊക്കെ ആദ്യമായി കാണുന്നതുപോലെ അവൾ നോക്കിനിന്നു.

ഗാഥാ... ഇപ്പോൾ എനിക്ക് നിന്നെ ഗാഢമായി ചുംബിക്കാൻ തോന്നുന്നു. ഖലീൽ ജിബ്രാന്റെ മുന്തിരിവള്ളികൾ പൂത്തുനിൽക്കുന്ന താഴ്വരയിൽ നിന്നെ ഞാൻ ആദ്യം കണ്ടുമുട്ടുന്നതുപോലെ... എല്ലാ ലെബനീസ് കാമുകിമാർക്കും നിന്റെ ഛായയാണെന്ന് ഞാൻ ആ പുസ്തകങ്ങളെ പരാവർത്തനം ചെയ്തത് നിനക്ക് മനസ്സിലായിട്ടുണ്ടോ?

അയാൾ അവൾക്കു മുന്നിൽ ഒരു മഴവില്ലുപോലെ വാചാലനായപ്പോൾ അവൾ കുതറിമാറി.

'ഹേയ്! അനൂ.... വെയ്റ്റ്.... ഞാനിതാ വരുന്നു'.

അവൾ കുളിമുറിയുടെ വാതിലിനടുത്തേക്ക് ഓടിപ്പോവുന്നതിനിടയിൽ തിരിഞ്ഞുനോക്കാതെതന്നെ പറഞ്ഞു.

'അനൂ... നീയാ ലബനീസ് മുന്തിരിത്തോട്ടത്തിൽതന്നെ എന്നെ പ്രതീക്ഷിക്കണേ....'

മഴവില്ലിന്റെ എല്ലാ അതിരിലും മുന്തിരിവള്ളി പൂക്കുകയും തളിർക്കുകയും ചെയ്യുന്നതിനിടയിലാണ് കുളിമുറിയുടെ പാതിതുറന്ന വാതിലിനിടയിൽ ഗാഥയുടെ കൗതുകമുണർത്തുന്ന മുഖം വീണ്ടും കടന്നുവന്നത്.

'അതേ... നാട്ടിലേക്ക് പോകുന്നതെന്നാണെന്ന് പറഞ്ഞില്ല....'

'പോകാം'

'എന്ന്?'

'ഉം... അടുത്ത ശനിയാഴ്ച'

'ശരിക്കും?'

'യെസ് ഗാഥ....'

മൈ ഗോഡ് എന്ന ശബ്ദത്തിനൊപ്പം വാതിലടയുകയും ഇളംചൂടുള്ള ജലപ്രവാഹത്തിലേക്ക് അവൾ കുതിരുകയും ചെയ്തു. അവളുടെ ശരീരത്തിലൂടെ വ്രതമോദബിന്ദുക്കൾ ശാഖയും ഉപശാഖയും തീർത്ത് കടലിരമ്പം ദാഹിച്ചു നീന്തി.

**ഇരുപത്തിയെട്ട്**

കാറിന്റെ വിന്റ്സീറ്റിലിരുന്ന് പുറത്തെ കാഴ്ചകൾ കണ്ടുകൊണ്ടിരിക്കുമ്പോൾ ഗാഥയ്ക്കത് വിശ്വസിക്കാനായില്ല. നാട്ടിലേക്കുള്ള ആ യാത്ര അവളെ സന്തോഷത്തിന്റെ പാരമ്യതയിൽ എത്തിച്ചിരുന്നു. പുറകിലേക്ക് ഓടിനീങ്ങുന്ന മരങ്ങളോരോന്നിനോടും അവൾ നന്ദിപറഞ്ഞുകൊണ്ടിരുന്നു. രണ്ടുദിവസത്തെ യാത്രയ്ക്കുശേഷമാണവർ ആ ഹൈറേഞ്ച് ഭാഗത്തെത്തുന്നത്.

'അനൂ.... ഞാൻ ഗ്ലാസ് താഴ്ത്തിക്കോട്ടേ?'

'പുറത്ത് നല്ല തണുപ്പാണ്'.

'അതു സാരമില്ല'.

ഒരുവശത്ത് നിറയെ പൂത്തുനിൽക്കുന്ന കാപ്പിച്ചെടികൾ. മറുവശത്ത് താഴ്വരയുടെ പ്രശോഭിതഭംഗി തീർത്ത ചായത്തോട്ടം. ചായയുടേയും കാപ്പിയുടേയും സമ്മിശ്രഗന്ധത്തിന്റെ ഈറൻ അവളെ തലോടിയപ്പോൾ പ്രസവോദ്യുക്തയായ ആ പ്രഭാതത്തെപ്പോലെ അവളും വിവശയായി. ഒരു സ്വപ്നത്തിലെന്നതുപോലെ അവളാ പ്രഭാതത്തെ കണ്ണിലും കരളിലും നിറച്ചുകൊണ്ടിരുന്നു. ആ പ്രഭാത ഡ്രൈവിംഗിൽ അനൂപും രസം കണ്ടെത്തിയിരുന്നു. തേയിലത്തോട്ടങ്ങൾക്കിടയിലൂടെയുള്ള ആ വളഞ്ഞ പാതയിലൂടെ അവരുടെ കാർ ഒരു വർണ്ണശലഭത്തെപ്പോലെ തെന്നിനീങ്ങി.

അടുത്ത വളവിലേക്ക് കാർ തിരിഞ്ഞതും ദൂരെ ഒരു ആൾക്കൂട്ടം കണ്ടാണ് അനൂപ് കാറിന്റെ വേഗത കുറച്ചത്. എന്തോ പന്തികേടുണ്ടെന്ന് തോന്നിയതുകൊണ്ടാണ് ഗാഥയും ശ്രദ്ധ അങ്ങോട്ടു തിരിഞ്ഞത്. എന്തെന്നറിയാതെ അവരിരുവരും പലതവണ മുഖത്തോടു മുഖം നോക്കി. ജനക്കൂട്ടത്തിനരികിൽ കാർ നിർത്തിയതും ആൾക്കൂട്ടത്തിൽ നിന്നൊരാൾ ഓടിവന്ന് അനൂപിന്റെ വിൻഡോഗ്ലാസിൽ ശക്തിയായി തട്ടിയതും ഒരുമിച്ചായിരുന്നു. തെല്ലൊരു പരിഭ്രമത്തോടുകൂടിയാണ് അനൂപ് ഗ്ലാസ് താഴ്ത്തിയത്.

'സാറേ... സഹായിക്കണം... ഒരു ആക്സിഡന്റ് കേസാ.... പെട്ടെന്ന് ആശുപത്രിയിലെത്തിക്കണം.'

അനൂപിന്റെ മറുപടിക്ക് കാത്തുനിൽക്കാതെ കുറച്ചാളുകൾ രക്തത്തിൽ കുളിച്ചുകിടക്കുന്ന ഒരു സ്ത്രീയെ കാറിന്റെ പിൻസീറ്റിലേക്ക് കിടത്തിയത് പെട്ടെന്നായിരുന്നു. പരിഭ്രമത്തോടെ ഒരാൾ ഒപ്പം കയറുകയും ചെയ്തു. അനൂപിനും ഗാഥയ്ക്കും ഒന്നും മനസ്സിലായില്ല. അവർ മുഖത്തോടുമുഖം നോക്കുക മാത്രം ചെയ്തു.

'അയ്യോ സാറേ വണ്ടിവിട്...'

ഒരു ദുർബ്ബല ശബ്ദത്തിൽ അനൂപ്



ചോദിച്ചു.

'ഏത് ആശുപത്രിയിലേക്കാ?'

'എത്രയും പെട്ടെന്ന് മെഡിക്കൽ കോളേജിലെത്തിക്കണം. ദൈവേ.... എനിക്കു വയ്യാ ഇത് കാണാൻ'.

അനൂപിന്റെ വിറയ്ക്കുന്ന കാൽ അറിയാതെ ആക്സിലേറ്ററിലേക്കമർന്നു. ഹെഡ്‌ലൈറ്റിട്ട് നിരന്തരം ഹോണടിച്ചുകൊണ്ട് അയാൾ ആ മലഞ്ചരിവിലൂടെ എങ്ങോട്ടെന്നില്ലാതെ വണ്ടിയോടിച്ചു. വളവുകളും തിരിവുകളും അയാൾ കണ്ടില്ല. കുഴികളും 'ഹമ്പു'കളും അയാൾ കണ്ടില്ല. പിന്നിലേക്ക് ഇടയ്ക്കിടയ്ക്ക് തിരിഞ്ഞുനോക്കാൻ കൂടി ധൈര്യം കിട്ടാതെ ഗാഥ ഭയചകിതയായി പുറത്തേക്കു നോക്കിയിരുന്നു. ഇപ്പോൾ അവൾ നിറയെ പൂത്തുനിൽക്കുന്ന കാപ്പിച്ചെടികളും താഴ്വരയെ തരളിതയാക്കുന്ന തേയിലത്തോട്ടങ്ങളും കണ്ടില്ല. കണ്ണിൽ ഇരുട്ടു നിറയുന്നതുപോലെ അവൾക്കു തോന്നി. അവൾ 'അനൂ' എന്ന് വിളിച്ചെങ്കിലും അനൂപ്ചന്ദ്രൻ അത് കേൾക്കുകയുണ്ടായില്ല.

'ഒന്നു വേഗം വിട് സാറേ... ശ്വാസം നിന്നൂന്നാ തോന്നണേ...'

ഒരു ആത്മഗതത്തിന്റെ ബാക്കിയെന്നോണം അയാൾ വീണ്ടും പറഞ്ഞുതുടങ്ങി.

'ഈശ്വരാ, മരിച്ചിട്ടുണ്ടാവോ? ശ്വാസം നിന്നൂന്നാ തോന്നണ്. എനിക്കെന്തോ പേടിതോന്നുന്നു. ഈശ്വരാ, ഒന്നും സംഭവിക്കരുതേ....'

പിൻസീറ്റിൽനിന്ന് രക്തം പുരണ്ട കൈകളോടെ അയാൾ ഗാഥയുടെ തോളിൽ തട്ടി ചോദിച്ചത് ഗാഥയെ ഞെട്ടിച്ചു. അവൾ അയ്യോ എന്നു നിലവിളിച്ചു.

'അതേ... ഈ ചോര ഒരുപാട് പോയാൽ പെട്ടെന്ന് മരിക്കുമോ?'

പേടിച്ചു കൊണ്ടുതന്നെ അവൾ മറുപടി പറഞ്ഞു.

'എനിക്കറിയില്ല'.

അതേ ചോദ്യം അയാൾ അനൂപിനോട് ചോദിക്കാനായുമ്പോൾ അനൂപിന്റെ നിയന്ത്രണം വിട്ടു അയാൾ പൊട്ടിത്തെറിച്ചു.

'ഒന്നു മിണ്ടാതിരിക്കുന്നുണ്ടോ... ശല്യം'.

പിന്നീടയാൾ പിറുപിറുപ്പു മാത്രമായി പിൻസീറ്റിൽ ഒതുങ്ങിയിരുന്നു. അനൂപിന്റെ വിറയ്ക്കുന്ന ശരീരം ആ കാറിനെ നിയന്ത്രിക്കുന്നതുപോലിരുന്നു. കാർ അകലേക്ക് മഞ്ഞിനെ കീറിമുറിച്ചുകൊണ്ട് പാഞ്ഞുപോയി.

**ഇരുപത്തി ഒൻപത്**

വള്ളുവനാടൻ ഹോസ്പിറ്റലിന്റെ മുറ്റത്തേക്ക് ഇരച്ചെത്തിയ കാറിൽനിന്നും ആശുപത്രി ജീവനക്കാർ ആ സ്ത്രീയുടെ രക്തത്തിൽ മുങ്ങിയ ശരീരം പുറത്തിറക്കി. വരാന്തയിലൂടെ ഉരുണ്ടുനീങ്ങിയ സ്ട്രക്ച്ചറിനൊപ്പം അനൂപും ഗാഥയും ഒരു സ്വപ്നാടനത്തിലെന്നപോലെ നീങ്ങിക്കൊണ്ടിരുന്നു. ഇപ്പോൾ അനൂപിന്റെ കണ്ണുകളിലും ഇരുട്ടു കയറാൻ തുടങ്ങി. അയാൾ പതുക്കെ ഗാഥയുടെ കൈകളിൽ പിടിച്ചു. ആ സ്ത്രീയേയും കൊണ്ട് കാഷാലിറ്റിക്കകത്തേക്ക് സ്ട്രക്ച്ചർ അതിവേഗം ഉരുണ്ടുനീങ്ങി. വരാന്തയിൽ, ഉദ്വേഗം കൊണ്ട് കനംവെച്ച മറ്റു മുഖങ്ങൾക്കിടയിൽ അനൂപും ഗാഥയും രണ്ടു മുഖങ്ങൾ മാത്രമായി...

ഒന്നും സംസാരിക്കാതെ വരാന്തയിലെ ബഞ്ചിലിരിക്കുന്ന അനൂപിന്റേയും ഗാഥയുടേയും അരികിലേക്ക് ഡോക്ടർ എത്തിയതാണ് അവരെ ഉണർത്തിയത്.

'നിങ്ങളാണോ ഇപ്പോൾ കൊണ്ടുവന്ന സ്ത്രീയോടൊപ്പം വന്നത്?'

'അതെ... കൂടെ മറ്റൊരാൾ ഉണ്ടായിരുന്നു. ഇപ്പോൾ കാണാനില്ല.'

'സോറി... നിങ്ങൾ കൊണ്ടുവന്നത് ഒരു ശവശരീരമായിരുന്നു.'

തലകറങ്ങുന്നതുപോലെ തോന്നിയ ഗാഥ ചാരുബഞ്ചിന്റെ അഴികളിലേക്ക് തലചായ്ച്ചു. അവൾക്കപ്പോൾ ദാഹിക്കുകയും കരച്ചിൽ വരികയും ചെയ്തു.

'ഡോക്ടർ... ഇനിയെന്തു ചെയ്യും? ഇവരെ ഞങ്ങൾക്കറിയില്ല. വഴിയിൽനിന്നും കയറ്റിയതാണ്.'

'മെഡിക്കൽ റിപ്പോർട്ട് എഴുതാൻ അവരുടെ അഡ്രസ്സ് അറിയില്ല. ആരാണ്, എന്താണ് എന്നറിയാതെ ഒന്നും ചെയ്യാനാവില്ല. തൽക്കാലം മോർച്ചറിയിലേക്ക് മാറ്റാം.'

അവരുടെ സംഭാഷണം മുറിച്ചുകൊണ്ട് പെട്ടെന്നൊരു നേഴ്സ് അവി



ടേക്ക് ഓടിയെത്തിയത് എല്ലാവരും ശ്രദ്ധിച്ചു.

'ഡോക്ടർ... ആ സ്ത്രീയുടെ കൈയിൽ എന്തോ പച്ചകുത്തിയിരിക്കുന്നു. ഡോക്ടറൊന്നു വന്നാൽ.... ആത്മഗതമെന്നോണമാണ് ഡോക്ടർ നേഴ്സിന്റെ വാക്കുകൾക്ക് മറുപടി പറഞ്ഞത്.

'അതെന്താണെന്ന് നോക്കാം. ഒരുപക്ഷേ, അതുതന്നെ മതിയാവും ആളെ തിരിച്ചറിയാൻ. ഏതായാലും നിങ്ങളും കൂടെ വരൂ...'

ധൃതിയിലാണ് എല്ലാവരുടേയും കാലുകൾ ഡോക്ടർക്കു പിന്നിൽ സഞ്ചരിച്ചത്. അനേകം മരുന്നുകളുടെ മണങ്ങൾക്കു മുകളിൽ ഡെറ്റോളിന്റേയും വെനോയിലിന്റേയും മണം ആ അന്തരീക്ഷത്തെ തണുപ്പിക്കാൻ വൃഥാ ശ്രമിച്ചുകൊണ്ടിരുന്നു. കാറ്റിനും മണത്തിനും ഇക്കാര്യത്തിൽ ഒന്നും ചെയ്യാനില്ല.

കാഷ്വാലിറ്റിയിലെ ഇരുമ്പു സ്ട്രക്ച്ചറിൽ കിടക്കുന്ന ആ സ്ത്രീയുടെ രക്തക്കറയുള്ള കൈ ചൂണ്ടിക്കൊണ്ടാണ് നേഴ്സ് മുറിയിലേക്ക് കടന്നുചെന്നത്. ഒരു പഞ്ഞിക്കഷണം കൊണ്ട് ഡോക്ടർ ആ സ്ത്രീയുടെ കൈയിലെ രക്തക്കറ മായ്ച്ചുകൊണ്ടിരിക്കുമ്പോൾ എല്ലാവരും പരസ്പരം നോക്കിക്കൊണ്ടിരുന്നു. അജ്ഞാതയായ ഏതോ സ്ത്രീയുടെ രക്തക്കറയ്ക്കടിയിൽ ഒളിഞ്ഞുകിടന്ന ലിപികളും ചിത്രങ്ങളും അവരെ എന്തിനെന്നില്ലാതെ ഉദ്വേഗഭരിതരാക്കി. ആകാംക്ഷയുടെ അക്ഷാംശരേഖാംശങ്ങൾക്കിടയിൽ ആ ആശുപത്രി മുറി കനത്തു വന്നു. രക്തക്കറ മാറിയ ആ വെളുത്ത കൈത്തണ്ടയിൽ തെളിഞ്ഞുകിടന്ന കടുംപച്ച ലിപികൾ അവരെല്ലാവരും ഒരുമിച്ചു വായിച്ചു.

'സത്യഭാമ'.

ഗാഥയാണ് ഏറെ പരിഭ്രമിച്ചത്. അവളുടെ മനോമുകുരത്തിൽ അവളാ വെളുത്ത കൈകളെ പലതരത്തിൽ പ്രതിഷ്ഠിച്ചു നോക്കി. പുണ്യാഹവും പുഷ്പാഞ്ജലിയും കൊണ്ടു നനഞ്ഞ കൈകളാണോ ഇത്? വാസനപ്പൂക്കളും വാടാമല്ലിയും നുള്ളിയ കൈകളാണോ ഇത്? മഴവില്ലിനെ സാക്ഷിയാക്കി മൺമറഞ്ഞുപോയ അദൃശ്യ സരസ്വതി? പ്രണയത്തിന്റെ മായാമാളവഗൗളയ്ക്ക് ആദിതാളം പിടിച്ച ഒറ്റവളയണിഞ്ഞ കൈകൾ ഇതോ? ഉഷമലരിക്കും മിന്നാമിനുങ്ങിനുമിടയിൽ തുളസീദളത്തിന്റെ വാസനയും കൊണ്ട് അനൂപ്ചന്ദ്രനെ വീണ്ടും വീണ്ടും മോഹിപ്പിച്ചവൾ?

ഗാഥ അനൂപിനെ നോക്കിയപ്പോൾ അയാൾ വരാന്തയിലേക്കു തിരിച്ചുനടക്കുന്നതാണവൾ കണ്ടത്. അവൾ ചോദിക്കാനുദ്ദേശിച്ച നൂറായിരം ചോദ്യങ്ങളെ അയാൾ ആ മൗനയാനം കൊണ്ട് തടഞ്ഞു.

*(തുടരും...)*

**ഐതിഹ്യം**

കരാട്ട് പ്രഭാകരൻ

# വിദ്യാദാതാവായ ശാസ്താവ്

**കേരളത്തിന്റെ സാംസ്കാരിക തലസ്ഥാന മായ കേളികേട്ട തൃശ്ശൂർ പട്ടണത്തിൽനിന്നും ഏക ദേശം പത്തുകിലോമീറ്റർ തെക്കുമാറിയാണ് ക്ഷേത്രം സ്ഥിതിചെയ്യുന്ന ത്. തൃശ്ശൂരിൽനിന്നും ഇരി ഞ്ഞാലക്കൂടയിലേക്ക് പോകുന്നവഴിയിൽ ചേർപ്പ് പെരുമ്പിളിശ്ശേരി ജംഗ്ഷ നിൽനിന്നും അരകിലോമീ റ്റർ കിഴക്കുഭാഗത്തായി ട്ടാണ് വിദ്യാരംഭത്തിന് പ്രസിദ്ധിയാർജ്ജിച്ച പ്രൗഢഗംഭീരമായ ശാസ്താക്ഷേത്രം നില കൊള്ളുന്നത്.**

ബുദ്ധിക്കും, വിദ്യക്കും വേണ്ടി ശ്രീഭൂതനാഥനായ തിരുവുള്ളക്കാവ് ശാസ്താവിനെയാണ് ഭജിക്കുക. അവിടെ കുടികൊള്ളുന്ന ശാസ്താവ് വിദ്യാദായകൻ കൂടിയാണ്. അത് ഇവിടെ മാത്രം കാണുന്ന ഒരു സവിശേഷതയാണ്. അതുകൊണ്ടാണല്ലോ കേരളത്തിൽ ഏറ്റവും കൂടുതൽ കുട്ടികളെ ഈ തിരുസന്നിധിയിൽ എഴുത്തിനിരുത്തുന്നത്. കൊല്ലത്തിൽ രണ്ട് ദിവസങ്ങളിലൊഴികെ മറ്റെല്ലാ ദിവസങ്ങളിലും അവിടെ കുട്ടികളെ എഴുത്തിനിരുത്തുന്ന ചടങ്ങ് നടക്കുന്നുണ്ട്. കന്നിമാസത്തിലെ നവരാത്രിക്കാലത്ത് വരുന്ന മഹാനവമിപക്കത്തിലും, മീനമാസത്തിൽ ആറാട്ടുപുഴപൂരം കഴിഞ്ഞ് വരുന്ന അത്തം നാളിലും ഇവിടെ ആരും അക്ഷരം കുറിക്കാറില്ല.

ഇവിടെ മാത്രം ശാസ്താവിന് ഇത്തരം ഒരു ശക്തിവിശേഷം എങ്ങനെ വന്നു എന്ന് ചോദിച്ചാൽ ആർക്കും കൃത്യമായി ഉത്തരം പറയാനാവില്ല. എങ്കിലും ഒരു നിഗമനമെന്നോണം ചിലർ പറഞ്ഞു കേൾക്കുന്നതിങ്ങനെയാണ്: ശ്രീധർമ്മശാസ്താവ് ശ്രീമഹാവിഷ്ണുവിന്റേയും ശ്രീപരമേശ്വരന്റെയും പുത്രനാണല്ലോ! ഒരിക്കൽ കൈലാസനാഥൻ ശാസ്താവിനെ തന്റെ വലത്തെ ഉള്ളം കയ്യിൽ ഇരുത്തി താലോലിച്ചുകൊണ്ടിരിക്കുമ്പോൾ ത്രിമൂർത്തികളിൽ മുൻപനായ ബ്രഹ്മദേവൻ പത്നീസമേതം വന്ന് ആ അത്ഭുതബാലനെ അനുഗ്രഹിക്കയുണ്ടായത്രേ. കൂടെ ഉണ്ടായിരുന്ന സരസ്വതീദേവി ആ ബാലന് തന്റെ ശക്തിയുടെ ഒരംശവും പ്രത്യേ



കമായി പകർന്നുകൊടുക്കുകയുണ്ടായി. അന്നുമുതൽ ശാസ്താവ് വിദ്യാദായകൻ കൂടിയായിത്തീർന്നു. ആ ശാസ്താവിനെയാണ് ഇരട്ടയപ്പൻ തന്റെ സമീപത്ത് തിരുവുള്ളക്കാവിൽ പ്രതിഷ്ഠിച്ചത്. അതുകൊണ്ടാണ് തിരുവുള്ളക്കാവ് ശാസ്താവ് വിദ്യാദായകനായതെന്നും ചിലർ അനുമാനിക്കുന്നു. ആ നിഗമനത്തിന് മാറ്റുകൂട്ടും വിധം ഈശ്വരതുല്യനായ വില്വമംഗലം സ്വാമിയാർ ഒരിക്കൽ പെരുവനം ക്ഷേത്രദർശനത്തിനെത്തിയപ്പോൾ ശാസ്താവ് പെരുമനത്തപ്പന്റെ വലത്തെ ഉള്ളംകയ്യിൽ ഇരുന്നു കളിക്കുന്നതായി കാണാനിടയായെന്നും മറ്റൊരു ഐതിഹ്യത്തിൽ പറഞ്ഞുകേൾക്കുന്നു. ശ്രീപരമേശ്വരന്റെ വലത്തെ കയ്യിൽ ഇരുന്നിരുന്ന ശാസ്താവിനെ പ്രതിഷ്ഠിച്ച ക്ഷേത്രമാകയാലാണ് അതിന് തിരുവലക്കാവ് എന്ന പേരുണ്ടായതെന്നും ഐതിഹ്യം പറയുന്നു. പിന്നീട് അത് ലോപിച്ച് തിരുവുള്ളക്കാവ് എന്നായതാണത്രെ.

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ കേളികേട്ട തൃശ്ശൂർ പട്ടണത്തിൽനിന്നും ഏകദേശം പത്തുകിലോമീറ്റർ തെക്കുമാറിയാണ് ക്ഷേത്രം സ്ഥിതിചെയ്യുന്നത്. തൃശ്ശൂരിൽനിന്നും ഇരിങ്ങാലക്കുടയിലേക്ക് പോകുന്നവഴിയിൽ ചേർപ്പ് പെരുമ്പിളശ്ശേരി ജംഗ്ഷനിൽനിന്നും അരകിലോമീറ്റർ കിഴക്കുഭാഗത്തായിട്ടാണ് വിദ്യാരംഭത്തിന് പ്രസിദ്ധിയാർജ്ജിച്ച ശാസ്താക്ഷേത്രം നിലകൊള്ളുന്നത്. അതിപുരാതനകാലത്ത് പ്രസിദ്ധമായ പെരുവനംക്ഷേത്രത്തിന്റെ സമീപത്തുതന്നെ ഉണ്ടായിരുന്ന ഘോരവനത്തിന്റെ മദ്ധ്യത്തിലായിരുന്നുവത്രെ ഈ ക്ഷേത്രം.

ഇനി ക്ഷേത്രത്തിന്റെ ഉത്ഭവത്തെക്കുറിച്ച് പറയുന്ന കഥ എന്താണെന്നു കൂടി നോക്കാം. ഇവിടെ ദേവൻ സ്വയംഭൂ ആണ്. കൈലാസനാഥന്റെ ഇംഗിതമനുസരിച്ച് ശാസ്താവ് ഗ്രാമദേവനായി തിരുവുള്ളക്കാവിൽ കുടികൊണ്ടിരുന്നുവെങ്കിലും ആ ദിവ്യസാന്നിദ്ധ്യം അവിടുത്തെ ജനങ്ങൾ തിരിച്ചറിഞ്ഞിരുന്നില്ല. ഒരിക്കൽ സ്ഥലവാസിയും വൃദ്ധനുമായ ഒരു വാരിയർ അതുവഴി പെരുവനം ക്ഷേത്രദർശനത്തിനു പോകുമ്പോൾ അവിടെ ഉണ്ടായിരുന്ന ജലാശയത്തിനടുത്തുനിന്നും എന്തെന്നില്ലാത്ത ഒരു പ്രകാശം പ്രസരിക്കുന്നതായി കണ്ടു. പരിശോധിച്ചപ്പോൾ ഇരുവശത്തും ചിനപ്പുകളോടുകൂടിയ ഒരു ചെറിയ കൃഷ്ണശില ഇരിക്കുന്നതായി കണ്ടു. അത് ഏതോ ദൈവീകശക്തി തന്നെയാണെന്ന് അദ്ദേഹത്തിനു തോന്നി. ഉടനെ ഗ്രാമത്തിലെ പ്രമാണിമാരെയെല്ലാം വിളിച്ചുകൂട്ടി വിവരം അറിയിച്ചു. എല്ലാവരും കൂടിവന്ന് പ്രശ്നം വെയ്പിച്ച് നോക്കിയപ്പോൾ അത് സ്വയംഭൂ ആയ ശാസ്താവിന്റെ വിഗ്രഹമാണെന്ന് മനസ്സിലായി. അപ്പോൾത്തന്നെ അവിടെ മേൽക്കൂരയില്ലാത്ത ഒരു ശ്രീകോവിൽ നിർമ്മിച്ച് ആരാധന തുടങ്ങി. തന്ത്രിയായി പടിഞ്ഞാറേടത്ത് ഭട്ടതിരിപ്പാടിനേയും, പൂജാദികാര്യങ്ങൾക്കായി മഴമംഗലം നമ്പൂതിരിയേയും നിശ്ചയിച്ചു. മഴമംഗലം നമ്പൂതിരി പിന്നീട് ആ സ്ഥാനം പട്ടത്ത് ഭട്ടതിരി കുടുംബക്കാർക്ക് വിട്ടുകൊടുത്തു എന്നും, ആ ഇല്ലക്കാർ തന്നെയാണ് ഇപ്പോഴും കാരായ്മ ശാന്തിക്കാരായി തുടരുന്നതെന്നും പറഞ്ഞുകേൾക്കുന്നു.

അങ്ങനെ വനത്തിനുള്ളിൽ മേൽക്കൂരയില്ലാത്ത ഒരു ശ്രീകോവിലും നാമമാത്രമായ പൂജാദികൾ കർമ്മങ്ങളുമായി ഏറെക്കാലം പിന്നിട്ടപ്പോൾ ഒരു ദിവസം മഴമംഗലം നമ്പൂതിരി കാവിനടുത്തുതന്നെ ഒരു പശുവിനെ പുലി പിടിച്ച് കടിച്ച് ചവച്ചിട്ടിരിക്കുന്നതായി കണ്ടു. അദ്ദേഹത്തിന് അതീവദു:ഖം തോന്നി "ഇത്രയൊക്കെ ശക്തിയുള്ള ദേവൻ ഇവിടെ ഇരിക്കുമ്പോൾ ഇങ്ങിനെയൊക്കെ സംഭവിക്കുന്നുണ്ടല്ലൊ!" എന്ന് പരിഭവം പറഞ്ഞ് അദ്ദേഹം പെരുവനം ക്ഷേത്രദർശനത്തിനുപോയി. ദർശനം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ ആ പശുവിന്റെ ജഡത്തിനുസമീപം തന്നെ ഒരു പുലിയുടെ ജഡം കൂടി കിടക്കുന്നതായി കണ്ടു. ആ പുലിയുടെ ശരീരത്തിൽ ഒരു അമ്പും തറച്ച് നില്പുണ്ടായിരുന്നു. ആ അമ്പ് ആരുടേതാണെന്ന് അദ്ദേഹം എളുപ്പം തിരിച്ചറിഞ്ഞു. യാതൊരു സംശയവുമില്ല. ശാസ്താവിന്റേതുതന്നെ. അത്ഭുതപരതന്ത്രനായ അദ്ദേഹം താമസംവിനാ തന്റെ സ്വന്തം ചിലവിൽ ശ്രീകോവിലിന് മേൽക്കൂര നിർമ്മിച്ചുനൽകി. മേൽക്കൂര ഉണ്ടാക്കുന്നതുകൊണ്ട് ദേവന്റെ ശക്തി കുറയുമെന്നും, അത് തനിക്ക് ആപത്തായിത്തീരുമെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു. എങ്കിലും നാടിന്റെ നന്മക്കുവേണ്ടി അദ്ദേഹം അതു ചെയ്തു. ക്ഷേത്രത്തിൽ പൂജ ഒരു നേരം മാത്രം മതിയെന്നും നിഷ്കർഷ ചെയ്തു. ആ സമ്പ്രദായം ഇപ്പോഴും തുടരുന്നു. പിന്നീട് അദ്ദേഹത്തിന്റെ ഇല്ലം അന്യം നിന്നുപോയി. ഇപ്പോൾ അവിടെയുള്ളത് ദത്തുപ്രകാരം അവകാശം സിദ്ധിച്ച ആര്യനാട് തരണനെല്ലൂർ മഴമംഗലം ഇല്ലക്കാരാണ്.

ഈ ക്ഷേത്രത്തിന്റെ പഴക്കം എത്രയാണെന്നു ചോദിച്ചാൽ ആർക്കും കൃത്യമായി പറയാൻ കഴിയുമെന്ന് തോന്നുന്നില്ല. എങ്കിലും 1428 വർഷത്തിൽ കൂടുതൽ ഉണ്ടെന്നു പറഞ്ഞാൽ തെറ്റാകുമെന്ന് തോന്നുന്നില്ല. കാരണം ആറാട്ടുപുഴ പൂരം കൊടികയറുന്നത് ഈ ക്ഷേത്രത്തിലാണ്. പൂരം തുടങ്ങിയിട്ട് ഇപ്പോൾ 1428 വർഷം പിന്നിട്ടുകഴിഞ്ഞു എന്ന് രേഖ കണ്ടുകിട്ടിയിട്ടുണ്ട്. അപ്പോൾ പൂരം തുടങ്ങുന്നതിനു മുൻപ് ക്ഷേത്രം ഉണ്ടായിരുന്നിരിക്കണമല്ലോ.

ഇവിടെ പ്രത്യക്ഷമായി കണ്ട വിഗ്രഹത്തിന് രൂപഭാവങ്ങളൊന്നും ഇല്ലായിരുന്നു. ഭൂമിയിൽ നിന്നും വെറും നാല് ഇഞ്ച് മാത്രം പൊന്തി നില്ക്കുന്നതായിട്ടാണ് ആ കൃഷ്ണശില ദൃഷ്ടിഗോചരമാകുന്നത്. എന്നാൽ ഭക്തജനങ്ങൾക്ക് കണ്ട് വണങ്ങുന്നതിനുവേണ്ടി ശാസ്താവിന്റെ ഒരു കൊച്ചുഗോളക ഏകദേശം രണ്ട്അടിയോളം ഉയരത്തിൽ പഞ്ചലോഹം കൊണ്ട് നിർമ്മിച്ച് സാക്ഷാൽ





ബിംബത്തിന് പുറകിലായി വെച്ചിട്ടുണ്ട്. വലുപ്പത്തിൽ ചെറുതാണെങ്കിലും വലതുകയ്യിൽ അമ്പും, ഇടതുകയ്യിൽ വില്ലുമായി നില്ക്കുന്ന മനോഹരമായ ആരൂപം എത്ര കണ്ടാലും മതിവരാത്തതാണ്.

പെരുവനം ഗ്രാമത്തിന്റെ ഗ്രാമദേവതയാണ് തിരുവുള്ളക്കാവ് ശാസ്താവ്. ജ്ഞാനസ്വരൂപനായ ശാസ്താവ് വിദ്യയുടെ വിളക്കുമായി വെളുത്ത കുതിരയുടെ പുറത്തേറി ചൈതന്യം വിതറിക്കൊണ്ട് ഗ്രാമം മുഴുവൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്ന വിശ്വാസത്തിലാണ് ജനങ്ങൾ ആരാധിച്ചുവരുന്നത്. ശാസ്താവിന്റെ വാഹനം കുതിരയാണല്ലോ. അതുകൊണ്ടാണ് അയ്യപ്പനെ വ്യാളീവാഹനൻ, തുരഗവാഹനൻ, എന്നൊക്കെ വിശേഷിപ്പിക്കുന്നത്. കൂടാതെ ആനയും പുലിയും കൂടി അയ്യപ്പന് വാഹനങ്ങളായി വേറെയും ഉണ്ട്.

ശക്തിവിശേഷങ്ങളിൽ എന്നതുപോലെ ആചാരാനുഷ്ഠാനങ്ങളിലും ഇവിടെ പല വ്യത്യസ്തകളും കണ്ടുവരുന്നുണ്ട്. ഉദാഹരണത്തിന് കേരളത്തിലെ ഏറ്റവും വലിയ ദേവമേളയായ ആറാട്ടുപുഴപൂരത്തിന്റെ കൊടികയറുന്നത് ഈ ക്ഷേത്രത്തിലാണ്. കൊടികയറ്റം എന്നു പറഞ്ഞാൽ കൊടിക്കൂറ പതിവില്ല. ആചാരപ്രകാരം മുറിച്ചുകൊണ്ടുവന്ന ഒരു കവുങ്ങിന്മേൽ ആല്, മാവ് എന്നിവയുടെ ഇലകൾ വെച്ചുകെട്ടി കവുങ്ങിന് മുകളിൽ ഒരു ശൂലവും തറച്ചുവെച്ച് കുംഭമാസത്തിലെ ഉത്രം നാളിൽ നാട്ടുകാരെല്ലാം കൂടി കവുങ്ങ് ഉയർത്തി നാട്ടുന്നതാണ് ആ ചടങ്ങ്. ആറാട്ടുപുഴപൂരത്തിൽ പങ്കെടുക്കുന്ന ഇരുപത്തിമൂന്നു ക്ഷേത്രങ്ങളിൽ ഒരിടത്തൊഴിച്ച് മറ്റെങ്ങും കൊടിയേറ്റ് പതിവില്ല. എല്ലായിടത്തേക്കും വേണ്ടിയാണ് ഇവിടെ കൊടിയേറ്റ് നടത്തുന്നത്. സാധാരണ ഒരു ക്ഷേത്രത്തിൽ പൂരം കൊടികയറിക്കഴിഞ്ഞാൽ അവിടെ നിരവധി വൈദികചടങ്ങുകളും, എഴുന്നള്ളിപ്പുകളും, മറ്റു പലവിധ ആഘോഷങ്ങളും നടക്കേണ്ടതുണ്ട്. എന്നാൽ ഇവിടെ അങ്ങനെ യാതൊരുവിധ ചടങ്ങുകളും നടക്കുന്നില്ല. എന്നാൽ പൂരം കഴിഞ്ഞ് പിറ്റേന്ന് ആരുമറിയാതെ ചാത്തക്കുടം ശാസ്താവ് വന്ന് ഇവിടുത്തെ ശാസ്താവിനെ കട്ടുകൊണ്ടുപോകുന്ന ഒരു ചടങ്ങ് പതിവുണ്ട്. ഗ്രാമബലിയോടനുബന്ധിച്ച് നടക്കുന്ന ചടങ്ങ് ഏറെ ശ്രദ്ധേയവും ഐതിഹ്യപെരുമയുള്ളതുമാണ്. തിരുവുള്ളക്കാവ് ക്ഷേത്രത്തിലെ ഊരാളന്മാരറിയാതെ അവരെ കബളിപ്പിച്ചുകൊണ്ടാണത്രെ ആ ചടങ്ങ് നടത്താറുള്ളത്. സ്വതവേ ദേവന്മാർ പുറത്തിറങ്ങുമ്പോൾ പാണികൊട്ടിയശേഷമേ പുറപ്പെടാവൂ എന്നൊരു നിശ്ചയമുണ്ട്. എന്നാൽ തിരുവുള്ളക്കാവിൽ അതിന് നിവൃത്തിയില്ല. പാണികൊട്ടിയാൽ ഊരാളന്മാരറിയും. അതുകൊണ്ട് തിരുവുള്ളക്കാവ് ശാസ്താവിന് പുറത്തിറങ്ങുവാനുള്ള പാണികൊട്ട് ചാത്തക്കുടം ശാസ്താക്ഷേത്രത്തിൽ നടത്തുകയാണത്രെ പതിവ്. പിന്നീട് ചാത്തക്കുടം ശാസ്താവ് അർദ്ധരാത്രിയിൽ ആരുമറിയാതെ വന്ന് തിരുവുള്ളക്കാവ് ശാസ്താവിന്റെ തിടമ്പ് കട്ടെടുത്ത് താനെഴുന്നള്ളുന്ന ആനപ്പുറത്തുതന്നെ കയറ്റി കൊട്ടും വാദ്യങ്ങളും ഇല്ലാതെ കൊണ്ടുപോകും. പിന്നീട് ചാത്തക്കുടം ക്ഷേത്രത്തിൽ ഇറക്കി എഴുന്നള്ളിച്ച് പൂജകൾക്കുശേഷം തിരുവുള്ളക്കാവ് ശാസ്താവിനെ ഇവിടെത്തന്നെ തിരിച്ചുകൊണ്ടുവന്നാക്കും. തിരുവുള്ളക്കാവ് ശാസ്താവ് ചാത്തക്കുടം ശാസ്താവിന്റെ അനുജനാണെന്നുള്ള ഒരു സങ്കല്പവും കൂടിയുണ്ട്. തിരിച്ചെഴുന്നള്ളത്ത് പെരുവനത്ത് പോയി മേളംകൊട്ടിക്കലാശിച്ചശേഷം ദേശവലത്തുകൂടി കഴിഞ്ഞ ശേഷമാണ് തിരുവുള്ളക്കാവിൽ തിരിച്ചെത്താറുള്ളത്. പൂരത്തിന് തിരുവുള്ളക്കാവിൽ പരിപാടികളൊന്നും ഇല്ലെങ്കിലും ചിറ്റിചാത്തക്കുടം, മേടക്കുളം, നാങ്കുളം, നെട്ടിശ്ശേരി, ആറാട്ടുപുഴ, ചേർപ്പ്, അയ്യകുന്ന്, ഷാരിക്കൽ, ചാത്തക്കുടം എന്നീ ദേവീദേവന്മാരെല്ലാം പെരുവനത്തേക്ക് പോകുമ്പോൾ തിരുവുള്ളക്കാവിൽ വന്ന് ശാസ്താവിനെ വണങ്ങി പോകാറുണ്ട്.

ഈ ക്ഷേത്രത്തെക്കുറിച്ച് മറ്റൊരു ഐതിഹ്യം കൂടി പറഞ്ഞുകേൾക്കുന്നുണ്ട്. ഭഗവാൻ ശ്രീപരശുരാമൻ കേരളം വീണ്ടെടുത്തശേഷം ഇവിടുത്തെ ഭക്തജനങ്ങൾക്ക് ആരാധിക്കുന്നതിനും, അവരുടെ ക്ഷേമ ഐശ്വര്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും വേണ്ടി 108 ദുർഗ്ഗാലയങ്ങളും, 108 അയ്യപ്പൻകാവുകളും, 108 ശിവാലയങ്ങളും സ്ഥാപിക്കുകയുണ്ടായത്രേ. അങ്ങനെയുള്ള 108 അയ്യപ്പൻകാവുകളിൽ രണ്ടാമത്തെ കാവാണ് തിരുവുള്ളക്കാവ്.

സുപ്രസിദ്ധ "യമക" മഹാകവിയായിരുന്ന പട്ടത്ത് വാസുദേവൻ ഭട്ടതിരിപ്പാട് പണ്ട് ഈ ക്ഷേത്രത്തിലെ ശാന്തിക്കാരനായിരുന്നു. ചെറുപ്പത്തിൽ അദ്ദേഹം ഒരു മഹാമണ്ടനായിരുന്നുവത്രേ. വിദ്യാകാരകനായ ഈ ശാസ്താവിന്റെ അനുഗ്രഹം കൊണ്ടാണ് പിൽക്കാലത്ത് അദ്ദേഹം മഹാപണ്ഡിതനായിത്തീർന്നതെന്ന കഥയും പറഞ്ഞുകേൾക്കുന്നു. കഥ ഇങ്ങനെയാണ്: ഒരുദിവസം തൃപുക കഴിഞ്ഞ നടയടച്ച് എല്ലാവരും പോയശേഷം നമ്പൂതിരി ഇല്ലത്തേക്ക് പുറപ്പെടാൻ നേരത്ത് ശക്തിയായ മഴ പെയ്തു. ഭയാനകമായ കാറ്റും മഴയും മൂലം അദ്ദേഹത്തിന് വീട്ടിൽ പോകാൻ കഴിഞ്ഞില്ല. ഒറ്റപ്പെട്ട നമ്പൂതിരി തണുത്തുവിറച്ച് തിടപ്പള്ളിയിൽതന്നെ ഇരുന്ന് കഴിച്ചുകൂട്ടി. തണുപ്പ് സഹിക്കവയ്യാതായപ്പോൾ അവിടെയുണ്ടായിരുന്ന വിറകെടുത്ത് കത്തിച്ച് തണുപ്പു മാറ്റി അവിടെത്തന്നെ കിടന്നുറങ്ങിപ്പോയി. ഉറക്കത്തിൽ ആരോ ഒരാൾ അദ്ദേഹത്തോട് "നമ്പൂതിരി വിശന്നിരിക്കേണ്ട, അവിടെയിരിക്കുന്ന പാലും പഴവും എടുത്ത് ഭക്ഷിച്ചുകൊള്ളൂ" എന്നു പറയുന്നതായി തോന്നി. പെട്ടെന്ന് ഉണർന്നു നോക്കിയപ്പോൾ അവിടെ ഒരു പടല കദളിപ്പഴവും, ഒരു പാത്രത്തിൽ പാലും ഇരിക്കുന്നതായി കണ്ടു.

അദ്ദേഹം അതെടുത്ത് കഴിച്ച് വിശപ്പടക്കി അവിടെത്തന്നെ കിടന്നുറങ്ങി. പിറ്റേന്ന് കാലത്ത് വാരസ്യാർ വന്നപ്പോൾ ഉണ്ടായ കാര്യങ്ങളൊക്കെ അദ്ദേഹം വളരെ തന്മയത്വത്തോടെ ശ്ലോകരൂപത്തിൽ പറഞ്ഞുവത്രേ. അന്നു മുതൽ അദ്ദേഹം ഒരു മഹാപണ്ഡിതനായിത്തീർന്നു എന്നാണ് പറയുന്നത്. നമ്പൂതിരിയുടെ വർത്തമാനം കേട്ട വാരസ്യാർ അത്ഭുതപരതന്ത്രയായി ഓടിച്ചെന്ന് നമ്പൂതിരി വലിച്ചെറിഞ്ഞ പഴത്തൊലിയെടുത്ത് ഭക്ഷിച്ചുവത്രേ. അതുമൂലം അവരും വിദുഷിയായി എന്നു പറയുന്നു. ആ വാരസ്യാരുടെ പരമ്പരയിൽപ്പെട്ട തിരുവുള്ളക്കാവ് വാരിയത്തെ വാരിയന്മാർക്കാണ് ഇപ്പോഴും അവിടെ കുട്ടികളെ എഴുത്തിനിരുത്തുവാനുള്ള അവകാശം.

ദേവേന്ദ്രനെ പോലും വേദതർക്കങ്ങളിൽ തോൽപ്പിച്ചിട്ടുള്ള ശാസ്താവായതുകൊണ്ട് ഇവിടെ വേദമുറജപം വളരെ പ്രധാനമാണ്. എങ്കിലും ഈ ക്ഷേത്രത്തിൽ നമസ്ക്കാരമണ്ഡപം ഉള്ളതായി കാണുന്നില്ല. ബലിക്കല്ലുകളെല്ലാം മുറപ്രകാരം സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവിടെ ശ്രീഭൂതബലി പതിവില്ല. ശാസ്താവിനെക്കൂടാതെ മറ്റ് ഉപദേവതാ പ്രതിഷ്ഠകളൊന്നും ഇല്ല. എങ്കിലും ശ്രീകോവിലിന്റെ ചുവരിൽത്തന്നെ കന്നിമൂലയിൽ ഒരു കൊച്ചു ഗണപതിവിഗ്രഹം കൊത്തിവെച്ചിട്ടുള്ളതിനെ ആരാധിക്കുന്നുണ്ട്. വിസ്തരിച്ച പൂജകളൊന്നും പതിവില്ലെങ്കിലും നറുക്കില നിവേദ്യം പതിവുണ്ട്. ശ്രീകോവിലിന്റെ ചുവരിൽ പ്രത്യേക സ്ഥലത്ത് ഹരിശ്രീ കുറിക്കുന്നത് പുണ്യമാണെന്ന് കരുതി ഭക്തജനങ്ങൾ അങ്ങനെ ചെയ്തുവരുന്നു. കദളിപ്പഴം തന്നെയാണ് ഭഗവാന് ഏറെ ഇഷ്ടപ്പെട്ട നിവേദ്യം. അപ്പം, വെള്ളനിവേദ്യം, ശർക്കരപ്പായസം എന്നിവയും നിവേദിക്കാറുണ്ട്. നിർമ്മാല്യദർശനത്തിനുശേഷം അഭിഷേകം കഴിഞ്ഞാൽ മലർനിവേദ്യവും ത്രിമധുരം നിവേദ്യവുമാണ് പതിവ്. പഴം, ശർക്കര, നാളികേരം എന്നിവയാണ് ത്രിമധുരമായി അർപ്പിക്കാറുള്ളത്. വളരെ അപൂർവ്വമായി വിശേഷദിവസങ്ങളിൽ കളഭാഭിഷേകവും പതിവുണ്ട്. ദീപാരാധന പതിവില്ല. എങ്കിലും തൃപുക കഴിഞ്ഞേ നട അടയ്ക്കാറുള്ളൂ. നവരാത്രി ഒഴിച്ചാൽ ഇവിടെ മറ്റു വിശേഷങ്ങൾ ഒന്നുമില്ല. ഇപ്പോൾ കുറച്ചുകാലങ്ങളായി വിഷുപൂരം നടത്തിവരുന്നുണ്ട്.



വിശ്വഹിന്ദുപരിഷത്ത് കലൂർ കാർത്ത്യായനി വർക്കിങ്ങ് വിമൺസ് ഹോസ്റ്റലിന്റെ 30-ാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം കൊച്ചി ഡെ. മേയർ ബി. ഭദ്ര നിർവഹിക്കുന്നു. വി. എച്ച്. പി. അന്തർദേശീയ സെക്രട്ടറി ജനറൽ ചമ്പത്ത് റായ് സമീപം.



അനധികൃത ബംഗ്ലാദേശി പൗരന്മാരെ പുറത്താക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് ബജ്രംഗദൾ പുനലൂർ മുനിസിപ്പൽ ഓഫീസിന് മുമ്പിൽ നടത്തിയ ധർണ്ണയിൽ വി. എച്ച്. പി. സംസ്ഥാന ജോയിന്റ് ജനറൽ സെക്രട്ടറി വി. ആർ. രാജശേഖരൻ സംസാരിക്കുന്നു.



വിശ്വഹിന്ദുപരിഷത്ത് വടകര ജില്ലാ സേവാസമിതി യൂണിറ്റിന്റെ ഉദ്ഘാടനം സംസ്ഥാന സേവാപ്രമുഖ് രാധാകൃഷ്ണൻ നിർവഹിക്കുന്നു.



കോട്ടയം ജില്ലയിൽ നിർമ്മിക്കുന്ന ശ്രീ ഗുരുജി ബാലാശ്രമ നിർമ്മാണത്തിലേക്ക് ജില്ലാ സത്സംഗ് പ്രമുഖ് രമണി രാജേന്ദ്രൻ 50000 രൂപ സംഭാവന നൽകുന്നു.



# ഹൈന്ദവ മുന്നേറ്റത്തിന്റെ കരുത്തറിയിച്ച് ധർമ്മരക്ഷാസംഗമം

**മുരളി പാറപ്പുറം**



ആധുനിക കേരളത്തിന്റെ ചരിത്രത്തിൽ ഹിന്ദുഐക്യം വിളംബരം ചെയ്ത 1982 ലെ വിശാല ഹിന്ദു സമ്മേളനം നടന്ന കൊച്ചി മഹാനഗരം മറ്റൊരു ഹിന്ദുമുന്നേറ്റത്തിന് സാക്ഷ്യം വഹിച്ചു. ഹൈന്ദവ സ്ഥാപനങ്ങൾക്കും ആത്മീയാചാര്യന്മാർക്കുമെതിരെയുള്ള ഗൂഢാലോചനകളും കടന്നാക്രമണങ്ങളും തിരിച്ചറിഞ്ഞ് ചെറുത്തുതോൽപ്പിക്കണമെന്ന ആഹ്വാനവുമായി മാർച്ച് 23 ന് മറൈൻ ഡ്രൈവിൽ നടന്ന ധർമ്മരക്ഷാ സംഗമം ഹിന്ദുവിരുദ്ധർക്ക് കനത്ത താക്കീതായി. ദേശവിരുദ്ധശക്തികളുടെ സിരാകേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന കേരളത്തിൽ ധർമ്മാചാര്യന്മാരും സാമുദായിക സംഘടനാപ്രതിനിധികളും ഹൈന്ദവ വിശ്വാസികളും ഒന്നിച്ച മഹാസംഗമം രാജ്യത്തിന് ഒട്ടാകെ ശക്തിയുടെ സന്ദേശവും പകർന്നുനൽകുന്നതായിരുന്നു..

ഹിന്ദുസമൂഹം നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം സമൂഹത്തിന്റെ ഐക്യം മാത്രമാണെന്ന സന്ദേശത്തിന് അടിവരയിടുന്നതായിരുന്നു ധർമ്മരക്ഷാ സംഗമം.

ഹിന്ദുധർമ്മത്തിനുനേരെ എല്ലാക്കാലത്തും ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അതിനെയെല്ലാം അതിജീവിക്കാനുള്ള കരുത്ത് ഹിന്ദുധർമ്മം ആർജ്ജിച്ചിട്ടുണ്ടെന്ന് സംഗമം ഉദ്ഘാടനം ചെയ്ത് ഉഡുപ്പി പേജാവർ മഠാധിപതി സ്വാമി വിശ്വേശരതീർത്ഥ പറഞ്ഞു. സീതാദേവിയെ അപമാനിക്കാൻ ചിലർ ശ്രമം നടത്തിയതുപോലെയാണ് ഇപ്പോൾ മാതാ അമൃതാനന്ദമയിക്കെതിരായ പ്രചാരണമെന്നും ഭാരതത്തിലെ സന്യാസിസമൂഹം ഒറ്റക്കെട്ടായി അമൃതാനന്ദമയിക്ക് പിന്നിൽ നിൽക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

സമ്മേളന വേദിയിൽ ഹൈന്ദവ സമൂഹത്തിന്റെ ഐക്യത്തിനും ധർമ്മരക്ഷക്കുംവേണ്ടി ദൃഢപ്രതിജ്ഞയെടുത്തു.

ഹൈന്ദവ ധർമ്മത്തിലെ നൂറുകണക്കിനു ആചാരരീതികൾ പിന്തുടരുന്ന ആചാര്യന്മാരും വിവിധ സാമൂഹ്യ സംഘടനാ പ്രതിനിധികളും ഒന്നിച്ച സംഗമം കേരളസമൂഹത്തിനും പുതിയ പ്രതീക്ഷ നൽകി.

അമൃതാനന്ദമയിമഠം ഉൾപ്പെടെ രാജ്യത്തെ ഹൈന്ദവആശ്രമങ്ങൾക്കും സ്ഥാപനങ്ങൾക്കും എതിരെ നടക്കുന്നത് അന്താരാഷ്ട്ര ഗൂഢാലോചനയാണെന്ന് മുഖ്യപ്രഭാഷണത്തിൽ വിശ്വഹിന്ദുപരിഷത്ത് മാർഗദർശി അശോക് സിംഗാൾ ചൂണ്ടിക്കാട്ടി.

ഭാരത സംസ്കാരത്തെ തകർക്കുക എന്നതാണ് ഗൂഢാലോചനയുടെ ലക്ഷ്യം. ആഗോളതലത്തിൽ ഹൈന്ദവ സംസ്കാരത്തിനും സന്യാസിമാർക്കും ആശ്രമങ്ങൾക്കുമെതിരായി നടക്കുന്ന ഗൂഢാലോചനകൾ തടയുന്നതിന് ഹൈന്ദവ സമൂഹങ്ങളെല്ലാം ഒന്നിക്കേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. "2004 ൽ സോണിയ ഗാന്ധി സന്യാസി സമൂഹങ്ങളുടെ വിശ്വാസ്യത തകർക്കാൻ ശ്രമിക്കുന്നുവെന്ന ആരോപണവുമായി സത്യസായി ബാബയുടെ ദൂതൻ എന്ന പേരിൽ ഒരാൾ എന്നെ ബന്ധപ്പെട്ടിരുന്നു. അയാളെ അവിശ്വസിച്ചത് തെറ്റായെന്ന് പിൽക്കാലത്ത് ബോധ്യപ്പെട്ടു. രാജ്യത്ത് ഭരണാധികാരികളേക്കാൾ പിന്തുണയും ആദരവും സന്യാസിവര്യന്മാർക്ക് ലഭിക്കുന്നു. ഇത് ഭരണകൂടത്തിന് ഭീഷണിയാണെന്ന് സോണിയ ഗാന്ധി ഗ്രീസിലെ തന്റെ സുഹൃത്തിനോട് പറഞ്ഞിരുന്നു.

"അവർ സത്യസായിബാബയുടെ ഭക്തയായിരുന്നതിനാൽ ഇക്കാര്യം ബാബയോട് വെളിപ്പെടുത്തി. ഞാൻ 2004 ൽ ചെന്നൈ സന്ദർശിച്ചപ്പോൾ ബാബയുടെ ദൂതനെന്ന് പരിചയപ്പെടുത്തി സന്ദർശിച്ച ആളാണ് ഇക്കാര്യങ്ങൾ വെളിപ്പെടുത്തിയത്. എന്നാൽ അന്ന് ഞാൻ അവരെ അവിശ്വസിക്കുകയായിരുന്നു. കാഞ്ചി മഠാധിപതിക്കെതിരെ കൊലപാതക കുറ്റം ചുമത്തപ്പെട്ടത് അതിനുശേഷമാണ്. അദ്ദേഹത്തെ കോടതി വെറുതെ വിട്ടു. അമൃതാനന്ദമയിക്കെതിരായ ആരോപണം സന്യാസി സമൂഹങ്ങൾക്കും ആശ്രമങ്ങൾക്കുമെതിരായ ഗൂഢാലോചനയിലേക്കാണ് വിരൽ ചൂണ്ടുന്നത്," സിംഗാൾ പറഞ്ഞു.

"മാതാ അമൃതാനന്ദമയി ഗംഗാനദി പോലെയാണ്. കുംഭമേളക്കെത്തുന്ന 11 കോടി ജനങ്ങൾ തങ്ങളുടെ പാപം ഗംഗയിൽ കഴുകിക്കളഞ്ഞാലും ഗംഗ മലിനമാകുന്നില്ല. ഹിന്ദുസമാജം വിഘടിതമായതുകൊണ്ടാണ് ആചാര്യന്മാർക്കുനേരെ ഇത്തരം ആക്രമണങ്ങൾ ഉണ്ടാകുന്നത്. ഹിന്ദുക്കൾ ഒരുമിച്ച് നിന്നാൽ ലോകത്ത് ഒരു ശക്തിക്കും എതിർക്കാൻ കഴിയില്ല. അമൃതാനന്ദമയി മഠം അപമാനിക്കപ്പെട്ടപ്പോൾ അപമാനത്തിനിരയായത് 100 കോടി ഹിന്ദുക്കളാണ്. കേരളത്തിലെ ഹിന്ദുസമൂഹം ഒരുതരത്തിലുള്ള അപമാനവും സഹിക്കില്ലെന്ന് തീരുമാനിക്കണം. സന്യാസി സംഘങ്ങളും സംഘടനകളും വ്യത്യാസങ്ങൾ മറന്ന് ഒറ്റക്കെട്ടായി നീങ്ങണം, അശോക് സിംഗാൾ ആഹ്വാനം ചെയ്തു.



*ധർമ്മരക്ഷാസംഗമത്തിന്റെ സ്വാഗതസംഘം ഓഫീസ് പ്രൊഫ. തുറവൂർ വിശ്വംഭരൻ നിർവ്വഹിക്കുന്നു.*

കേരളത്തിലെ ഹിന്ദുസമൂഹത്തിന് തങ്ങൾ ഹിന്ദുക്കളാണെന്ന് പറയാൻ അപമാനം തോന്നേണ്ട കാര്യമില്ലെന്ന് പ്രഖ്യാപിച്ച് എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ നടത്തിയ പ്രസംഗം ആവേശത്തിന്റെ അലകളുയർത്തി. ഇടുക്കിയിൽ 36 ശതമാനം മാത്രം ജനസംഖ്യയുള്ള ക്രിസ്ത്യൻ സഭ ഇടുക്കി ജില്ല തങ്ങളുടേതാണെന്ന് അവകാശപ്പെടുകയാണ്. തെരഞ്ഞെടുപ്പുകളിൽ ഹിന്ദുസമൂഹം അവഗണിക്കപ്പെടുന്നു. ഐക്യമില്ലാത്തതാണ് കേരളത്തിലെ ഹിന്ദുക്കളുടെ പ്രശ്നം. ആരെല്ലാം എതിർത്താലും നായാടി മുതൽ നമ്പൂതിരിവരെ ഉൾപ്പെടുന്ന ഹിന്ദു ഐക്യത്തിനായുള്ള ശ്രമം മുന്നോട്ടുകൊണ്ടുപോകും. ഹിന്ദുസമൂഹം രാഷ്ട്രീയ മേലാളന്മാരുടെ പിന്നാലെ നടക്കുന്ന സ്വഭാവം ഉപേക്ഷിക്കണം. സാമൂഹ്യ നീതിക്കായി ശക്തമായി വാദിക്കണം. ഭരണം ന്യൂനപക്ഷങ്ങൾക്കായി മാത്രം എന്നതാണ് ഇന്നത്തെ അവസ്ഥ. അമൃതാനന്ദമയി നടത്തുന്ന പ്രവർത്തനങ്ങൾ കാലദേശങ്ങൾക്കതീതമാണ്. പാവങ്ങളുടെ കണ്ണീരൊപ്പുന്ന പ്രവർത്തനമാണ് അമൃതാനന്ദമയി നടത്തുന്നതെന്നും വെള്ളാപ്പള്ളി പറഞ്ഞു.

കേരളത്തിലെ ഹൈന്ദവ മുന്നേറ്റത്തിന്റെ സാഗരദൃശ്യം തന്നെയായിരുന്നു ധർമ്മരക്ഷാസംഗമത്തിന്റെ വേദി. വിവിധ സമ്പ്രദായങ്ങളിലും പരമ്പരകളിലും ഭാഷകളിലുംപെട്ട സന്യാസി ശ്രേഷ്ഠന്മാരുടെയും ഹിന്ദുസംഘടനാ നേതാക്കളുടെയും സാന്നിധ്യംകൊണ്ട് ഹിന്ദു രക്ഷാസംഗമം ചരിത്രം കുറിച്ചു. 1982 ലെ വിശാല ഹിന്ദുസമ്മേളനത്തിനുശേഷം ആദ്യമായി നടക്കുന്ന വിശാല ഹൈന്ദവ കൂട്ടായ്മ ഉദ്ഘാടനം ചെയ്തത് ഉഡുപ്പി പേജാവർ മഠാധിപതി സ്വാമി വിശ്വേശ്വരതീർത്ഥയാണ്. (വിശാല ഹിന്ദുസമ്മേളനത്തെ അനുഗ്രഹിക്കാനും വിശ്വേശരതീർത്ഥ എത്തിയിരുന്നു) ശിവഗിരി മഠാധിപതി സ്വാമി പ്രകാശാനന്ദ അദ്ധ്യക്ഷനായി. ഹിന്ദുഐക്യവേദി സംസ്ഥാന അദ്ധ്യക്ഷ കെ.പി. ശശികല ടീച്ചറുടെ ആമുഖ പ്രഭാഷണത്തോടെ ആരംഭിച്ച ചടങ്ങിൽ ആർഎസ്എസ് പ്രാന്തകാര്യവാഹ് പി. ഗോപാലൻകുട്ടി മാസ്റ്ററാണ് ധർമ്മരക്ഷാ പ്രതിജ്ഞ ചൊല്ലികൊടുത്തത്. ഗുരുശ്രേഷ്ഠന്മാർക്കും ആചാര്യന്മാർക്കും എതിരെയുള്ള ക്ഷുദ്രമായ തേജോവധശ്രമങ്ങളെ പ്രതിരോധിക്കാനും ഹിന്ദുസംസ്കാരത്തെയും ധർമ്മത്തെയും പ്രസ്ഥാനങ്ങളെയും സംരക്ഷിക്കുവാനും സ്വയം സന്നദ്ധരാവണമെന്ന് ഉദ്ഘോഷിക്കുന്ന പ്രതിജ്ഞ ജനലക്ഷങ്ങൾ ഏറ്റുചൊല്ലി.

കുളത്തൂർ അദ്വൈതാശ്രമം സ്വാമി ചിദാനന്ദപുരി, ചിന്മയ മിഷൻ സംസ്ഥാന കോർഡിനേറ്റർ സ്വാമി വിവിക്താനന്ദ സരസ്വതി, മാതാ അമൃതാനന്ദമയീ മഠത്തിലെ സ്വാമി ജ്ഞാനാമൃതാനന്ദ പുരി, ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി ഗുരുരത്നം ജ്ഞാനതപസ്വി, തീർത്ഥപാദാശ്രമം സെക്രട്ടറി സ്വാമി ഗരുഡധ്വജാനന്ദ തീർത്ഥപാദർ, ശ്രീ ശുഭാനന്ദാശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗോവിന്ദാനന്ദജി, തിരുവല്ല ശ്രീരാമകൃഷ്ണ മഠാധിപതി സ്വാമി ഗോലോകാനന്ദജി, മാതാ അമൃതാനന്ദമയീ മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണ്ണാമൃതാനന്ദപുരി, സംബോധ് ഫൗ



ണ്ടേഷന്റെ സ്വാമി അദ്ധ്യാത്മാനന്ദ സരസ്വതി, ശ്രീരാമദാസ മിഷൻ മഠാധിപതി ബ്രഹ്മപാദാനന്ദ സരസ്വതി, അയ്യപ്പ സേവാശ്രമം മഠാധിപതി സ്വാമി പ്രഭാകരാനന്ദ സരസ്വതി, സംസ്ഥാന മാർഗ്ഗദർശക് മണ്ഡൽ ജനറൽ സെക്രട്ടറി സ്വാമി സത്സ്വരൂപാനന്ദ സരസ്വതി, അഗസ്ത്യ സിദ്ധാശ്രമത്തിന്റെ സ്വാമി ഗോരഖ്നാഥ്, കോയമ്പത്തൂർ കാമാക്ഷിപുരി ആധീനം സ്വാമി ശിവലിംഗേശ്വര തുടങ്ങിയ സന്യാസി ശ്രേഷ്ഠൻമാരും സംഗമവേദിയിൽ അണിനിരന്നു. ശ്രീ ശ്രീ രവിശങ്കറിന്റെയും കാഞ്ചികാമകോടി മഠം സ്വാമി ജയേന്ദ്ര സരസ്വതി തുടങ്ങിയവരുടെയും സന്ദേശങ്ങൾ ചടങ്ങിൽ വായിച്ചു. ബാബാരാംദേവ് വീഡിയോ സന്ദേശത്തിലൂടെയാണ് സംഗമത്തിന് ആശംസ അർപ്പിച്ചത്.

ഹിന്ദുസംഘടനാ നേതാക്കളായ വിശ്വഹിന്ദുപരിഷത്ത് സംസ്ഥാന അദ്ധ്യക്ഷൻ ജസ്റ്റിസ് എം. രാമചന്ദ്രൻ, ആർഎസ്എസ് പ്രാന്തസംഘചാലക് പി.ഇ.ബി. മേനോൻ, സീമാ ജാഗരൺ മഞ്ച് ദേശീയ സംയോജകൻ എ. ഗോപാലകൃഷ്ണൻ, ഹിന്ദു ഐക്യവേദി ജനറൽ സെക്രട്ടറി കുമ്മനം രാജശേഖരൻ, വിഎച്ച്പി അഖിലേന്ത്യാ വൈസ്പ്രസിഡന്റ് കെ.വി. മദനൻ, ധീവരസഭ ജനറൽ സെക്രട്ടറി വി. ദിനകരൻ, കെപിഎംസ് സംസ്ഥാന പ്രസിഡന്റ് എൻ.കെ. നീലകണ്ഠൻ മാസ്റ്റർ, യോഗക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട്, വിശ്വകർമ്മ സർവീസ് സൊസൈറ്റിയുടെ ടി.യു. രാധാകൃഷ്ണൻ, ക്ഷേത്രസംരക്ഷണ സമിതി സംസ്ഥാന പ്രസിഡന്റ് ഡോ. കെ.അരവിന്ദാക്ഷൻ, കേരള വണിക വൈശ്യസംഘം ജനറൽ സെക്രട്ടറി കുട്ടപ്പൻ ചെട്ട്യാർ, ഓൾ ഇന്ത്യ വീരശൈവ മഹാസഭ ജനറൽ സെക്രട്ടറി കെ.വി. ശിവൻ, മലയാള ബ്രാഹ്മണസമാജം സെക്രട്ടറി അഡ്വ. അനിൽകുമാർ, അഖിലകേരള വിളക്കിത്തല നായർ സമാജം സംസ്ഥാന പ്രസിഡന്റ് അഡ്വ. കെ. ആർ സുരേന്ദ്രൻ, അഖിലകേരള എഴുത്തച്ഛൻ സമാജം സംസ്ഥാന പ്രസിഡന്റ് കെ.ജി. അരവിന്ദാക്ഷൻ, ഹരിജൻ സമാജം ആചാര്യൻ എ.കെ. കുഞ്ഞോൽ, അഖില കേരള ചേരമർ ഹിന്ദുമഹാസഭ സംസ്ഥാന ജനറൽ സെക്രട്ടറി കല്ലറ പ്രശാന്ത്, കേരള ഗണക കണിശ സഭ സംസ്ഥാന കമ്മിറ്റി അംഗം സതീഷ് പണിക്കർ, ഓൾ ഇന്ത്യ നാടാർ അസോസിയേഷൻ സംഘടനാ സെക്രട്ടറി പുഞ്ചക്കരി സുരേന്ദ്രൻ, നാഷണൽ ആദിവാസി ഫെഡറേഷൻ ദേശീയ പ്രസിഡന്റ് പി.കെ.ഭ ാസ്കരൻ, അമ്പലവാസി ഐക്യവേദി ചെയർമാൻ ബാലകൃഷ്ണ പിഷാരടി, ഓൾ ഇന്ത്യ വെള്ളാള ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് വേണു കെ.ജി. പിള്ള, കേരള വിശ്വബ്രാഹ്മണ സമൂഹം ജനറൽ സെക്രട്ടറി എൻ.എം. സുരേഷ്, ആദിവാസി മഹാസഭ പ്രസിഡന്റ് മോഹനൻ ത്രിവേണി, കേരള ചേരമർ സർവ്വീസ് സൊസൈറ്റി ജനറൽ സെക്രട്ടറി കെ.ടി. ഭാസ്കരൻ, സിദ്ധനർ സർവ്വീസ് സൊസൈറ്റി അസി.സെക്രട്ടറി കെ.എം. ശിവശങ്കരൻ, അഖിലകേരള പുലയർ മഹാസഭ ജനറൽ സെക്രട്ടറി എം.കെ. വാസുദേവൻ, അഖിലകേരള ഹിന്ദു സാംബവ മഹാസഭ ജനറൽ സെക്രട്ടറി കെ.കെ. തങ്കപ്പൻ, വനവാസി വികാസകേന്ദ്രം പ്രസിഡന്റ് പള്ളിയറ രാമൻ, അഖിലകേരള വെളുത്തേടത്ത് നായർ സമാജം പ്രസിഡന്റ് പി.ജി. ഗോപാലകൃഷ്ണൻ, എമ്പ്രാന്തിരി സമാജം സെക്രട്ടറി ശ്രീനാഥ് പുതുമന, വിശ്വകർമ്മ ബ്രാഹ്മണധർമ്മ സേവാസംഘത്തിന്റെ വി.എൻ. ചന്ദ്രൻ, ഭാരതീയ വേലൻ സൊസൈറ്റി വൈസ് പ്രസിഡന്റ് കൃഷ്ണൻകുട്ടി പണിക്കർ, എസ്‌സി-എസ്ടി ഫെഡറേഷൻ ജനറൽ സെക്രട്ടറി പി.കെ. ബാഹുലേയൻ, കേരള ബ്രാഹ്മണസഭ വൈസ് പ്രസിഡന്റ് പി.എസ്.രാമൻ, വിശാലവിശ്വകർമ്മ ഐക്യവേദി സെക്രട്ടറി അഡ്വ.സുരേഷ് ബാബു, കെപിഎംഎസ് ട്രഷറർ തുറവൂർ സുരേഷ് എന്നിങ്ങനെ നേതൃത്വത്തിന്റെ നീണ്ട നിര ഹിന്ദുക്കളുടെ ആത്മവിശ്വാസത്തെ അരക്കിട്ടുറപ്പിക്കുന്നതായിരുന്നു.

**ജാതിഭേദമില്ലാതെ കൈകോർത്ത്**

മൂന്ന് പതിറ്റാണ്ട് മുമ്പ് തന്ത്രശാസ്ത്ര രംഗത്തെ രണ്ട് സമുന്നത ആചാര്യന്മാർ ഭേദചിന്തകൾ മറന്ന് മഹാഗണപതിഹോമം നടത്തിയതിന്റെ സ്മരണകളുമായി അവരുടെ പിൻതലമുറക്കാർ ധർമ്മസംഗമവേദിയിൽ ഒരുമിച്ചത് ചരി



**പുസ്തകപരിചയം**

**സുനീഷ് കെ**

# ചരിത്രത്തിലേക്കുള്ള വഴി

നമ്മുടെ സമൂഹത്തിന്റെ മുഖ്യധാരക്കകത്തും പുറത്തുമായി നിഴൽപോലെ സാന്നിദ്ധ്യമറിയിക്കുന്ന ചില അപൂർവ്വവ്യക്തിത്വങ്ങളെ കുറിച്ചാണ് എഴുത്തുകാരനും ചരിത്രാന്വേഷിയുമായ ഡോ. രാജൻ ചുങ്കത്ത് 'ഓർമ്മ വഴിയിൽ ചിലർ' എന്ന പുസ്തകത്തിൽ പറയുന്നത്. നാട്ടുകഥകളുടെ നൈർമ്മല്യത്തോടെ വളരെ ഹ്രസ്വമായും പ്രസക്തമായും ഓരോ വ്യക്തിയെയും അടുത്ത് നിർത്തി പരിചയപ്പെടുത്തുന്ന ഈ പുസ്തകം ഈ ശ്രേണിയിലെ ഹൃദ്യമായൊരു വായനാനുഭവമാണ്.

ഈ ഓർമ്മവഴികളിൽ ഇടംപിടിച്ചിരിക്കുന്നവരുടെ സവിശേഷതതന്നെയാണ് ഈ പുസ്തകത്തിന്റെയും സവിശേഷത. പ്രത്യേകിച്ച്, അടിയന്തരാവസ്ഥയുടെ കറുത്തസ്മാരകമായിത്തീർന്ന രാജൻ രണ്ട് അദ്ധ്യായങ്ങളിൽ സാന്നിദ്ധ്യമറിയിക്കുന്നുണ്ട്. വിപ്ലവകാരികളോടും പ്രസ്ഥാനങ്ങളോടും സമാന്തരമായി സഞ്ചരിച്ചുവെന്ന കുറ്റത്തിന് രാജന്റെ സഹതടവുകാരനാവാൻ വിധിക്കപ്പെട്ട അബ്രഹാം ബൻഹറും, രാജന്റെ അച്ഛൻ ഈച്ചരവാര്യരും ഈ പുസ്തകത്തിലുണ്ട്. രാജന്റെ മൃതദേഹം കുഴിച്ചുമൂടുകയായിരുന്നുവെന്നും പിന്നീടത് മാന്തിയെടുത്ത് കുടൽ ചോർത്തി കോരപ്പുഴയുടെ അഴിമുഖത്തുനിന്നും കടലിലേക്ക് വലിച്ചെറിയുകയായിരുന്നുവെന്നും ആദ്യമായി വിളിച്ചുപറഞ്ഞ ബൻഹർ ചരിത്രത്തിന്റെ നോട്ടപ്പുള്ളിയായിമാറുകയായിരുന്നു. നേരത്തെ ബൻഹറിന്റെ വെളിപ്പെടുത്തലുകളോടെയാണ് രാജൻ ജീവിച്ചിരുപ്പില്ലെന്ന് പുറംലോകമറിയുന്നത്. അതുപോലെ, ഈച്ചരവാര്യരുടെ നിറകണ്ണുകൾ ലേഖകനോട് പറയുന്ന ഓരോ വാക്കും അധികാരരാഷ്ട്രീയത്തോടും അതിന്റെ ജീർണ്ണിച്ച പ്രതീകങ്ങളോടും വെറുപ്പു ഉവാക്കുന്നതായിത്തീരുന്നു. മാത്രമല്ല, പുത്രദു:ഖത്തിന്റെ തീരാവേദനയിൽ നീറിനീറി മരിച്ച ഒരച്ഛന്റെ ശാപം തീണ്ടിയതാണ് നമ്മുടെ അധികാരസിംഹാസനങ്ങൾ എന്നും ഈ പുസ്തകം പറയുന്നു.




**ഓർമ്മവഴിയിൽ ചിലർ**
ഡോ. രാജൻ ചുങ്കത്ത്
എച്ച് & സി ബുക്സ്, തൃശ്ശൂർ
വില:110

തമിഴ്നാട് മുഖ്യമന്ത്രി ജയലളിതയുടെ ആസ്ഥാനജ്യോതിഷിയും രാഷ്ട്രീയവൃന്ദങ്ങൾക്ക് അഭിമതനും ശബരിമല ദേവപ്രശ്നത്തോടെ വിവാദപുരുഷനുമായിത്തീർന്ന പരപ്പനങ്ങാടി ഉണ്ണികൃഷ്ണപ്പണിക്കർ, ഒരിക്കലും മതിവരാത്ത വയറുമായി, എന്നാൽ സസ്യാഹാരം മാത്രം നിഷ്ഠയാക്കിയ തൃശ്ശൂരിന്റെ സ്വന്തമായിരുന്ന റപ്പായിച്ചേട്ടൻ, കത്തോലിക്കാസഭയുടെ അനീതികളുമായി സന്ധിചേരാനാവാതെ പുരോഹിതപ്പട്ടം വലിച്ചെറിഞ്ഞ് ഭാര്യയും മക്കളുമായി ജീവിതം നയിക്കുന്ന ഫാ. ജോർജ്ജ് താമരക്കാട്, കോഴിക്കോട്ടെ ഹരിതവിപ്ലവത്തിന്റെ ആചാര്യൻ ശോഭീന്ദ്രൻ മാഷ് ഇങ്ങനെ നാം നേരിട്ടു കണ്ടുമുട്ടിയവരും അല്ലാത്തവരുമെല്ലാം ചുങ്കത്തിന്റെ ഈ പരിചയപ്പെടുത്തലിൽ അണിചേരുന്നുണ്ട്.

നിളയുടെ രക്ഷാപുരുഷന്മാരെന്ന് വിളിക്കാവുന്ന ടി എൻ എൻ ഭട്ടതിരിപ്പാട്, ഡോ. ദിനേശ് അറോറ ഐ എ എസ്, മനുഷ്യമനസ്സിന്റെ നിഗൂഢതകളിലേക്ക് സഞ്ചരിച്ച സൈക്കോ മുഹമ്മദ്, അർബുദപാതയിലെ പ്രണയസഞ്ചാരിയായ ഡോ. ഇ പി കൃഷ്ണമേനോൻ, ബഹുമുഖവിജ്ഞാനത്തിന്റെ ആൾരൂപമായ പൂമുള്ളി ആറാംതമ്പുരാൻ, ആനത്തമ്പുരാൻ എന്നറിയപ്പെടുന്ന ആവണപ്പറമ്പ് മഹേശ്വരൻ നമ്പൂതിരിപ്പാട് എന്നിങ്ങനെ ഈ പുസ്തകത്തിൽ നാമറിയേണ്ടതായ അനേകം ജീവിതങ്ങളും അവരെ ശ്രദ്ധേയരാക്കുന്ന അവരുടെ കർമ്മകാണ്ഡങ്ങളുമുണ്ട്. വളരെ എളുപ്പത്തിലും വേഗത്തിലും ഇവരെയെല്ലാം അടുത്തറിയാനാവുന്നുവെന്നതാണ് ഈ പുസ്തകത്തിന്റെ ചരിത്രപരമായ നിയോഗവും മേന്മയും. കുറച്ചുകൂടി വിശദമാക്കാമായിരുന്നുവെന്ന ഒരു മതിവരായ്കയാണ് ഈ പുസ്തകത്തിന്റെ പരിമിതി. ആ പരിമിതിയാണ് ചുങ്കത്തിന്റെ വിജയമെന്നും പറയാം. വായനയുടെ മറ്റൊരു വഴിയിലൂടെ നമ്മെ ആനയിക്കുന്ന ഈ പുസ്തകം ചരിത്രത്തിലേക്കു തന്നെയാണ് വഴികാട്ടുന്നത്.

---

ത്രത്തിന്റെ ഓർമ്മപ്പെടുത്തലായി.

1982 ലെ വിശാലഹിന്ദു സമ്മേളനത്തിന് തുടക്കം കുറിച്ചത് തന്ത്രിശ്രേഷ്ഠന്മാരായ പറവൂർ ശ്രീധരൻ തന്ത്രിയും സൂര്യകാലടി സൂര്യൻഭട്ടതിരിപ്പാടും ചേർന്ന് നടത്തിയ മഹാഗണപതിഹോമത്തോടെയായിരുന്നു. രണ്ട് വ്യത്യസ്ത പന്ഥാവിലൂടെ സഞ്ചരിച്ചിരുന്നവർ തന്ത്രശാസ്ത്ര വിദഗ്ധനായ പി. മാധവജിയുടെ സാന്നിധ്യത്തിൽ എല്ലാ ഭേദചിന്തകളും മറന്ന് ഒന്നിക്കുകയായിരുന്നു അന്ന്. ആ മഹാ സംഭവത്തിന്റെ പുനരാവിഷ്ക്കരണമെന്ന നിലയിൽ പിൻതലമുറക്കാരായ പറവൂർ രാകേഷ് തന്ത്രിയും സൂര്യകാലടിമന ജയസൂര്യൻ ഭട്ടതിരിപ്പാടുമാണ് ധർമ്മരക്ഷാ സംഗമവേദിയിൽ ഗണപതിഹോമത്തിന് ആചാര്യന്മാരായത്.

ധർമ്മരക്ഷയ്ക്കായി പൗരോഹിത്യത്തിന് ക്രിയാത്മകമായ സംഭാവനകൾ ചെയ്യാൻ കഴിയുമെന്ന ആത്മവിശ്വാസം ഇരുവരും പ്രകടിപ്പിച്ചു. മേധാവിത്വത്തിന്റെയും വിദ്വേഷത്തിന്റെയും പാതവെടിഞ്ഞ് സൗഹാർദ്ദവും സമന്വയവും വഴി ഐക്യം ഊട്ടി ഉറപ്പിക്കണമെന്ന സന്ദേശമാണ് ഗണപതിഹോമം നൽകിയത്.

ജയസൂര്യൻ ഭട്ടതിരിപ്പാട് ഓരോ നിലവിളക്കുകൾ ജ്വലിപ്പിച്ച് ചടങ്ങുകൾക്ക് തുടക്കമിട്ടു. പത്മമിട്ട ഹോമകുണ്ഡവേദിയിൽ രാകേഷ് തന്ത്രികൾ പൂജകൾ ഓരോന്നായി നടത്തിയപ്പോൾ മന്ത്രജപാദികൾ വഴി ചടങ്ങിന് സൂര്യൻ ഭട്ടതിരിപ്പാട് മിഴിവ് പകർന്നു. പ്രാർത്ഥനാനിർഭരമായ നിമിഷങ്ങൾ പങ്കുവെച്ച ഇരുവരും പൗരാഹിത്യത്തിന് ജാതിഭേദങ്ങളോ വിദ്വേഷവികാരങ്ങളോ ഇല്ലെന്ന സന്ദേശം സമൂഹത്തിന് നൽകി. ദീപാരാധനയ്ക്കുശേഷം ഇരുവരും സമാശ്ലേഷിച്ചുകൊണ്ട് തങ്ങളുടെ പിതാക്കന്മാർ വിശാലഹിന്ദു ഐക്യത്തിനുവേണ്ടി നടത്തിയ പ്രാർത്ഥനായജ്ഞത്തിന്റെ അഭിമാനകരമായ സ്മരണകൾ കൈമാറി.

# കൊല്ലവർഷം 1189-ാമാണ്ട് മേടമാസം എങ്ങനെ?




## വിശേഷദിവസങ്ങൾ

1-ന് വിഷ്ണുപദി പുണ്യകാലം. പൗർണ്ണമാസി ഒരിക്കൽ. 1, 2 തീയതികളിൽ തിരുനെല്ലി ഉത്സവം. 2-ന് വിഷു. 5-ന് വ്യതിപാതപുണ്യകാലം. 6-ന് വരാഹജയന്തി. 8-ന് അശുഭയോഗം. 12-ന് ഏകാദശി പകൽ 12.9 മിനിട്ടു മുതൽ രാത്രി 11.29 മിനിട്ടുവരെ ഹരിവാസരം. 13-ന് പ്രദോഷവ്രതം. 14-ന് വൈധൃതി പുണ്യകാലം. മത്സ്യജയന്തി. 17-ന് വൈശാഖമാസാരംഭം. 19-ന് അക്ഷയതൃതീയ. ബലരാമജയന്തി. 21-ന് ശ്രീശങ്കരജയന്തി. 22-ന് ഷഷ്ഠിവ്രതം. 26-ന് തൃശ്ശൂർപൂരം, 27-ന് ഏകാദശിവ്രതം. 28-ന് പ്രദോഷവ്രതം. 30-ന് ശ്രീബുദ്ധപൂർണ്ണിമ. വ്യതിപാത പുണ്യകാലം. 31-ന് പൗർണ്ണമി ഒരിക്കൽ.

| | | | |
|---|---|---|---|
| ര<br>ബു | ശി | | ഗു |
| ശു | ര - 1 - 2.15 മേടം<br>ബു - 7 - 28.7 മേടം<br>ബു - 21 - 39.41 എടവം<br>ശു - 14 - 45.55 മീനം | | |
| | | | |
| | | സ<br>മ | ച<br>കു |

**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)**

ഗുണദോഷമിശ്രഫലം. മേലധികാരികളും തൊഴിലുടമകളുമായി ഉരസൽ. പുതിയ ഉത്തരവാദിത്വങ്ങൾ തലയിൽവരിക, സഹപ്രവർത്തകർ തമ്മിൽ വാക്കുതർക്കം, സാമ്പത്തിക നേട്ടങ്ങൾ, തൊഴിൽമേഖല, വികസനം, ഭൂമി, വസ്തുവഹകൾ വാങ്ങുക എന്നി ഫലങ്ങൾ പ്രതീക്ഷിക്കാം. മത്സരപരീക്ഷകളിലും വ്യവഹാരങ്ങളിലും വിജയിക്കാം. ഗൃഹത്തിൽ മംഗളകർമ്മങ്ങൾ നടക്കാം. പുണ്യക്ഷേത്രങ്ങളും വ്യക്തികളുമായി ബന്ധപ്പെടാം.

**എടവക്കൂറ് (കാർത്തിക 3/4, രോഹിണി, മകയിരം 1/2)**

സ്വജനകലഹം, നേത്രരോഗങ്ങൾ, സാമ്പത്തികപ്രയാസങ്ങൾ എന്നിവ ഫലം. എങ്കിലും ഗുരുസ്ഥാനികരുടെ അനുഗ്രഹം, മംഗളകർമ്മങ്ങളിൽ പങ്കാളികളാവുക, ബന്ധുഗുണം, സാമ്പത്തികനേട്ടങ്ങൾ, മത്സരപരീക്ഷകളിൽ ജയം, വ്യവഹാരവിജയം, സന്താനങ്ങളാൽ മനഃസമാധാനം, കളത്രഗുണം എന്നിവയും ഗൃഹത്തിൽ മംഗളകർമ്മങ്ങൾ നടക്കുവാനും യോഗം കാണുന്നു.

**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4)**

ഏറ്റവും അനുകൂലസമയംതന്നെ. സൽകീർത്തിയും ധനലാഭവും പുതിയ പ്രവർത്തനമേഖലകളും ബന്ധുസഹായബലവും ആരോഗ്യവർദ്ധനയും ഫലം. തൊഴിൽരംഗത്ത് ഉയർച്ച, മേലധികാരികളുടെ പ്രീതി, സഹപ്രവർത്തകർ തമ്മിൽ രഞ്ജിപ്പ്, ഗൃഹത്തിൽ മംഗളകർമ്മങ്ങൾ നടക്കുക, ഗുരുതുല്യരുമായി ബന്ധപ്പെടുക, പുണ്യക്ഷേത്രങ്ങൾ ദർശിക്കുക, വ്യവഹാരവിജയം, സന്താന ഉയർച്ച ഫലം.

**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)**

അനുകൂലസമയം. സൽകീർത്തിയും സാമ്പത്തിക ഉയർച്ചയും രോഗക്ലേശത്തിൽനിന്നും മോചനവും ബന്ധുബലവും പുതിയ തൊഴിൽരംഗവുമായി ബന്ധപ്പെടുവാനും മത്സരപരീക്ഷകളിൽ മികച്ച വിജയവും വ്യവഹാരവിജയവും വിവാഹാദി മംഗളകർമ്മങ്ങൾ നടക്കുവാനും സമയം നന്ന്. വാഹന - ഗൃഹനിർമ്മാണ സമയം തന്നെ.

**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4)**

പൊതുവെ അനുകൂലം. സാമ്പത്തിക ഉയർച്ചയും വസ്തുവഹകൾ വാങ്ങുവാനും ഗൃഹനിർമ്മാണത്തിനും വാഹനങ്ങൾ വാങ്ങുവാനും സമയം നന്ന്. തൊഴിൽരംഗത്ത് ഉയർച്ചയും വിദേശയാത്രാഗുണവും കാണുന്നു. ഗൃഹത്തിൽ മംഗളകർമ്മങ്ങൾ നടക്കാം. മത്സരപരീക്ഷകളിൽ മികച്ച വിജയം, വ്യവഹാരജയം എന്നിവ കാണുന്നു. കളത്രാരിഷ്ടത അല്പം മനഃപ്രയാസം ഉണ്ടാക്കും.

**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)**

ഗുണദോഷമിശ്രഫലം. സന്താനങ്ങളിൽ, പ്രത്യേകിച്ച് മത്സരപരീക്ഷകളിലുള്ള അവരുടെ നേട്ടങ്ങൾ സന്തോഷം നൽകും. എങ്കിലും നേത്ര-ഉദര രോഗങ്ങളും അപ്രീതിയും സഹപ്രവർത്തകരും മേലധികാരികളിൽനിന്നും ദുരനുഭവങ്ങൾ കാണുന്നു. ധാരാളം സഞ്ചാരവും ആരോഗ്യക്ഷയവും ഗുരുജന വേർപാടും ഫലം.

**തുലാക്കൂറ് (ചിത്തിര 1/2, ചോതി, വിശാഖം 3/4)**

ഗുണദോഷമിശ്ര ഫലങ്ങൾ പ്രതീക്ഷിക്കാം. വളരെക്കാലമായി ആഗ്രഹിക്കുന്ന സന്താനസൗഖ്യം അനുഭവിക്കാനുള്ള യോഗം കാണുന്നു. എങ്കിലും തൊഴിൽരംഗത്ത് പരാജയവും സാമ്പത്തിക കഷ്ടനഷ്ടങ്ങളും മനോദുഃഖവും വഞ്ചനകളിലും ചതിയിലും പെടുക, വിലപ്പെട്ട വസ്തുവഹകൾ അന്യാധീനപ്പെടുക, ആരോഗ്യം പോരായ്ക, മത്സരപരീക്ഷകളിലും വ്യവഹാരങ്ങളിലും പരാജയം, ഗൃഹനിർമ്മാണശ്രമങ്ങൾ തടസ്സപ്പെടാം, സഹോദരശത്രുത കാണാം.

**വൃശ്ചികക്കൂറ് (വിശാഖം 1/4, അനിഴം, തൃക്കേട്ട)**

ഗുണദോഷമിശ്ര ഫലങ്ങൾ. കളത്രഗുണം, ആരോഗ്യപുഷ്ടി എന്നീ ഗുണങ്ങളും തൊഴിൽരംഗത്ത് പരാജയം, മേലധികാരികളുടെ ഇടപെടൽ, തൊഴിൽനഷ്ടം, ദൂരസ്ഥലങ്ങളിലേക്കുള്ള മാറ്റങ്ങൾ, ബന്ധുക്കൾ തമ്മിൽ കലഹം. ഗൃഹത്തിൽ മാതൃദുഃഖം, വാഹനാപകടങ്ങൾ, നിശ്ചയിച്ചുറപ്പിച്ച മംഗളകർമ്മങ്ങൾക്ക് കാലതാമസം എന്നിവ ഫലം.

**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം 1/4)**

പുതിയ തൊഴിൽരംഗവുമായി ബന്ധപ്പെടുക, സാമ്പത്തികരംഗത്ത് ഉയർച്ച, വസ്തുവാഹനങ്ങൾ വാങ്ങുക, ഗൃഹനിർമ്മാണം പുരോമിക്കുക, ബന്ധുബലവും സഹോദരഗുണവും ആരോഗ്യപുഷ്ടിയും ഫലം. എങ്കിലും സന്താനങ്ങളാൽ ദുഃഖം, പഠിപ്പിൽ അലസത, ആരോഗ്യപ്രശ്നങ്ങൾ അലട്ടാം.

**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)**

ഗുണദോഷമിശ്ര ഫലങ്ങൾ. തൊഴിൽസാദ്ധ്യത കൂടുന്നു. ഉള്ള തൊഴിലിൽ സ്ഥാനക്കയറ്റം, മേലധികാരികളുടെ പ്രീതി, ആനുകൂല്യങ്ങൾ എന്നിവ കാണാം. മത്സരപരീക്ഷകളിൽ വിജയം, ശത്രുജയം, വ്യവഹാര വിജയം എന്നിവ ഫലം. എങ്കിലും കളത്രാരിഷ്ടത കാണുന്നു. ഉദരരോഗം ശ്രദ്ധിക്കുക.

**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരുരുട്ടാതി 3/4)**

വസ്തു-വാഹനങ്ങൾ വാങ്ങാം. ഗൃഹനിർമ്മാണം നടക്കും. തൊഴിൽരംഗത്ത് ഉയർച്ച, സ്ഥാനക്കയറ്റം, ബന്ധുബലം, ഗുരുസ്ഥാനികരുടെ അനുഗ്രഹം, മംഗളകർമ്മങ്ങളിൽ പങ്കെടുക്കുക, പുണ്യക്ഷേത്രങ്ങൾ ദർശിക്കുക, വ്യവഹാരവിജയം, പരീക്ഷാജയം, ദൂരദേശസഞ്ചാരം, വാഹനാപകടം സൂക്ഷിക്കുക.

**മീനക്കൂറ് (പൂരുരുട്ടാതി 1/4, ഉതൃട്ടാതി, രേവതി)**

ഗൃഹത്തിൽ മംഗളകർമ്മങ്ങൾ നടക്കുക, സാമ്പത്തികവ്യയം അധികരിക്കും, തൊഴിൽരംഗത്ത് തകർച്ച, സഹോദരദുഃഖം, കലഹം, കളത്രഗുണം, മത്സരപരീക്ഷകളിൽ ജയം, വ്യവഹാരവിജയം, വാഹനങ്ങൾ വാങ്ങുവാനും ഗൃഹനിർമ്മാണത്തിനും യോഗം കാണുന്നു. ഗൃഹത്തിൽ മാതൃ-ബന്ധുക്കൾക്ക് ജീവഹാനി ഫലം.

Printed & Published by P.S. Kashiviswanathan for Viswahindu Parishad, Kerala
from Hindu Samskarika Kendram, Pavakkulam Temple Complex, Kaloor, Kochi - 682 017
and printed at Ayodhya Printers, 35/114, Elamakkara, Kochi-682 026.
Editor : K. SUNEESH